POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 2

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
**BADAR** Qadian
Malayalam

ലക്കം 40

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ഒക്ടോബർ 05/ഹി:ശം:1396 ഇഖാ 05/ഹി:ഖ: 1439 മുഹർറം 14

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 01-09-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ(ലണ്ടൻ)നിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണ രൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**കൊലപാതകം തുടങ്ങിയ പദ്ധതികളിൽനിന്ന് ഞാൻ രക്ഷിക്കപ്പെടുമെന്ന് ബറാഹിനെ അഹ്മദിയ്യായിൽ എന്നെ സംബന്ധിച്ച് അല്ലാഹുവിന്റെ ഈ പ്രവചനമുണ്ട്. അങ്ങനെ ഇന്നുവരെ നിരവധി ആക്രമണങ്ങൾ ഉണ്ടായിട്ടും അല്ലാഹു ശത്രുക്കളുടെ ഉപദ്രവത്തിൽനിന്ന് എന്നെ രക്ഷിച്ചു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**52-ാമത്തെ ദൃഷ്ടാന്തം:** പണ്ഡിറ്റ് ദയാനന്ദസരസ്വതി ആര്യസമാജക്കാരുടെ ഗുരു എന്ന നിലയ്ക്കുള്ളയാളാണ്. അദ്ദേഹത്തിന്റെ ഫിത്ന അതിരുകടന്നപ്പോൾ ഇപ്പോൾ അദ്ദേഹത്തിന്റെ ജീവിതം അവസാനിക്കുന്നതായി എനിക്ക് കാണിക്കപ്പെട്ടു. അങ്ങനെ ആ വർഷംതന്നെ അദ്ദേഹം മരണപ്പെടുകയും ചെയ്തു. ഞാൻ ഈ പ്രവചനം ഖാദിയാൻവാസി ശരംപത്ത് എന്ന പേരുള്ള ഒരു ആര്യസമാജക്കാരനോടു അത് പുലരുന്നതിനുമുമ്പേ പറഞ്ഞിരുന്നു. അയാൾ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ട്.

**53-ാമത്തെ ദൃഷ്ടാന്തം:** അതേ ശരംപത്തിന്റെ സഹോദരൻ ബിസംബർദാസ് എന്നപേരുള്ള ആൾ ഒരു ക്രിമിനൽകേസിൽ ഒന്നര വർഷം തടവിലായിരുന്നു. അപ്പോൾ ശരംപത്ത് തന്റെ ഗതിമുട്ടിയ അവസ്ഥയിൽ എന്നോട് ദുആയ്ക്കുവേണ്ടി അപേക്ഷിച്ചു. അങ്ങനെ ഞാൻ അയാൾക്കുവേണ്ടി ദുആ ചെയ്തു. അതിനുശേഷം ഞാൻ സ്വപ്നം കണ്ടു, തടവുകാരുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിച്ച ഓഫീസിൽ ഞാൻ പോയിരിക്കുന്നു. ആ രജിസ്റ്ററുകളിൽ ഓരോ തടവുകാരന്റേയും തടവിന്റെ കാലാവധി എഴുതിയിരുന്നു. അപ്പോൾ ഞാൻ ബിസംബർദാസിന്റെ തടവിനെക്കുറിച്ച് എഴുതിയിട്ടുള്ള രജിസ്റ്റർ തുറന്നു. അതിൽ ഇത്രനാളാണ് ബിസംബർ ദാസിന്റെ തടവെന്ന് എഴുതിയിരുന്നു. ഞാൻ എന്റെ കൈകൊണ്ട് അയാളുടെ പകുതി തടവ് വെട്ടിക്കളഞ്ഞു. അയാളുടെ തടവിനെ സംബന്ധിച്ച് ചീഫ്കോർട്ടിൽ അപ്പീൽ ചെയ്യപ്പെട്ടപ്പോൾ കേസിന്റെ അവസാനം, കേസിന്റെ ഫയലുകൾ ജില്ലയിൽ തിരിച്ചെത്തുമെന്നും ബിസംബർദാസിന്റെ തടവ് പകുതി ഇളവാകുമെന്നും എന്നാൽ, അയാൾ മോചിതനാകുകയില്ലെന്നും എനിക്ക് കാണിക്കപ്പെട്ടു. ഞാൻ എല്ലാ അവസ്ഥകളും അയാളുടെ സഹോദരൻ ലാലാ ശരംപത്തിനോടു അതു പുലരുന്നതിനുമുമ്പേ പറഞ്ഞിരുന്നു. അവസാനം അങ്ങനെതന്നെ അതായത് ഞാൻ പറഞ്ഞതുപോലെ പുലർന്നു.

**59-ാമത്തെ ദൃഷ്ടാന്തം:** ശേയ്ഖ് മെഹർ അലി ഹോശിയാർപൂരിയെ സംബന്ധിച്ചുള്ള പ്രവചനമാണ് 59-ാമത്തെ ദൃഷ്ടാന്തം. അദ്ദേഹത്തിന്റെ വീടിന് തീപിടിച്ചിരിക്കുന്ന തായി ഞാൻ സ്വപ്നം കണ്ടു. അത് ഞാൻ അണച്ചു. അവസാനം എന്റെ ദുആ മുഖേന അയാൾ മോചിതനാകുമെന്നതിലേക്കുള്ള സൂചനയായിരുന്നു അത്. എല്ലാ പ്രവചനങ്ങളും ഞാൻ കത്തിലെഴുതി ശേയ്ഖ് മെഹർ അലിക്ക് അറിയിച്ചു. അതിനുശേഷം അയാൾക്ക് പ്രവചനമനുസരിച്ച് തടവിന്റെ മുസീബത്ത് വന്നു. തടവിനുശേഷം പ്രവചനത്തിന്റെ രണ്ടാമത്തെ ഭാഗമനുസരിച്ച് അയാൾ മോചിതനുമായി.

**60-ാമത്തെ ദൃഷ്ടാന്തം:** പിന്നീട് ശേയ്ഖ് മെഹർ അലിയെ സംബന്ധിച്ച് അദ്ദേഹം മറ്റൊരു കഠിനമായ നാശത്തിൽ അകപ്പെടുമെന്നുള്ള പ്രവചനവും ചെയ്യപ്പെട്ടു. പിന്നീട് അദ്ദേഹത്തിന് പക്ഷവാതം ബാധിച്ചു. അതിനുശേഷമുള്ള അദ്ദേഹത്തിന്റെ അവസ്ഥയെക്കുറിച്ച് അറിയില്ല.

**61-ാമത്തെ ദൃഷ്ടാന്തം:** പരേതനായ എന്റെ സഹോദരൻ മിർസാ ഗുലാം ഖാദിറിന്റെ വഫാത്തിനെ സംബന്ധിച്ചുള്ള പ്രവചനമാണ് 61-ാമത്തെ ദൃഷ്ടാന്തം. ഇതിൽ എന്റെ ഒരു മകനിൽനിന്ന് അന്യരെ സംബന്ധിച്ച ഒരു ചരിത്ര സംഭവം എന്ന നിലയിൽ എനിക്ക് ഇങ്ങനെ ഇൽഹാമുണ്ടായി. *ഏ അമീ ബാസിയേ ഖവേശ് കർദി വ മരാ അഫ്സോസ് ബസിയാരെ ദാദീ.* ഈ പ്രവചനവും അതേ ശരംപത്ത് എന്ന ആര്യസമാജക്കാരനെ പുലരുന്നതിനു മുമ്പേ കേൾപ്പിച്ചിരുന്നു. ആ ഇൽഹാമിന്റെ ഉദ്ദേശ്യം എന്റെ സഹോദരന് അകാലത്തിലും യാദൃച്ഛികമായും മരണമുണ്ടാകും എന്നായിരുന്നു; അത് വിഷമത്തിന് കാരണമാകും. ഈ ഇൽഹാം ഉണ്ടായപ്പോൾ ആ ദിവസമോ അല്ലെങ്കിൽ ഒരു ദിവസം മുമ്പേയോ മേൽപറഞ്ഞ ശരംപത്തിന്റെ വീട്ടിൽ ഒരു ആൺകുട്ടി പിറന്നു. അതിന് അദ്ദേഹം അമീൻചന്ദ് എന്ന് പേരിട്ടു. തന്റെ വീട്ടിൽ ഒരാൺകുട്ടി ജനിച്ചിരിക്കുന്നുവെന്നും അവന്റെ പേര് അമീൻചന്ദ് എന്നിട്ടിരിക്കുന്നുവെന്നും അദ്ദേഹം എന്റെ അടുത്തുവന്ന് പറഞ്ഞപ്പോൾ, *ഏ അമീ ബാസിയേ ഖവേശ് കർദി വ മരാ അഫ്സോസ് ബസിയാരെ ദാദീ* എന്ന് എനിക്കിപ്പോൾ ഇൽഹാം ഉണ്ടായതേയുള്ളൂവെന്ന് ഞാൻ പറഞ്ഞു. ഈ ഇൽഹാമ ല്ലാതെ എന്നിൽ അതിന്റെ അർഥം തുറക്കപ്പെട്ടിട്ടില്ല. ഇതുകൊണ്ടുള്ള ഉദ്ദേശ്യം നിന്റെ മകൻ അമീൻചന്ദാണോ എന്ന് ഞാൻ ഭയപ്പെടുന്നു. കാരണം നീ എന്റെയടുക്കൽ അധികമായിവന്നുപോയും ഇരിക്കുന്നയാളാണ്. ഇൽഹാമുകളിൽ ചിലപ്പോൾ ബന്ധമുള്ള ആളെ സംബന്ധിച്ചും യാദൃശ്ചികമായി ഇൽഹാം ഉണ്ടാകാം. അയാൾ ഞാൻ പറഞ്ഞ ഇക്കാര്യം കേട്ട് ഭയന്നു. അയാൾ വീട്ടിൽ ചെന്നയുടനെ തന്റെ മകന്റെ പേര് മാറ്റി. അതായത് അമീൻചന്ദ് എന്നതിനുപകരം ഗോകുൽചന്ദ് എന്നാക്കി. ആ ആൺകുട്ടി ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ഈ നാളുകളിൽ ഏതോ ജില്ലയിലെ ഭൂമിഇടപാട് ഓഫീസിൽ ജോലിക്കാരനാണ്. അതിനുശേഷം ഈ ഇൽ

ശേഷം പേജ് 10ൽ

## 123-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 123-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2017 ഡിസംബർ 29,30,31(വെള്ളി, ശനി, ഞായർ)തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

*(നാളിർ ഇസ്ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഇൻഫാഖ് ഫീ സബീലില്ലാഹ്
# ദൈവമാർഗത്തിൽ ചെലവഴിക്കൽ

(നാലാം ഭാഗം)

മൗലാനാ അത്വാഉൽ മുജീബ് റാശിദ് (ഇമാം മസ്ജിദ് ഫദ്ൽ ലണ്ടൻ.)

പരിഭാഷ:അമീൻ മുഹമ്മദ് മാത്ര

**38-ാം ലക്കം തുടർച്ച**

ഞാൻ ഇപ്പോൾ വായിച്ച ഹദ്റത്ത് അബൂബക്കർ(റ)ന്റേയും ഹദ്റത്ത് ഉമർ(റ)ന്റേയും സംഭവങ്ങളിൽനിന്ന് അവസാനം വന്നവരുടെ കൂട്ടത്തിൽപ്പെടുന്ന ഹദ്റത്ത് മിയാ ശാദി ഖാൻ സാഹിബ്(റ)നെ ഓർമ വരുന്നു. സിയാൽ കോട്ടിലെ വിറകു കച്ചവടക്കാരനായ അദ്ദേഹം അല്ലാഹുവിൽ വളരെയധികം അർപണം(തവക്കുൽ) ചെയ്ത വ്യക്തിയായിരുന്നു. ഞെരിഞ്ഞു നീങ്ങിയ ജീവിതം; പക്ഷേ, ഹൃദയംകൊണ്ട് രാജാവ്. അല്ലാഹുവിൽ ലയിച്ച ഈ മനുഷ്യന്റെ ജീവിത മാതൃക നോക്കുക. ഒരവസരത്തിൽ തന്റെ വീട്ടിലുണ്ടായിരുന്ന സർവ്വ സാധനങ്ങളും വിറ്റുകിട്ടിയ നൂറ്റമ്പത് രൂപയുടെകൂടെ ഇരുന്നൂറു രൂപയും കൂട്ടി ഹുദൂറിന്റെ സന്നിധിയിൽ സമർപിച്ചു. ഇക്കാലഘട്ടം നോക്കുമ്പോൾ അത് വളരെ വലിയൊരു ത്യാഗമായിരുന്നു. ഈ സംഭവത്തിൽ സന്തോഷം പ്രകടിപ്പിച്ചുകൊണ്ടു ഒരു സദസിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'മിയാൻ ശാദി ഖാൻ തന്റേതായ സർവ്വതും സമർപിച്ചിരിക്കുന്നു.യഥാർഥത്തിൽ ഹദ്റത്ത് അബൂബക്കർ(റ) ചെയ്ത പ്രവർത്തിയാണ് ഇദ്ദേഹം ചെയ്തത്. (മജ്മൂഅ ഇശ്തിഹാറാത്ത് വാള്യം 3 പേജ് 315)

മിയാൻ ശാദി ഖാൻ സാഹിബ്(റ) ഇതു കേട്ടതും നേരേ വീട്ടിലേക്ക് പോയി. നാലു ഭാഗത്തും കണ്ണോടിച്ചു. വീടുമുഴുവൻ കാലിയായിട്ടുണ്ടായിരുന്നു. ഏതാനും കട്ടിലുകൾ മാത്രം ബാക്കിയുണ്ട്. ഉടൻ അവയും വിറ്റു. ആ തുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുന്നിൽ സമർപിച്ചു. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധ വദനത്തിൽനിന്ന് പുറപ്പെട്ട ഓരോ വാക്കും അന്വർഥമാക്കി!

സർവവും സമർപിച്ച ഈ സേവകനെ പിന്നീട് എങ്ങനെയാണ് അല്ലാഹു കടാക്ഷിച്ചതെന്ന് നോക്കുക. അദ്ദേഹം വഫാത്തായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) അന്ത്യവിശ്രമം കൊള്ളുന്ന ബിഹിശ്തി മഖ്ബറയിലെ ഖബറിടത്തിൽ നിന്ന് ഏതാനും അടി ദൂരത്ത് അദ്ദേഹവും ഖബ്റടക്കപ്പെട്ടു. പിൽക്കാലത്ത് അദ്ദേഹത്തിന്റെ ഖബ്ർ അനുഗൃഹീതമായ ചുറ്റുമതിലിനുള്ളിലാവുകയും ചെയ്തു!

ദൈവമാർഗത്തിൽ ചെലവു ചെയ്യാനുള്ള സൗഭാഗ്യം കിട്ടുന്നത് അല്ലാഹുവിൽ സർവവും സമർപിക്കാനുള്ള (തവക്കുൽ അലല്ലാഹ്)അനുഗ്രഹം ലഭിക്കുന്നവർക്കാണ്. ഇതു വിഷയമായി ഹദ്റത്ത് സൂഫി അഹ്മദ് ജാൻ സാഹിബ് ലുധിയാനവി(റ)ന്റെ സുന്ദരമായ മാതൃക സ്മരണാർഹമാണ്. അദ്ദേഹത്തിന്റെ മകൻ ഹദ്റത്ത് പീർ ഇഫ്തിഖാർ അഹ്മദ് സാഹിബ്(റ) പറയുന്നു: 'ഞങ്ങളുടെ വീട്ടിൽ ഭക്ഷണമെന്ന നിലയിൽ ഒന്നുമുണ്ടായിരുന്നില്ല. എന്റെ പിതാവ് ഗോതമ്പോ മറ്റുവല്ലതുമോ ഉണ്ടോയെന്ന് എന്റെ ഉമ്മായോടു ചോദിച്ചു. ഇല്ലെന്ന മറുപടിയാണ് കിട്ടിയത്. വിറകുണ്ടോ എന്ന ചോദ്യത്തിനും അതേ മറുപടിയായിരുന്നു. അദ്ദേഹം പോക്കറ്റിൽ കൈയിട്ടു. രണ്ടു രൂപ മാത്രമേയുണ്ടായിരുന്നുള്ളു. ഇത് ഇത്രയും സാധനങ്ങൾക്ക് മതിയാകില്ലല്ലോ എന്നദ്ദേഹം സ്വയം പറഞ്ഞു. എന്നിട്ട് പറഞ്ഞു: ഈ രണ്ടു രൂപകൊണ്ട് കച്ചവടം ചെയ്യാം. ഇതും പറഞ്ഞ് തന്റെ കൈയിലുണ്ടായിരുന്ന രണ്ടു രൂപ ഏതോ പാവപ്പെട്ടവന് കൊടുത്ത് നമസ്കരിക്കാൻ പോയി. പോകുന്ന വഴിയിൽത്തന്നെ അല്ലാഹു പത്തു രൂപ അയച്ചു കൊടുത്തു. മടങ്ങി വന്ന്പറഞ്ഞു: 'ഞാൻ കച്ചവടം നടത്തി വന്നിരിക്കുകയാണ്. ഇനി സാധനങ്ങളെല്ലാം വാങ്ങിക്കൊള്ളുക.' അല്ലാഹുവിന്റെ വഴിയിൽ ധനം നൽകുന്നതുകൊണ്ട് അത് കുറയുകയല്ല: വർധിക്കുകയാണ് ചെയ്യുന്നത്. (ഇൻആമാത്തെ ഖുദാവിന്ദ് കരീം, ഹദ്റത്ത് പീർ ഇഫ്തിഖാർ അഹ്മദ് പേജ് 221-222,)

ദീനിന്റെ വഴിയിൽ സാമ്പത്തിക ത്യാഗം ചെയ്യുന്നതിന്റെ മഹത്തായ ഒരു ഉദാഹരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായ ഹദ്റത്ത് ചൗദ്രി മുഹമ്മദ് സഫ്റുല്ലാഹ് ഖാൻ സാഹിബ്(റ)ന്റേതാണ്. 1960 കാലഘട്ടത്തിൽ അഹ്മദിയ്യാ ജമാഅത്ത് ബ്രിട്ടന്റെ രണ്ട് പഴയ കെട്ടിടങ്ങൾ പൊളിച്ച് അവിടെ ഒരു വലിയ ഹാളും ഓഫീസുകളും താമസ സൗകര്യത്തിന് രണ്ടു വലിയ വീടുകളും ചെറിയ ഫ്ളാറ്റും നിർമിക്കാനുള്ള നിർദ്ദേശം വന്നിരുന്നു. ഈ നിർമാണ പ്രവൃത്തിക്കുവേണ്ടിവരുന്ന ഒരു ലക്ഷം പൗണ്ട് ജമാഅത്തിന്റെ കൈവശം ഉണ്ടായിരുന്നില്ല. ജമാഅത്തിന്റെ ആവശ്യങ്ങൾ നേരിടാൻ ബാങ്കിൽ നിന്ന് പലിശക്ക് പണമെടുക്കുക എന്ന രീതി ജമാഅത്തിനില്ലതാനും. വളരെയധികം കൂടിയാലോചനകൾക്കും ശ്രമങ്ങൾക്കും ശേഷവും ഒരു മാർഗവും കാണാതെ വന്നപ്പോൾ ഘട്ടം ഘട്ടമായി തിരിച്ചടക്കാമെന്ന വ്യവസ്ഥിതിയിൽ ഈ തുക കടംതരാൻ സാധിക്കുമോയെന്ന് ചൗദ്രി സഫറുല്ലാഹ് ഖാൻ സാഹിബ്(റ)നോട് ചോദിച്ചു. അദ്ദേഹം അതിനു സമ്മതിക്കുകയും ചെയ്തു. അദ്ദേഹം ഒരു ലക്ഷം പൗണ്ട് നൽകുമെന്നും ഒരു നിശ്ചിത കാലാവധിക്കുള്ളിൽ ഈ തുക ജമാഅത്ത് തിരിച്ചടക്കുന്നതാണെന്നും ഖുർആനിക അധ്യാപനമനുസരിച്ച് കരാറുണ്ടാക്കി. ഒരു ദിവസം വൈകുന്നേരം കരാറെഴുതിയ പേപ്പർ ചൗദ്രി സാഹിബിന് നൽകി. താൻ വായിച്ചതിനുശേഷം ഒപ്പിട്ടു നാളെ തരാമെന്ന് അദ്ദേഹം പറഞ്ഞു. അടുത്ത ദിവസം രാവിലെ ചൗദ്രി സാഹിബ് പറഞ്ഞു:'ഞാൻ ഇതു സംബന്ധമായി ആലോചിച്ചു.. എന്റെ മനസ്സ് എന്നോടു പറഞ്ഞു, 'സഫറുല്ലാഹ് ഖാൻ! ഇന്ന് നിന്റെ പക്കലുള്ളതെല്ലാം അഹ്ദിയ്യത്ത് മുഖേന നിനക്കു ലഭിച്ചത്. അതെല്ലാം അഹ്മദിയ്യത്തിന്റെ അനുഗ്രഹമാണ്. നിനക്ക് ഉപകാരം ചെയ്ത ഈ ജമാഅത്തിന് തിരിച്ചടക്കണമെന്ന നിബന്ധനയോടെ ഇപ്പോൾ നീ കടം കൊടുക്കാൻ പോകുകയാണോ? എന്റെ മനസ്സ് എന്നെ വല്ലാതെ പഴിച്ചു. ഞാനെന്റെ തീരുമാനത്തിൽ വളരെ ലജ്ജിതനായി. ഒരുപാട് ഇസ്തിഗ്ഫാർ ചെയ്തു. ഉടൻതന്നെ കടമായിട്ടല്ലാതെ ഒരു ഉപഹാരമെന്ന നിലയിൽ ആവശ്യപ്പെട്ട തുക ജമാഅത്തിന് നല്കുമെന്ന് ഞാൻ തീരുമാനിച്ചു. ഇതു പറഞ്ഞുകൊണ്ട് അദ്ദേഹം ആ കരാർ പത്രിക കീറിക്കളഞ്ഞു.ഒരു ലക്ഷം പൗണ്ടിന്റെ ചെക്ക് അപ്പോൾത്തന്നെ ജമാഅത്തിന് കൈമാറുകയും ചെയ്തു. ഇതോടൊപ്പം ഈ തുക നൽകിയ വിവരം തന്റെ ജീവിത കാലത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമനോടല്ലാതെ മറ്റാരോടും പറയരുതെന്നും അദ്ദേഹം അപേക്ഷിച്ചു. ത്യാഗം, വിനയം, നിഷ്കളങ്കത എന്നിവക്ക് എത്ര മഹത്തായ മാതൃക.!

ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ സ്വഹാബാക്കളിൽ സാമ്പത്തികത്യാഗത്തിന്റെ വികാരം എത്രമാത്രം ദൃഢമായിരുന്നുവെന്നാൽ പുതിയ പുതിയ രീതികളിൽ അവ പരിണമിച്ചുകൊണ്ടിരുന്നു. അനിതരസാധാരണമായ നിലയിൽ ത്യഗത്തിന്റെ വികാരം കാണാൻ കഴിയുന്ന ഒരു ദാഹരണം സമർപിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സ്വഹാബി സായീൻ ദീവാൻ ശാഹ് സാഹിബ്(റ) താൻ നിരന്തരം ഖാദിയാനിൽ വരാനുള്ള കാരണം ഇങ്ങനെ വിശദീകരിക്കുന്നു:

"ഞാൻ വളരെ പാവപ്പെട്ടവനാണ്. ചന്ദ കൊടുക്കാൻ കഴിയില്ല. അതിനാൽ, ലങ്കർഖാനയിലെ കയറ്റുകട്ടിലുകൾ നെയ്യാനും അങ്ങനെ എന്റെ തലയിൽ നിന്ന് ചന്ദയുടെ ബാധ്യത ഇറങ്ങാനുമാണ് ഞാൻ ഖാദിയാനിൽ പോകുന്നത്." (അസ്ഹാബ് അഹ്മദ്, വാള്യം 13 പേജ്-9)

ധനത്തിന് ആവശ്യം ഉണ്ടായിരിക്കേ മതപരമായ ആവശ്യങ്ങൾക്ക് പ്രാമുഖ്യം നൽകാനും ദൈവവഴിയിൽ ചെലവു ചെയ്യാനും സാധിക്കുകയെന്നുള്ളത് വളരെ ധൈര്യം ആവശ്യപ്പെടുന്നതും മഹത്തായ പ്രതിഫലത്തിന് കാരണമാകുന്നതുമായ കാര്യമാണ്. എന്നാൽ, സാമ്പത്തിക ഞെരുക്കം ഉണ്ടായിരിക്കെ ദൈവത്തിന്റെ വഴിയിൽ ചെലവു ചെയ്യൽ എന്നല്ല, തന്റേതെല്ലാം സമർപിക്കുകയെന്നത് വളരെ ക്ഷമയും ത്യാഗവും അനിവാര്യമായിത്തീരുന്ന ഉന്നത സ്ഥാനമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മറ്റൊരു സ്വഹാബിയുടെ ഉദാഹരണം സമർപിക്കുകയാണ്. ഇദ്ദേഹത്തെ കാണാനുള്ള സൗഭാഗ്യം ഈ വിനീതന് ലഭിച്ചിട്ടുണ്ട്.

ഹദ്റത്ത് ബാബു ഫഖീർ അലി സാഹിബ്(റ) അമൃതസറിലായിരിക്കുമ്പോൾ ചന്ദ വാങ്ങിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഭാഗത്തു നിന്നുള്ള വ്യക്തി വന്നു. റൊക്കം പണം അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നില്ല. അരസേറിന്നടുത്ത് ഗോതമ്പ് പൊടിമാത്രമായിരുന്നു ഇരുമ്പ് പെട്ടിയിലുണ്ടായിരുന്നത്. അദ്ദേഹം അത് നൽകുകയും രാത്രി മുഴുവനും അദ്ദേഹവും കുടുംബവും പട്ടിണി കിടക്കുകയും ചെയ്തു."(അൽഫള്ൽ,18 ജനുവരി,1977)

സാമ്പത്തികത്യാഗത്തിന്റെ മഹത്വത്തിന്റെ നിലവാരം അളവിലല്ല, മറിച്ച്, ത്യാഗം സമർപിക്കുന്നതിന്റെ പിന്നിലുള്ള നിഷ്കളങ്കത, വികാരം, തീരുമാനം എന്നിവയിലൂടെയാണ് അതു തീരുമാനിക്കപ്പെടുന്നത്.സർഗോദയിലെ അഡ്വക്കേറ്റ് ഹദ്റത്ത് മിർസാ അബ്ദുൽ ഹഖ് സാഹിബ് മർഹൂം ഒരു വെള്ളം ചുമട്ടുകാരനായ ഒരു അഹ്മദിയുടെ സംഭവം വിവിധ സ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ട്. നഗരത്തിലെ കാണകൾ വൃത്തിയാക്കുന്ന ജോലിക്കാർക്കു തന്റെ കുടത്തിൽനിന്ന് വെള്ളം ഒഴിച്ചു കൊടുക്കുന്ന ജോലിയായിരുന്നു അദ്ദേഹത്തിന്. അദ്ദേഹത്തിന്റെ മാസശമ്പളം അക്കാലഘട്ടത്തിൽ കേവലം 32 രൂപയായിരുന്നു. പ്രസ്തുത വരുമാനത്തിൽ നിന്ന് അദ്ദേഹം മാസം തോറും കൃത്യമായി 20 രൂപ ചന്ദ നൽകിയിരുന്നു. ബാക്കി 12 രൂപ കൊണ്ട് തന്റെ കുടുംബത്തിൽ ചെലവു ചെയ്തിരുന്നു. ത്യാഗത്തിന്റെ ഈ നിലവാരം വളരെ അസൂയാർഹവും ധാരാളമാളുകൾക്ക് ഗുണപാഠവുമാണെന്നതിൽ ഒരു സംശയവുമില്ല.

ഖാദിയാൻ നിവാസിയായ ഒരു ദർവേശിന്റെ പ്രേമപൂർണമായ ത്യാഗത്തിന്റെ രീതി എങ്ങ

ശേഷം പേജ് 9ൽ

# ഖുത്ബ ജുമുഅ

**അല്ലാഹു തന്റെ കൃപയാൽ എം. ടി. എ മുഖേന ലോക അഹ്മദികളെ എങ്ങനെ സംഘടിപ്പിച്ചിരിക്കുന്നുവെന്നാൽ ഇപ്പോൾ കാലത്തിന്റെ ഖലീഫയുടെ പര്യടനങ്ങളേയും ജമാഅത്തിന്റെ പരിപാടികളേയും കുറിച്ചുള്ള വാർത്തകൾ കേൾക്കുന്നതിന് ദീർഘമായി കാത്തിരിക്കുകയും ജമാഅത്തിന്റെ പത്രങ്ങളും പ്രസിദ്ധീകരണങ്ങളും പ്രതീക്ഷിച്ചിരിക്കുകയും ചെയ്യേണ്ടി വരുന്നില്ല. മറിച്ച് ഒപ്പത്തിനൊപ്പം എല്ലാ വാർത്തകളും എത്തിക്കൊണ്ടിരിക്കുന്നു. എല്ലാ പരിപാടികളും കാണപ്പെടുന്നു. എന്നല്ല ജൽസയുടെ പരിപാടികളേയും അന്തരീക്ഷത്തേയും കുറിച്ച് ശ്രോതാക്കളിൽനിന്നുണ്ടാകുന്ന ചർച്ചകളും വികാരപ്രകടനങ്ങളും പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നതിനിടയിൽത്തന്നെ ചില അവസരങ്ങളിൽ കൊടുത്തുകൊണ്ടിരിക്കുന്നു.**

**അല്ലാഹുവിനോട് മനുഷ്യൻ നന്ദി കാണിക്കുകയും അവനെ വാഴ്ത്തുകയും ചെയ്യുന്നു. അല്ലാഹു ഈ അനുഗ്രഹം തന്നുകൊണ്ട് എങ്ങനെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനെ ഒറ്റക്കെട്ടാക്കിത്തീർത്തിരിക്കുന്നത്. ഒരു മാലയിൽ കോർത്തതിന്റെ ബാഹ്യമായ ദൃശ്യങ്ങളുടെ മനോഹരമായ ഏർപാട് ചെയ്തുതന്നിരിക്കുന്നത്. അതുകൊണ്ട് അവനോടു നമ്മൾ നന്ദി കാണിക്കുന്നതിനോടൊപ്പം എം.ടി.എയുടെ പ്രവർത്തകരോടും-അവരിൽ സന്നദ്ധസേവകരുമുണ്ട്- നന്ദി പറയേണ്ടതാണ്.**

**എം.ടി.എയിൽ കാണിച്ചുകൊണ്ടിരിക്കുന്ന ജൽസയുടെ പരിപാടികളെ കുറിച്ച് ജനങ്ങൾ അവരുടെ അഭിപ്രായങ്ങൾ അയക്കാറുണ്ട്. ആ പരിപാടികളിൽനിന്ന് അവർ ഫലവുമെടുക്കുകയും നല്ലവണ്ണം ആസ്വദിക്കുകയും ചെയ്യുന്നുണ്ടാകും. പക്ഷേ, ജൽസയിൽ വന്നിട്ടുള്ള അന്യരുടെ പ്രതികരണങ്ങളും അനുഭവിച്ചറിഞ്ഞ കാര്യങ്ങളും പ്രവർത്തകരുടെ സേവനത്തെ സംബന്ധിച്ചുള്ള വികാരപകടനങ്ങളും ജൽസയുടെ ദിനങ്ങളിൽ കാണിക്കുകയോ പറയുകയോ ചെയ്തില്ല. ഇത് ഒരുവിധത്തിലും അറിയാനും കഴിഞ്ഞില്ല. ഈ പ്രവർത്തകർ തങ്ങളുടെ ഡ്യൂട്ടികൾക്ക് പുറമെ ഒരു നിശ്ശബ്ദമായ മുബല്ലിഗിന്റെ ജോലിയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അവരുടെ മേൽവിലാസം എം.ടി.എയുടെ സ്ക്രീനിൽ കൊടുക്കുന്നില്ല. അതുപോലെതന്നെ പരിപാടി അവതരിപ്പിക്കുന്നവർ അവരോടുള്ള കടമ നിർവഹിക്കുന്നുമില്ല.**

**ജൽസയിൽ പങ്കെടുക്കുന്നവരും തങ്ങളുടെ പെരുമാറ്റം കൊണ്ട് നല്ലൊരു സ്വാധീനമാണ് അതിഥികളിൽ ഉണ്ടാക്കുന്നത്. അതിഥികൾ പിന്നീട് ഇത് പ്രകടിപ്പിക്കാറുമുണ്ട്. ജൽസസാലാനയുടെ സ്വാധീനങ്ങളുടേയും പ്രതികരണങ്ങളുടേയും ഈ ഭാഗവും ജനങ്ങളുടെ മുമ്പിൽ സമർപിക്കേണ്ടത് നിർബന്ധമാണ്. അതുകൊണ്ടാണ് ജൽസസാലാന എങ്ങനെയാണ് അന്യരെ അസാധാരണമായി സ്വാധീനിക്കുന്നതിന് നിമിത്തമാകുന്നതെന്നും തങ്ങളുടെ പെരുമാറ്റം നിശബ്ദമായി എങ്ങനെ അനഹ്മദികളെ സ്വാധീനിക്കുന്നുവെന്നും മനോഹരമായ ഇസ്ലാമികാധ്യാപനങ്ങളുടെ അടുത്ത് അവരെ എങ്ങനെ കൊണ്ടുവരുന്നുവെന്നും പങ്കെടുക്കുന്നവർക്കും പ്രവർത്തകർക്കും ലോകത്ത് വസിക്കുന്ന അഹ്മദികൾക്കും അറിയുന്നതിനും മനസ്സിലാകുന്നതിനുംവേണ്ടി ഞാൻ അത് സമർപിക്കുന്നത്.**

**വിവിധ രാജ്യങ്ങളിൽനിന്ന് വന്ന അതിഥികളുടെ ജൽസസാലാനയിൽ പങ്കെടുത്തതിനുശേഷം നടത്തിയ പ്രതികരണത്തെ കുറിച്ചുള്ള ചർച്ച**

**അല്ലാഹുവിന്റെ കൃപയാൽ ജൽസ നൂറുക്കണക്കിന് ആളുകളുടെ നെഞ്ചകം തുറക്കുന്നു. നൂറു കണക്കിന് ആളുകളുടെ സംശയങ്ങളും സന്ദേഹങ്ങളും ദൂരീകരിക്കുന്നു. ഇസ്ലാമിന്റെ യഥാർത്ഥമായ ചിത്രവും അവരുടെ മുമ്പിൽ വരുന്നു. അല്ലാഹു ഈ അനുഗ്രഹങ്ങളെ എപ്പോഴും വ്യാപിപ്പിച്ചുകൊണ്ടുപോകുമാറാകട്ടെ.**

**ജർമൻ ജൽസസാലാനയെ സംബന്ധിച്ച് പ്രസ്സിന്റേയും മാധ്യമങ്ങളുടേയും ചർച്ച, വിവിധ മാർഗങ്ങളിലൂടെ കോടിക്കണക്കന് ആളുകൾവരെ ഇസ്ലാം-അഹ്മദിയ്യത്തിന്റെ സന്ദേശമെത്തി.**

**ഈ പര്യടനത്തിനിടയിൽ അല്ലാഹുവിന്റെ കൃപയാൽ ഒരു മസ്ജിദിന്റെ ഉദ്ഘാടനത്തിനും തൗഫീഖ് കിട്ടി. അതിന്റേയും വലിയ സ്വാധീനം അതിഥികളിലുണ്ടായി. ഈ ഇസ്ലാം ജർമനിയിൽ വ്യാപിക്കേണ്ടതാണെന്ന് അവർ പരസ്യമായി പറഞ്ഞു. ഈ പരിപാടിയുടെയും നല്ല കവറേജാണ് ഉണ്ടായത്.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2017 സെപ്റ്റംബർ 01/1396 തബൂക് 01**
**ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ- اِهْدِنَا

الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

അല്ലാഹു തന്റെ കൃപയാൽ എം. ടി. എ (മുസ്ലിം ടെലിവിഷൻ അഹ്മദിയ്യ) മുഖേന ലോക അഹ്മദികളെ എങ്ങനെ സംഘടിപ്പിച്ചിരിക്കുന്നുവെന്നാൽ ഇപ്പോൾ കാലത്തിന്റെ ഖലീഫയുടെ പര്യടനങ്ങളേയും ജമാഅത്തിന്റെ പരിപാടികളേയും കുറിച്ചുള്ള വാർത്തകൾ കേൾക്കുന്നതിന് ദീർഘമായി കാത്തിരിക്കുകയും ജമാഅത്തിന്റെ പത്രങ്ങളും പ്രസിദ്ധീകരണങ്ങളും പ്രതീക്ഷിച്ചിരിക്കുകയും ചെയ്യേണ്ടി വരുന്നില്ല. മറിച്ച് ഒപ്പത്തിനൊപ്പം എല്ലാ വാർത്തകളും എത്തിക്കൊണ്ടിരിക്കുന്നു. എല്ലാ പരിപാടികളും കാണപ്പെടുന്നു. എന്നല്ല ജൽസയുടെ പരിപാടികളേയും അന്തരീക്ഷത്തേയും കുറിച്ച് ശ്രോതാക്കളിൽനിന്നുണ്ടാകുന്ന ചർച്ചകളും വികാരപ്രകടനങ്ങളും പരിപാ ടികൾ നടന്നുകൊണ്ടിരിക്കുന്നതിടയിൽത്തന്നെ ചില അവസരങ്ങളിൽ കൊടുത്തുകൊണ്ടിരിക്കുന്നു.

എന്തായാലും നിങ്ങളെല്ലാവർക്കും അറിയുന്നതുപോലെ കഴിഞ്ഞദിനങ്ങളിൽ ജർമനി (Germany)യുടെ ജൽസ സാലാന നടക്കുകയുണ്ടായി. ഇതിനെ സംബന്ധിച്ചും ആളുകൾ എനിക്കെഴുതിയിട്ടുണ്ട്. അധികവും വിവിധ സ്ഥലങ്ങളിലേയും രാജ്യങ്ങളിലേയും പരിപാടികളെ കുറിച്ചും ആളുകൾ എഴുതിക്കൊണ്ടിരിക്കുന്നു. പ്രത്യേകിച്ചും ഞാൻ എവിടെയാണോ പോകുന്നത് അവിടത്തെ കുറിച്ചും ആളുകളുടെ പ്രത്യേകമായ അഭിപ്രായങ്ങൾ ഉണ്ടാകാറുണ്ട്. വിവിധ തരത്തിലുള്ള വികാരപ്രകടനങ്ങളാണുണ്ടാകുന്നത്. അല്ലാഹുവിനോട് മനുഷ്യൻ നന്ദി കാണിക്കുകയും അവനെ വാഴ്ത്തുകയും ചെയ്യുന്നു. അല്ലാഹു ഈ അനുഗ്രഹം തന്നുകൊണ്ട് എങ്ങനെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനെ ഒറ്റക്കെട്ടാക്കിത്തീർത്തിരിക്കുന്നത്. ഒരു മാലയിൽ കോർത്തതിന്റെ ബാഹ്യമായ ദൃശ്യങ്ങളുടെ മനോഹരമായ ഏർപാട് ചെയ്തുതന്നിരിക്കുന്നത്. അതുകൊണ്ട് അവനോടു നമ്മൾ നന്ദി കാണിക്കേണ്ടതാണ്. അതിനോടൊപ്പം എം.ടി.എയുടെ പ്രവർത്തകരോടും-അവരിൽ സന്നദ്ധസേവകരുമുണ്ട്- നന്ദി പറയേണ്ടതാണ്. ഇക്കൂട്ടർ ക്യാമറകളുടെ പിന്നിലിരിക്കുന്നവരോ അല്ലെങ്കിൽ ട്രാൻസ്മിഷനിൽ ഇരിക്കുന്നവരാണ്. അതുമല്ലെങ്കിൽ മറ്റ് പ്രവൃത്തികളിൽ മുഴുകിയവരാണ്. ഒരു പ്രോഗ്രാം നിർമ്മിക്കുന്നതിലും അയക്കുന്നതിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരുപാട് പ്രവർത്തകരുണ്ട്. ചില പ്രവർത്തകർ ഞാൻ പര്യടനത്തിനുപോകുമ്പോൾ തങ്ങളുടെ സാമഗ്രികളും

അപ്ലിങ്ക് ചെയ്യാനുള്ള സാധനങ്ങളും എടുത്തുകൊണ്ട് ഇവിടെനിന്നും കൂടെവരുന്നു. പിന്നെ ഏത് രാജ്യത്താണോ പരിപാടികൾ നടക്കുന്നത് അവിടത്തെ സന്നദ്ധസേവകരും പ്രവർത്തകരും അവരോടൊപ്പം ചേരുന്നു. ജർമനിയിലും ആ സന്നദ്ധസേവകരുടെയും സ്ഥിരമായി ജോലി ചെയ്യുന്നവരുടെയും സ്കീമുണ്ട്. അവർ വളരെ താല്പര്യത്തോടെ വിവിധ പരിപാടികൾ അവതരിപ്പിക്കുന്നു. അല്ലാഹു സകല പ്രവർത്തകർക്കും പ്രതിഫലം നല്കുമാറാകട്ടെ. അല്ലാഹു എം ടി എയുടെ പ്രവർത്തകരുടെമേൽ കൃപ ചൊരിയട്ടെ എന്നും അവരോടു നന്ദി പറയുന്നുവെന്നും ആളുകൾ കത്തുകളിൽ എഴുതുന്നു.

ഇപ്രകാരം വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന പ്രവർത്തകരുമുണ്ട്. അവർ ജൽസയിൽ സന്നദ്ധസേവനമെന്ന നിലയിൽ പ്രവർത്തിക്കുന്നുണ്ടാകും. രാപകൽ ഒരുപോലെയാക്കിക്കൊണ്ട് അതിഥികളുടെ സേവനത്തിൽ അവർ മുഴുകുന്നു. ഇവരും വലിയ രാജ്യങ്ങളിൽ ഇപ്പോൾ ആയിരക്കണക്കിന് ആയിക്കഴിഞ്ഞിട്ടുണ്ട്. അവരിൽ പുരുഷന്മാരുമുണ്ട്. സ്ത്രീകളുമുണ്ട്. യുവതിയുവാക്കളുമുണ്ട്. ആൺകുട്ടികളും പെൺകുട്ടികളുമുണ്ട്. ഇവർ ഏതുരീതിയിലുള്ള ആത്മാവോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്നാൽ, അത് ഇക്കാലത്ത് അഹ്മദിയ്യാ ജമാഅത്തിൽ മാത്രമേ കാണുകയുള്ളൂ. അതിന്റെ ദൃശ്യം കുറച്ചു ആഴ്ചകൾമുമ്പേ നമ്മൾ ഇവിടെ യു.കെ. (UK) ജൽസസാലാനയിലും കണ്ടിരുന്നതാണ്. അതേ ദൃശ്യം ഇപ്പോൾ ജർമൻ ജൽസ സാലാനയിലും കണ്ടു. അതുകൊണ്ടു ഞാനെപ്പോഴും പറയുന്നതാണ് പങ്കെടുക്കുന്ന എല്ലാവരും ഈ സന്നദ്ധസേവകർക്കും നന്ദി പറയേണ്ടതാണ്. അവർ ഒരു വികാരത്തോടുകൂടി അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി നിസ്വാർഥരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇതേ പ്രവർത്തകരുടെ ഈ കർമം അനഹ്മദികളേയും അമുസ്‌ലിം അതിഥികളേയും നിശ്ശബ്ദമായി പ്രബോധനം ചെയ്യുന്നതിനുള്ള മാർഗമായി തീരുന്നു.

എം.ടി.എയിൽ കാണിച്ചുകൊണ്ടിരിക്കുന്ന ജൽസയുടെ പരിപാടികളെ കുറിച്ച് ജനങ്ങൾ അവരുടെ അഭിപ്രായങ്ങൾ അയക്കാറുണ്ട്. ആ പരിപാടികളിൽനിന്ന് അവർ ഫലവുമെടുക്കുകയും നല്ലവണ്ണം ആസ്വദിക്കുകയും ചെയ്യുന്നുണ്ടാകും. പക്ഷേ, ജൽസയിൽ വന്നിട്ടുള്ള അന്യരുടെ പ്രതികരണങ്ങളും അനുഭവിച്ചറിഞ്ഞ കാര്യങ്ങളും പ്രവർത്തകരുടെ സേവനത്തെ സംബന്ധിച്ചുള്ള വികാരപകടനങ്ങളും ജൽസയുടെ ദിനങ്ങളിൽ കാണിക്കുകയോ പറയുകയോ ചെയ്തില്ല. ഇത് ഒരുവിധത്തിലും അറിയാനും കഴിഞ്ഞില്ല. ഈ പ്രവർത്തകർ തങ്ങളുടെ ഡ്യൂട്ടികൾക്ക് പുറമെ ഒരു നിശ്ശബ്ദമായ മുബല്ലിഗിന്റെ ജോലിയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അവരുടെ മേൽവിലാസം എം.ടി.എയുടെ സ്ക്രീനിൽ കൊടുക്കുന്നില്ല. അതുപോലെതന്നെ പരിപാടി അവതരിപ്പിക്കുന്നവർ അവരോടുള്ള കടമ നിർവഹിക്കുന്നുമില്ല.

ജൽസയിൽ പങ്കെടുക്കുന്നവരും തങ്ങളുടെ പെരുമാറ്റം കൊണ്ട് നല്ലൊരു സ്വാധീനമാണ് അതിഥികളിൽ ഉണ്ടാക്കുന്നത്. അതിഥികൾ പിന്നീട് ഇത് പ്രകടിപ്പിക്കാറുമുണ്ട്. ജൽസസാലാനയുടെ സ്വാധീനങ്ങളുടേയും പ്രതികരണങ്ങളുടേയും ഈ ഭാഗവും ജനങ്ങളുടെ മുമ്പിൽ സമർപിക്കേണ്ടത് നിർബന്ധമാണ്. അതുകൊണ്ടാണ് ജൽസസാലാന എങ്ങനെയാണ് അന്യരെ അസാധാരണമായി സ്വാധീനിക്കുന്നതിന് നിമിത്തമാകുന്നതെന്നും തങ്ങളുടെ പെരുമാറ്റം നിശബ്ദമായി എങ്ങനെ അനഹ്മദികളെ സ്വാധീനിക്കുന്നുവെന്നും മനോഹരമായ ഇസ്‌ലാമികാധ്യാപനങ്ങളുടെ അടുത്ത് അവരെ എങ്ങനെ കൊണ്ടുവരുന്നുവെന്നും പങ്കെടുക്കുന്നവർക്കും പ്രവർത്തകർക്കും ലോകത്ത് വസിക്കുന്ന അഹ്മദികൾക്കും അറിയുന്നതിനും മനസ്സിലാകുന്നതിനും വേണ്ടി ഞാൻ അത് സമർപിക്കുന്നത്. ഇതുസംബന്ധമായി, ജൽസയുടെ അനുഗ്രഹങ്ങളുടെ ഈ ഭാഗവും നമ്മുടെ മുമ്പിൽ വരുന്നതിനും അങ്ങനെ അല്ലാഹുവിന് കൂടുതൽ നന്ദി കാണിക്കാൻ അവസരം കിട്ടുന്നതിനും നമ്മുടെ അവസ്ഥകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിലേക്ക് ശ്രദ്ധിക്കുന്നതിനുംവേണ്ടി ഞാൻ ഇപ്പോൾ വിവിധ രാജ്യങ്ങളിൽനിന്നുവന്ന അതിഥികളുടെ പ്രതികരണങ്ങൾ സമർപിക്കുകയാണ്.

റെഡ്ക്രോസ് സംഘടനയിൽ പ്രവർത്തിക്കുന്ന അറബിവംശജനായ ഒരു മുസ്‌ലിം സുഹൃത്ത് ഖാലിദ് മിയാസ് സാഹിബ് (Khalid Myaz) ഈ വർഷം ജർമനി ജൽസയിൽ പങ്കെടുക്കുകയുണ്ടായി. അദ്ദേഹം തന്റെ പ്രതികരണം വിവരിച്ചുകൊണ്ട് പറയുന്നു: "എന്റെ അമുസ്‌ലിം സുഹൃത്തുക്കൾ ഇസ്‌ലാമിനുമേൽ ആക്ഷേപം ഉന്നയിക്കുന്നത് കേൾക്കുമ്പോൾ മുസ്‌ലിംകളുടെ ഇടയിൽ നിലനില്ക്കുന്ന വെറുപ്പുകളും കലഹങ്ങളും കാരണത്താൽ ഇസ്‌ലാമിനുവേണ്ടി പ്രതിരോധിച്ച് പറയാൻ എനിക്ക് കഴിയുമായിരുന്നില്ല. ഇന്ന് ജൽസയിൽ നിങ്ങളുടെ ജമാഅത്തിലെ സംഘടിതവും വ്യക്തിപരവുമായ സമാധാനവും സ്നേഹവും പരസ്പരമുള്ള ഐക്യവും കണ്ട്, നിങ്ങളിലുള്ള ഖലീഫയോടുള്ള സ്നേഹവും അനുസരണത്തിന്റെ ദൃശ്യവും കണ്ട് അഭിമാനത്താൽ എന്റെ തല ഉയർന്നുനില്ക്കുന്നു. ഞാൻ ഒരു ജമാഅത്തിനെ എന്റെ കണ്ണുകൾകൊണ്ട് കണ്ടിരിക്കുന്നു. ആ ജമാഅത്തിലെ വ്യക്തികളിൽ സമാധാനമുണ്ട്. അവരുടെ സമ്മേളനം സുസംഘടിതമാണ്." പറയുന്നു: "ഇനി എനിക്ക് നിങ്ങളുടെ ഉദാഹരണം വലിയ ആത്മവിശ്വാസത്തോടുകൂടി എന്റെ അമുസ്‌ലിം സുഹൃത്തുക്കളുടെ മുമ്പിൽ അവതരിപ്പിച്ച് ഇസ്‌ലാമിനുമേൽ അവർ ഉന്നയിക്കുന്ന ആക്ഷേപങ്ങളെ ചെറുക്കാൻ കഴിയുന്നതാണ്."

ഒരു ജർമൻ സുഹൃത്ത് മൈക്കിൾ ഫിസ്ച്ചർ സാഹിബ് (Michael Fischer) ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: "അഹ്മദി സമാധാനകാംക്ഷികളാണെന്ന് ഈ ജൽസയിൽ പങ്കെടുക്കുന്നതിനു മുമ്പേ ഞാൻ വായിച്ചിരുന്നു. പക്ഷേ, സമാധാനത്തിന്റെ വാദം മറ്റാളുകളും നടത്താറുള്ളതുപോലെയായിരിക്കുമെന്നാണ് എന്റെ മനസ്സിൽ തോന്നിയിരുന്നത്. എന്നാൽ, ഇപ്പോൾ ഇവിടെ വന്ന് ഞാൻ എന്റെ കണ്ണുകൾകൊണ്ട് കണ്ടു. അതായത് സമാധാനഭരിതമായ അവസ്ഥയുടേയും കർമപരമായ സാദൃശ്യത്തിന്റേയും സാക്ഷ്യം ഈ ജൽസയിൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇവിടെ ആളുകൾ പ്രീതിയോടും സ്നേഹത്തോടുംകൂടി സ്വയം സമയം ചെലവഴിക്കുന്നതിനോടൊപ്പം വരുന്ന മറ്റാളുകളേയും സ്വാഗതം ചെയ്യുന്നു. സമാധാനനിർഭരമായ ഇത് വലിയ ജൽസ കണ്ട് അത്ഭുതപ്പെട്ടുപോകുന്നു. എവിടെയെങ്കിലും അഞ്ഞൂറാളുകൾ സംഘടിച്ചാൽത്തന്നെ കലഹം പൊട്ടിപ്പുറപ്പെടാറുണ്ട്." ഇദ്ദേഹം പറയുന്നു: "ഞാൻ ജൽസയിൽ പങ്കെടുത്ത് നിങ്ങളുടെ ഈ സമാധാനപരമായ ചുറ്റുപാടുകൾ കണ്ട് നിങ്ങൾ സമാധാനകാംക്ഷികളാണെന്ന വാദത്തെ സാക്ഷ്യപ്പെടുത്തുകയാണ്."

പിന്നീട് ഒരു ജർമൻ സ്ത്രീ മറാസി ഉഗാലാ (Maraczogalla) യാണ്. അവർക്ക് ജമാഅത്തുമായി സ്ഥിരമായ ബന്ധമുണ്ട്. ജൽസാവേളയിൽ നടന്ന ബയ്അത്തിന്റെ പരിപാടി അവർ കണ്ടു. അവർ പറയുന്നു: എന്റെ ചോദ്യങ്ങളെല്ലാം ഏകദേശം ഓരോന്നോരോന്നായി പരിഹരിക്കപ്പെട്ടു. ഇപ്പോൾ എനിക്ക് തോന്നുന്നത് ഇനി കൂടുതൽ നാൾ അതിഥിയായി ഞാൻ വരികയില്ലെന്നാണ്. മറിച്ച് ഇപ്പോൾ ഞാൻ ആഗ്രഹിക്കുന്നത് ഞാൻ സ്വയം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേരാനാണ്.

ദക്ഷിണ അമേരിക്കയിലെ ഒരു വനിത, മാരിയ ജോസേ സാഹിബ (Maria Josey) പറയുന്നു: ഇത്രമാത്രം സമുദായങ്ങളിലേയും വംശങ്ങളിലേയും വർണ്ണങ്ങളിലേയും ആളുകൾ എത്രമാത്രം ഐക്യത്തോടുകൂടിയാണ് കഴിയുന്നതെന്ന് ഇവിടെ വന്ന് കണ്ടപ്പോൾ ഞാൻ വളരെ അത്ഭുതപ്പെട്ടുപോയി. നാലുഭാഗത്തും സമാധാനത്തിന്റെയും ശാന്തിയുടെയും അന്തരീക്ഷമാണ്. എല്ലാവരും സമാധാനമുള്ളവരാണ്. ആർക്കും ഒരു ഭയവുമില്ല. ഇത്തരം സമാധാനപരമായ സമ്മേളനത്തിൽ പങ്കെടുക്കുക എന്നത് എന്നെ സംബന്ധിച്ചിടത്തോളം ഒരു പുതിയ അനുഭവമാണ്. ഞാൻ ബർലിനിൽ തിരിച്ചെത്തിയാൽ അഹ്മദിയ്യാ ജമാഅത്തിന്റെ മസ്ജിദുമായി ബന്ധപ്പെടുകയും ഈ ജമാഅത്തിനോടുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യണമെന്നാണ് എന്റെ ആഗ്രഹം. എനിക്ക് നിങ്ങളിൽ പങ്കെടുത്തുകൊണ്ട് ഒരു മനഃസംതൃപ്തി കിട്ടിയിരിക്കുന്നു."

മസിഡോണിയാ(Macedonia)യിലെ ഒരു സോഷ്യൽ വെൽഫയർ സംഘടനയിൽ പ്രവർത്തിക്കുന്ന മൂന്ന് വനിതകൾ നമ്മുടെ ജൽസയിൽ വന്നിരുന്നു. അവരിലൊരാൾ പറയുന്നു: "മെസിഡോണിയായിൽ നമ്മുടെ ചുറ്റും ധാരാളം മുസ്‌ലീംകൾ വസിക്കുന്നുണ്ട്. എന്നാൽ, ഇസ്‌ലാമിന്റെ ഈ ഇനവും ഇതിന്റെ ഇത്തരത്തിലുള്ള സാമൂഹികമായ ദൃശ്യങ്ങളും നമുക്ക് തികച്ചും പ്രതീക്ഷിക്കാൻ പറ്റാത്തതായി സ്ഥാപിതമായിരിക്കുന്നു. ഞങ്ങൾ നിങ്ങളുടെ ആളുകളേയും നിങ്ങളുടെ അധ്യാപനങ്ങളേയും നിങ്ങളുടെ ലീഡർഷിപ്പിനേയും കണ്ടു. അവിടത്തെ മുസ്‌ലിംകളെ നിങ്ങളുടെ ജമാഅത്തിനെക്കുറിച്ച് പരിചയപ്പെടുത്തണമെന്ന ബോധത്തോടുകൂടിയാണ് ഞങ്ങൾ തിരിച്ചുപോകുന്നത്. പറയുന്നു: ഈ ജമാഅത്തും ഇതിന്റെ ജൽസകളും മറ്റു മുസ്‌ലിംകൾക്ക് മാതൃകയാണ്. ഇങ്ങനെയുള്ള സമാധാനപരമായ അധ്യാപനങ്ങളും ഇത്തരം സുസംഘടിതമായ ജമാഅത്തും അന്താരാഷ്ട്രതലത്തിൽ മുസ്‌ലിംകളുടെ പ്രാതിനിധ്യം വഹിക്കാൻ അർഹരാണ്." പറയുന്നു: 'ഇപ്രാവശ്യം ഞങ്ങൾ ആരുടേയോ ക്ഷണം സ്വീകരിച്ചാണ് ഇവിടെ വന്നത്. എന്നാൽ, ഞങ്ങൾ പ്രതീക്ഷിക്കുന്നത് ഭാവിയിൽ ഞങ്ങൾ അതിഥികളേയും കൂട്ടി വരുമെന്നാണ്. മെസിഡോണിയായിൽ പോയി ഞങ്ങൾ നേരിട്ട് അവിടത്തെ മുസ്‌ലിംകൾക്ക് നിങ്ങളുടെ ജമാഅത്തിനെ പരിചയപ്പെടുത്തിക്കൊടുക്കുന്നതാണ്.' ഇപ്രകാരം അല്ലാഹു തബ്‌ലീഗിനുള്ള വഴി തുറക്കുന്നത്.

ലാറ്റ്വിയാ(Latvia)യിൽനിന്ന് ഒരു ക്രൈസ്തവ സുഹൃത്ത് മൈക്കോളാസ് (Mykolas)സാഹിബ് വന്നിരുന്നു. അദ്ദേഹം വിദ്യാർഥിയാണ്. മതകാര്യ അന്വേഷണത്തിൽ താല്പര്യമുള്ളയാളാണ്. അദ്ദേഹം പറയുന്നു: ഞാൻ മതകാര്യങ്ങളിൽ ആഴത്തിൽ താല്പര്യമുള്ളയാളാണ്. ഇക്കാരണത്താൽ നിങ്ങളുടെ ജാഅത്തിന്റെ അധ്യാപനങ്ങളെ ഞാൻ പഠിച്ചു. ഇപ്പോൾ അതിന്റെ കർമപരമായ പ്രകടനവും കണ്ടുകൊണ്ടിരിക്കുന്നു. എനിക്ക് നിങ്ങളുടെ അധ്യാപനങ്ങളും നിങ്ങളുടെ കർമരീതികളും പോസിറ്റീവും ആകർഷണീയവുമായി തോന്നുന്നു. ഞാൻ ജൽസയിൽ പങ്കെടുക്കുന്ന ആളുകളിൽ ഒരു ആത്മീയമായ ആഗ്രഹം അനുഭവിച്ചിരക്കുന്നു.

ജൽസയിൽ പങ്കെടുക്കുന്ന അഹ്മദികളുടെ ഇനി എപ്പോഴുമുള്ള ജോലി എന്താണെന്നാൽ, ഇക്കൂട്ടർ അനുഭവിച്ചറിയുന്ന ആ ആത്മീയമായ ആഗ്രഹം ജൽസയുടെ ദിനങ്ങളിൽ മാത്രവും താൽക്കാലികവുമാകാതെ സുസ്ഥിരമാ യിരിക്കേണ്ടതാണ്.

ലാറ്റ്വിയാ(Latvia)യിൽനിന്ന് വന്ന ഒരു വനിത ജേർണലിസ്റ്റ് ആഗസ്റ്റിൻ സാഹിബ (Augustine)എഴുതി: "ഞാൻ കഴിഞ്ഞ ആറുമാസമായി വിവിധ ഇസ്‌ലാമിക കക്ഷികളുടെമേൽ ഒരു പ്രൊജക്ടിൽ ജോലിചെയ്തുവരുന്നു. ഇതുസംബന്ധമായി ഞാൻ ഇസ്താംബൂളിലും പോയി. അവിടെ വിവിധ ഇസ്‌ലാമികകക്ഷികളെ കണ്ടു. പക്ഷേ, ഇവിടെ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനെ

കണ്ടപ്പോൾ എന്റെ ഹൃദയത്തിലുണ്ടായ അവസ്ഥ വിവരിക്കാൻ എന്റെ പക്കൽ വാക്കുകളില്ല. ഞാൻ അവരുമായി കൂടിക്കാഴ്ച നടത്തുന്നതിന്നിടയിൽ ചോദിച്ചു (അവർ എന്നോട് ചോദിച്ചിരുന്നു) ഇപ്പോൾ മുല്ലായിസത്തിനും ഭീകരവാദത്തിനുമുള്ള ശുശ്രൂഷ എന്താണ്? അദ്ദേഹം ഇത് പറഞ്ഞുകൊണ്ട് രണ്ട് വാക്കുകളിൽ ഈ ദുഷ്കരമായ ചോദ്യത്തിന് സമ്പൂർണമായ മറുപടി നൽകി. പ്രശ്നങ്ങൾക്ക് ഒരേയൊരു പരിഹാരം ശരിയായ അധ്യാപനവും ശിക്ഷണവും ഇസ്ലാമിന്റെ ശരിയായ പാഠം നൽകുകയും ചെയ്യുക എന്നതാണ്. അവർ പറയുന്നു: യഥാർഥത്തിൽ ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരം ശരിയായ അധ്യാപനം തന്നെയാണ്. ഈ കാലഘട്ടത്തിൽ നമുക്ക് ഈ ശരിയായ അധ്യാപനത്തിന്റെ ഗ്രാഹ്യം നബി(സ) തിരുമേനിയുടെ സത്യസന്ധനായ ദാസനാണ് നൽകിയത്. അദ്ദേഹമാണ് നമ്മളോട് ഈ അധ്യാപനം പറഞ്ഞത്. അതുകൊണ്ട് എല്ലാ അഹ്മദികളും അന്യരുടെ ഈ പ്രതികരണങ്ങളിൽ കേവലം അഭിമാനംകൊള്ളാതെ നമുക്ക് എപ്പോഴും നമ്മുടെ കർമപരമായ അവസ്ഥകളെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്.

ലാറ്റ്വിയാ(Latvia)യിൽനിന്ന് ഖുർത്വുബ യൂനിവേഴ്സിറ്റിയിലെ പ്രൊഫസർ ലോലി ഡയാസ് (Lolly Diaz) സാഹിബ ജൽസയിൽ പങ്കെടുത്തുകൊണ്ട് തന്റെ പ്രതികരണങ്ങൾ എഴുതുകയുണ്ടായി: "ഞാൻ എന്റെ ജീവിതത്തിൽ ആദ്യമായിട്ടാണ് മുസ്ലിംകളുടെ ഇത്ര വലിയ ജൽസയിൽ പങ്കെടുക്കുന്നത്. ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനെ ആദ്യമായി അടുത്തുനിന്ന് ദർശിച്ചപ്പോൾ അത് എനിക്കൊരു അത്ഭുതകരമായ അനുഭവമായിരുന്നു. അതിന്റെ അവസ്ഥ ജീവിതം മുഴുവൻ എനിക്ക് ഓർമ ഉണ്ടായിരിക്കും." എന്റെ വികാരങ്ങളും എന്റെ വാക്കുകളും എന്റെ വികാരങ്ങളോടൊപ്പം നില്ക്കുന്നില്ല. എനിക്ക് ദൃഢവിശ്വാസമുണ്ട് ജമാഅത്തും ഈ ജമാഅത്തിന്റെ ഖലീഫയും മറ്റു മുസ്ലീംകളിൽനിന്ന് തികച്ചും വ്യത്യസ്തരാണ്. ഈ വ്യത്യാസം ഞാൻ എന്റെ ആത്മാവിൽ അനുഭവിക്കുന്നു. ഓരോ അഹ്മദിയും അവിടെ പങ്കെടുത്തവരിൽ നല്ല സ്വാധീനമാണ് ഉണ്ടാക്കിയത്.

ഈ വർഷം ബോസ്നിയായിൽനിന്ന് 46 അംഗങ്ങൾ അടങ്ങുന്ന ഒരു സംഘം ജൽസയിൽ പങ്കെടുക്കുകയുണ്ടായി. അവരിൽ 18 പേർ അഹ്മദികളായിരുന്നു. ബാക്കി 28 പേർ നമ്മൾ തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുന്നവരായിരുന്നു. ഒരു അതിഥി യാസ്മീൻ സാഹിബ -അവർ ഒരു NGO യുടെ പ്രസിഡന്റുമാണ്. അവർ കുറച്ചുനാൾ മുമ്പേയാണ് ജമാഅത്തിനെ കുറിച്ച് അറിഞ്ഞത്, തന്റെ കാറിൽ സ്വയം 1200 കിലോമീറ്റർ യാത്ര ചെയ്താണ് ജൽസയിൽ പങ്കെടുക്കാൻ വന്നത്-പറയുന്നു: "ജൽസയുടെ ഇത്രവലിയ ഏർപ്പാടുകൾ കണ്ട് ഇവർ എത്തരത്തിലുള്ള ആളുകളാണെന്നോർത്ത് എനിക്ക് അത്ഭുതം തോന്നിപ്പോയി. ജൽസയുടെ സകല ഒരുക്കങ്ങളിലും ഒരിടത്തും ഒരു ന്യൂനതയും കാണാൻ എനിക്ക് കഴിഞ്ഞില്ല." ഇത് പ്രവർത്തകരുടെ സേവനത്തിന്റെ സ്വാധീനഫലമാണ്. അത് അന്യരെ ആകർഷിക്കാതെ പോകുകയില്ല.

ഒരു അതിഥി നജാദ് സാഹിബ് ബോസ്നിയായിലെ റോമൻ കമ്മ്യൂണിറ്റിയുടെ ഒരു അറിയപ്പെട്ട രാഷ്ട്രീയക്കാരനാണ്. ബുദ്ധിജീവി എന്ന നിലയിലും പ്രശസ്തനാണ്. ടുസ്ലാ (Tuzla)നഗരത്തിന്റെ കൗൺസിലറുമാണ്. അദ്ദേഹം പറയുന്നു: "ജൽസയുടെ എല്ലാ ഏർപ്പാടുകളും വളരെ ഭംഗിയായ നിലയിൽ ഒരുക്കിയിരിക്കുന്നു. ഞാൻ ഇതിനുമുമ്പേ ഒരിക്കലും ഇത്തരത്തിലുള്ള പരിപാടിയിൽ പങ്കെടുത്തിരുന്നില്ല. ഈ ജൽസ എനിക്ക് വിവിധ വശങ്ങളിൽനിന്ന് പാഠം നൽകുന്നതായിരുന്നു. പ്രവർത്തകരുടെ ആത്മാർത്ഥത കണ്ട് ഇക്കൂട്ടർ ഈമാനിൽ വളരെ ശക്തരാണെന്ന് മനസ്സിലായി. അവരുടെ വാക്കിലും പ്രവൃത്തിയിലുമുള്ള പൊരുത്തംതന്നെയാണ് അവരുടെ അഭിവൃദ്ധിയുടെ രഹസ്യം. അവരിൽ ഈ അവസ്ഥ ഉണ്ടാക്കാനുള്ള കാരണം അവർക്ക് ഖിലാഫത്തുമായുള്ള ബന്ധമാണ്." അതുകൊണ്ട് ഇക്കൂട്ടർ ജൽസയിൽ പങ്കെടുക്കുമ്പോൾ ഖിലാഫത്തിനെ കുറിച്ച് അവരുടെ മനസ്സിലുള്ള തെറ്റായ ധാരണകളും അവരുടെ ഭയവും അകലുന്നതാണ്. അതുകൊണ്ട് എല്ലാ അഹ്മദികളും എല്ലാ പ്രവർത്തകരും അവരുടെ ഈ പ്രതികരണങ്ങൾ എപ്പോഴും നിലനിറുത്തേണ്ടതാണ്. അത് കാത്തുസൂക്ഷിക്കേണ്ടതുമാണ്.

ജമാഅത്തിൽ പെടാത്ത ഒരു സുഹൃത്ത് മാഹിർ സാഹിബ് തന്റെ സഹധർമ്മിണിയോടൊപ്പം സ്വന്തം ചെലവിൽ ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: "ഇവിടെ അതിഥികളെ ഏതുരീതിയിലാണോ സ്വീകരിച്ചിരുന്നത് ഏത് സ്നേഹത്തോടുകൂടിയാണോ ജനങ്ങൾ അവരോട് പെരുമാറിയിരുന്നത് ഞാൻ സത്യമായും പറയുന്നു, ഇവർ നമ്മളോട് തറയിൽ കിടക്കാൻ പറഞ്ഞാലും ഭക്ഷണമായി വെറും ഉണക്ക റൊട്ടി തന്നാലും നമുക്ക് അവരോട് ഒരു പരാതിയുമുണ്ടാവുകയില്ല. കാരണം പ്രീതിയും സ്നേഹവും ഇവിടെനിന്നും നമുക്ക് കിട്ടി. അതിന് തുല്യമായി ലോകത്ത് വേറൊന്നുംതന്നെയില്ല.".

ബോസ്നിയായിൽനിന്നുള്ള ഒരു അതിഥി ദയാന സാഹിബ ജൽസയിൽ പങ്കെടുത്തു. അവർ നേഴ്സാണ്. ജമാഅത്തുമായി ഏതോ ഫാമിലിയുമായി അവർക്ക് ബന്ധങ്ങളുണ്ട്. ഭർത്താവിനോടും കുട്ടികളോടുമൊപ്പം ബോസ്നിയായിൽ ജമാഅത്തിന്റെ പരിപാടികളിൽ പങ്കെടുക്കാറുണ്ട്. വലിയ സഹായവും ചെയ്യാറുണ്ട്. ഇവർ തന്റെ ഭർത്താവിനോടും മാതാപിതാക്കളോടുമൊപ്പം തന്റെ യാത്രാ ചെലവുകൾ സ്വയം വഹിച്ച് ഇവിടെ വന്നു. അവർ പറയുന്നു: ജൽസയിലെ എല്ലാ ഏർപാടുകളും വളരെ നല്ല നിലയിൽ ചെയ്തിരിക്കുന്നു. ആത്മാർഥരായ പ്രവർത്തകർ ഞങ്ങൾക്കുവേണ്ടി ഇത്രമാത്രം ബുദ്ധിമുട്ട് സഹിക്കുന്നതു കണ്ട് ഞങ്ങൾ സ്വയം ലജ്ജിച്ചുപോകുകയാണ്.

ഒരു അതിഥി അമീർ സാഹിബ് ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. ജൽസയുടെ അന്തരീക്ഷം അദ്ദേഹത്തിൽ വലിയ പോസിറ്റീവായിട്ടുള്ള സ്വാധീനമാണുണ്ടാക്കിയിട്ടുള്ളത്. അദ്ദേഹം പറയുന്നു: "ഞാൻ മടങ്ങിയെത്തി ഈ ജൽസ കണ്ടിട്ട് എന്റെ ഹൃദയത്തിന്റെ അവസ്ഥ വിവരിക്കാൻ അശക്തനാണെന്നും അത് അനുഭവിച്ചറിയുകതന്നെവേണം എന്നുമുള്ള സന്ദേശമാണ് നല്കുക. അതിനാൽ യഥാർഥ സ്വർഗ്ഗത്തെക്കുറിച്ച് ഒരു ദൃഢവിശ്വാസം ഉണ്ടാകുന്നതിനുവേണ്ടി എല്ലാവരും ഈ സ്വർഗതുല്യമായ സമൂഹത്തിൽ കുറച്ച് ദിവസം കഴിയേണ്ടതാണ്."

ചില പ്രശ്നങ്ങൾ ഉണ്ടാക്കുന്ന നമ്മളിലുള്ളവരും പരസ്പരം വഴക്കിടുകയും വൈരാഗ്യം വെച്ചു പുലർത്തുകയും ചെയ്യുന്നവരും ഇക്കൂട്ടരുടെ അഭിപ്രായങ്ങളും ചർച്ചകളും കേട്ട് ലജ്ജിതരാവേണ്ടതാണ്. അവർ എപ്പോഴും സ്നേഹത്തോടും പ്രീതിയോടും കൂടി പെരുമാറേണ്ടതാണ്.

ഈ വർഷം ബൽഗേറിയാ(Bulgaria)യിൽനിന്നും 52 പേരടങ്ങുന്ന സംഘം ജർമൻ ജൽസയിൽ പങ്കെടുത്തിരുന്നു. അതിൽ 20 പേർ അഹ്മദികളായിരുന്നു. 32 പേർ അനഹ്മദി അതിഥികളും. ഏകദേശം 32 മണിക്കൂർ ബസ്സിൽ യാത്ര ചെയ്താണ് ഇവർ ജർമനിയിലെത്തിയത്. ഈ സംഘത്തിൽ ബിസിനസ്സ്മാനുമുണ്ടായിരുന്നു. വക്കീലുമാരുമുണ്ടായിരുന്നു ലക്ചേർസുമുണ്ടായിരുന്നു വിദ്യാർഥികളുമുണ്ടായിരുന്നു. സാധാരണക്കാരുമുണ്ടായിരുന്നു. ഒരു വനിത എസിനോവാ (Acenova)പറയുന്നു:......15 "ഞാൻ ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. ബൽഗേറിയായിലെ അഹ്മദികളിൽനിന്ന് ജൽസയെ കുറിച്ച് ധാരാളം കേട്ടിരുന്നു. അവിടെ പല ജനതകളുമായി ബന്ധം വെക്കുന്നവർ ഒരുസ്ഥലത്ത് സംഘടിച്ചിരുന്നു. ഈ ജൽസയിൽ എല്ലാവരും പരസ്പരം ആദരവോടും സ്നേഹത്തോടുംകൂടി പെരുമാറുന്നുണ്ടായിരുന്നു. മനുഷ്യൻ തന്റെ ജീവിതത്തിൽ മാറ്റം വരുത്താൻ ആഗ്രഹിക്കുന്നെങ്കിൽ ജൽസയിൽ വരിക. ഞാൻ ഇവിടെനിന്ന് ഒരുപാട് പഠിച്ചു. രണ്ട് കാര്യങ്ങളെക്കുറിച്ച് തീർച്ചയായും പറയാൻ ആഗ്രഹിക്കുകയാണ്. ഒന്ന്, ഇവിടെ അല്ലാഹുവിനോടുള്ള സ്നേഹം പഠിപ്പിക്കുന്നു. രണ്ടാമത്തേത് ജനങ്ങളിൽ പരസ്പരം സ്നേഹവും ആദരവും ഉണ്ടാക്കേണ്ടതെങ്ങനെയെന്ന് പഠിപ്പിക്കുന്നു."

ബൽഗേറിയ ജമാഅത്തിന്റെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്ത രാജ്യമാണ്. അവിടത്തെ അനഹ്മദി ഉലമാക്കളുടെ എതിർപ്പ് അതിന്റെ മൂർധന്യാവസ്ഥയിലാണ്. ഇക്കാരണത്താൽ ഭരകൂടവും അവരുടെ സ്വാധീനത്തിലാണുള്ളത്. അതുകൊണ്ട് ബൽഗേറിയ ജമാഅത്തിനുവേണ്ടി ദുആ ചെയ്യുക. അല്ലാഹു അവിടേയും സ്ഥിതിഗതികൾ നന്നാക്കിത്തീർക്കട്ടെ. വീണ്ടും ജമാഅത്തിന് രജ്സ്ട്രേഷൻ ലഭിക്കുമാറാകട്ടെ. തുറന്ന നിലയിൽ തബ്ലീഗ് ചെയ്യുന്നതിനും ജമാഅത്തിന്റെ activities നടപ്പിൽ വരുത്തുന്നതി നും അല്ലാഹു നമുക്ക് വീണ്ടും തൗഫീഖ് നല്കുമാറാകട്ടെ.

ബൽഗേറിയാ(Bulgaria) സംഘത്തിലെ ഒരു അതിഥി പിഫ്കൊ അനേവ് (Pyifko Anev) സാഹിബ് പറയുന്നു: ഞാൻ ആദ്യമായാണ് ഇത്തരം അനുഗൃഹീതമായ ജൽസയിൽ പങ്കെടുക്കുന്നത്. വാക്കുകളിൽവിവരിക്കുക ബുദ്ധിമുട്ടാണ്. അഹ്മദികൾ മാത്രമാണ് യഥാർഥത്തിൽ സമാധാനം പഠിപ്പിക്കുന്നതെന്നും ആദരിക്കുന്നതെന്നും ലോകത്ത് സ്വർഗമുണ്ടാക്കാൻ ആഗ്രഹിക്കുന്നതെന്നും ഞാൻ ഇവിടെ നിന്ന് പഠിച്ചു. ഇവിടെ യഥാർഥത്തിൽ ജീവിതത്തിന്റെ പ്രകാശം ലഭിക്കുന്നു. എങ്ങനെയുള്ള പ്രകാശമെന്നാൽ അത് മനുഷ്യന് ജീവിതം പ്രദാനം ചെയ്യുന്നു. ഞാൻ ഇനി എന്റെ ജീവിതം മുഴുവൻ എല്ലാ ജനങ്ങളോടും ലോകത്ത് സമാധാനത്തിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നത് യഥാർഥത്തിൽ ഇസ്ലാം-അഹ്മദിയ്യത്താണെന്ന് പറയുന്നതായിരിക്കും. അദ്ദേഹം പറയുന്നു, എനിക്കുവേണ്ടി ദുആ ചെയ്യുക.

പിന്നീട് ഈ സംഘത്തിലെ ഒരു അതിഥി പിഡിമിറോ (Pdemirov)സാഹിബ് പറയുന്നു: അങ്ങയുടെ പ്രസംഗം വളരെ ഏറെ ആകർഷിച്ചു. അതിൽ മനുഷ്യരെ സ്നേഹിക്കുന്നതിനെ കുറിച്ചാണ് പറഞ്ഞത്. പറയുന്നു: കുട്ടികൾ വെള്ളം വിതരണം ചെയ്യുമ്പോൾ അവർ വളരെ സ്നേഹത്തോടെ സംസാരിച്ചിരുന്നത് എനിക്ക് ഏറെ ഇഷ്ടപ്പെട്ടു. ഏതൊരു ജനതയിലെ കുട്ടികളാണോ ഇത്തരത്തിലുള്ളത് അവരുടെ ഭാവി സുരക്ഷിതമാണ്.

ഒരു ക്രൈസ്തവ വനിതയും സൈക്കോളജി ലക്ച്ചറുമായ ഡേസിസ് ലായാ (Desislaya) പറയുന്നു: "ഞാൻ ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. ഈ ജൽസ ഒരു മുഅ്ജിസത്താ(ദിവ്യാത്ഭുതം)ണ്. ഇവിടെനിന്ന് സ്നേഹവും സമാധാനവും ആദരവും ലഭിക്കുന്നു. ഞാൻ ഒരു കലഹവും ഇവിടെ കണ്ടില്ല. എല്ലാവരും പരസ്പരം സേവനം ചെയ്യുകയായിരുന്നു. പുഞ്ചിരിക്കുന്ന മുഖത്തോടെ കണ്ടിരുന്നു. ഞാൻ പഥ്യാഹാരമാണ് കഴിക്കുന്നത്. ആയിരക്കണക്കിന് ആളുകൾ ഉണ്ടായിട്ടും എനിക്ക് പഥ്യാഹാരം നല്കിയിരുന്നു. സുഖമില്ലാതായപ്പോൾ ഉടനെ മരുന്നുകൾ നല്കി. വി ഐ പി കളായി ആരുമുണ്ടായിരുന്നില്ല. എല്ലാവരും ഒരുപോലെയായിരുന്നു. ജുമുഅ ഖുത്ബ എന്നിൽ വലിയ സ്വാധീനമാണ് ഉണ്ടാക്കിയത്. മനുഷ്യരോടുള്ള സ്നേഹം, ദോഷങ്ങൾ മറച്ചുവെക്കൽ, പരസ്പരം സഹായിക്കൽ, ആരുടെയെങ്കിലും തെറ്റ് കണ്ടാൽ മറ്റുള്ള

വരുടെ മുമ്പിൽ അത് പറയാതിരിക്കൽ, എന്നല്ല അവനുവേണ്ടി ദുആ ചെയ്യൽ ഈ അധ്യാപനങ്ങളാണ് ഖലീഫ വിവരിച്ചത്. അഹോ കഷ്ടം! മുഴുലോകവും അദ്ദേഹത്തിന്റെ ഈ ശബ്ദം കേട്ടിരുന്നെങ്കിൽ! ലോകം നേരായ വഴിയിൽ വരാൻ ആഗ്രഹിക്കുന്നെങ്കിൽ അതിന് ഈ ശബ്ദങ്ങൾക്ക് ചെവികൊടുക്കേണ്ടതായി വരും. അദ്ദേഹത്തിന്റെ അധ്യാപനങ്ങളെ അംഗീകരിക്കേണ്ടതായി വരും."

ഗനീബസാവയുമായി ബന്ധംവെക്കുന്ന ഒരു യുവാവ് അബൂബക്കർ സാഹിബ് പോർട്ടുഗലിൽ പബ്ലിക്ക് സെക്യൂരിറ്റി മാസ്റ്റർ ചെയ്തുകൊണ്ടിരിക്കുകയാണ്. യൂണിവേഴ്സിറ്റിയിൽ പഠിച്ചുകൊണ്ടിരിക്കുന്നു. പറയുന്നു: സെക്യൂരിറ്റിയുടെ ഏർപ്പാടുകൾ ജൽസയുടെ അവസരത്തിൽ ഞാൻ കണ്ടു. അത് തികച്ചും ഒറ്റപ്പെട്ടതാണ്. 40,000 ആളുകളുടെ കൂട്ടത്തെ സംരക്ഷിക്കുക; അതും പോലീസിന്റെ സഹായമില്ലാതെ. തങ്ങളെ സംബന്ധിച്ചിടത്തോളം ഇത് അസാധാരണമായ കാര്യമാണ്. ഇത്രവലിയ ജനക്കൂട്ടത്തെ സംരക്ഷിച്ചുനിറുത്തുക ഒരു സ്റ്റേറ്റിനുപോലും പ്രയാസമാണ്. കലഹവും വഴക്കും ഉന്തും തള്ളും ഏതെങ്കിലുമൊക്കെ കുഴപ്പങ്ങളും സാധാരണ ഉണ്ടാകാറുണ്ട്. ഇവിടെ എനിക്ക് ജൽസ നടക്കുമ്പോൾ ഒരു പോലീസുകാരനെയും കാണാൻ കഴിഞ്ഞില്ല. എന്നിട്ടും ആരും വഴക്കിടുന്നത് കണ്ടില്ല. മറിച്ച് എല്ലാ ആളുകളേയും സ്നേഹത്തോടും സന്തോഷത്തോടും സാഹോദര്യവികാരത്തോടും കൂടിയാണ് കണ്ടത്. ഇക്കാര്യം എന്റെ മനസ്സിന് വല്ലാതെ ആകർഷിച്ചിരിക്കുന്നു.

മസിഡോണിയാ(Macedonia)യിൽനിന്ന് 65 പേരടങ്ങുന്ന സംഘം ജൽസയിൽ പങ്കെടുത്തു. അവരിൽ വലിയൊരു വിഭാഗം മസിഡോണിയാ(Macedonia)യിൽനിന്ന് ജർമനിവരെ ഏകദേശം 2000 കിലോമീറ്റർ, 42 മണിക്കൂർ ബസ്സിൽ യാത്രചെയ്താണ് എത്തിയത്. അവരിൽ 4 വിവിധ ടെലിവിഷൻ ചാനലുകളുടെ 5 പത്രപ്രവർത്തകരുമുണ്ടായിരുന്നു. മൂന്ന് വിവിധ പ്രാദേശിക ടെലിവിഷൻ ചാനലുകളുടെ പ്രതിനിധികളുമുണ്ടായിരുന്നു. ഒരാൾ നാഷണൽ ടെലിവിഷന്റെ പത്രപ്രവർത്തകനായിരുന്നു. ഈ പത്രപ്രവർത്തകർ ജൽസാസാലാനയുടെ അവസരത്തിൽ റെക്കോർഡിംഗും നടത്തി. വിവിധ ആളുകളുമായി അഭിമുഖവും നടത്തിക്കൊണ്ടിരുന്നു. 28ന് ഞാനുമായി അവർ കൂടിക്കാഴ്ച നടത്തി. പറയുന്നു: 'ഞങ്ങൾ ചെയ്തിട്ടുള്ള ഈ റെക്കോർഡിംഗും കൂടിക്കാഴ്ച തുടങ്ങിയവയും ഡോക്യുമെന്ററി ആക്കുകയും കാണിക്കുകയും ചെയ്യുന്നതായിരിക്കും.' അതിൽ 32 ക്രൈസ്തവ സുഹൃത്തുക്കളുമുണ്ടായിരുന്നു. 23 അഹ്മദികളും 10 അനഹ്മദി സുഹൃത്തുക്കളുമുണ്ടായിരുന്നു. അവരിൽ ഒരാൾ അവസാനദിവസം ബയ്അത്തും ചെയ്തു.

മസിഡോണിയാ(Macedonia)യിലെ നഗരമായ ബറോവായിൽ (Beravo) നിന്ന് വന്ന ഒരു അതിഥി വക്കീൽ ബ്ലാജിക്ക ട്രെൻകൗസ്കാ (Blagica Trencouska) പറയുന്നു: "ഞാൻ ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. എല്ലാ ഒരുക്കങ്ങളും ഗംഭീരമായിരുന്നു. ഒരു കുറവുമുണ്ടായിരുന്നില്ല. പറയുന്നു: പ്രസംഗങ്ങൾ എന്നിൽ അഗാധമായ സ്വാധീനമാണ് ചെലുത്തിയത്. ഇസ്ലാമിന്റെ യഥാർഥ ഉദ്ദേശ്യം യുദ്ധമല്ല സമാധാനമാണെന്ന് എനിക്ക് ഈ പ്രസംഗങ്ങളിൽനിന്ന് മനസ്സിലായി. യഥാർഥത്തിൽ ഇസ്ലാം ജനങ്ങളുടെ സുപ്രധാനവും അടിസ്ഥാനപരവുമായ കാര്യങ്ങളാണ് പഠിപ്പിക്കുന്നത്. അതായത് എങ്ങനെ ഒരു ആരോഗ്യമുള്ള സമൂഹം നിലവിൽ കൊണ്ടുവരാൻ കഴിയും! നന്മ ജയിക്കണമെന്നും തിന്മ പരാജയപ്പെടണമെന്നുമാണ് ഇസ്ലാം ഏതവസ്ഥയിലും പഠിപ്പിക്കുന്നത്. അവർ പറയുന്നു: നമ്മൾ ഈ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ യുദ്ധം കൂടാതെ ലോകം സമാധാനത്തിന്റെയും ശാന്തിയുടെയും കളിത്തൊട്ടിലായിത്തീരുന്നതാണ്."

പറയുന്നു: "അങ്ങ് സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് സംസാരിക്കുകയുണ്ടായി. അതിലും ഞാൻ മനസ്സിലാക്കുന്നത് ഇത് വളരെ ഉത്തമമായ അധ്യാപനമാണെന്നാണ്. സ്ത്രീ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റേയും ശിക്ഷണത്തിന്റേയും കാര്യത്തിൽ ഉത്തരവാദിയാണ്. അവരുടെ പങ്ക് ഇക്കാര്യത്തിൽ പ്രധാനപ്പെട്ടതാണ്. അദ്ദേഹം തന്റെ വാക്കുകളിൽ ഈ പ്രസംഗത്തെ, സ്ത്രീകളുടെ അവകാശത്തെ എങ്ങനെയാണ് വിവരിച്ചതെന്നാൽ അവർ പറയുന്നു, അവിടന്ന് പറഞ്ഞതിന്റെ സംഗ്രഹം ഞാൻ പറയുന്നത് ഇങ്ങനെയായിരിക്കും: ഭാര്യ കിളിക്കൂടിനെ പരിപാലിക്കുന്നവളാണ്. ഭർത്താവ് കിളിക്കൂടിനെ സംരക്ഷിക്കുന്നവനാണ്. ഭർത്താവ് കുടുംബത്തിന്റെ ഹെഡ്ഡാണെന്ന് ഞാൻ മനസ്സിലാക്കുന്നു. സ്ത്രീ കഴുത്തും. രണ്ടും ഒന്ന് മറ്റൊന്നിനെ കൂടാതെ നിലനില്ക്കുകയില്ല. പറയുന്നു: "ബയ്അത്തും എന്നിൽ അഗാധമായ സ്വാധീനമാണ് ചെലുത്തിയത്. സമയം നിലച്ചുപോയതായി എനിക്ക് അനുഭവപ്പെട്ടു. നാനാഭാഗത്തും ആളുകൾതന്നെയായിരുന്നു, ആളുകൾ. അവർ ആ നിമിഷങ്ങളിൽനിന്ന് പിന്തള്ളപ്പെടാൻ ആഗ്രഹിച്ചിരുന്നില്ല. സകല വഴികളും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഉണ്ടായിരുന്ന ഒരേ ദിശയിലേക്ക് പോകുകയായിരുന്നു. ആ നേരത്ത് ജൽസാഗാഹിന്റെ ചുറ്റുപാടും മരുഭൂമി പോലെയായിരുന്നു. ആരും പുറത്തുണ്ടായിരുന്നില്ല.

പക്ഷേ എനിക്ക് ചില പരാതികളുമുണ്ട്. ജർമനിക്കാർ ഇക്കാര്യത്തിൽ സന്തോഷിക്കാൻ പാടില്ല. അല്ലാഹു ദോഷങ്ങൾ മറച്ചുവെച്ചിട്ടുണ്ട്. പക്ഷേ, തർബിയ്യത്ത് വകുപ്പ് ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ യഥാർഥമായി ഇതുണ്ടാകണം. ഉള്ളതുപോലെയായിരിക്കണം ഇത്. കാരണം ജൽസ നടന്നുകൊണ്ടിരിക്കുമ്പോൾ ആളുകൾ ചുറ്റിക്കറങ്ങിനടന്നുവെന്നും എം.ടി.എക്കാരും അത് കാണിച്ചുകൊണ്ടിരുന്നുവെന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. ഉള്ളത് അതുപോലെ കാണിച്ചുവെന്നത് നല്ല കാര്യമാണ്. പക്ഷേ, ജൽസയുടെ പരിപാടികൾ നടക്കുമ്പോൾ ആ ജൽസയിലേക്ക് കൂടുതൽ ഫോക്കസ് ചെയ്യേണ്ടതാണ്. ഈ എം.ടി.എ കാരണത്താൽ കുറഞ്ഞപക്ഷം ധാരാളം ആളുകൾക്ക് എന്തോ കുറവുണ്ടായിരുന്നുവെന്ന് അറിയാൻ കഴിഞ്ഞു.

അവർ പറയുന്നു: 'ജൽസ ഇസ്ലാമിനെക്കുറിച്ചുള്ള എന്റെ അറിവ് ഒരുപാട് വിശാലമാക്കി. വാക്കുകൾ മാഞ്ഞുപോകാം. പക്ഷേ, ഇപ്പോൾ ഇസ്ലാമിന്റെ ചിത്രം എന്റെ മനസ്സിൽ ആയിക്കഴിഞ്ഞിട്ടുള്ളത് എപ്പോഴും നിലനില്ക്കുന്നതായിരിക്കും.'

മസിഡോണിയാ(Macedonia)യിൽനിന്ന് വന്ന ഒരു വനിത അതിഥി ഇവർ ടിവിയുടെ പത്രപ്രവർത്തകയാണ്. പറഞ്ഞു: "ജൽസ എന്നിൽ ഇസ്ലാമിന്റെ പുതിയ ദിക്കുകളിലേക്ക് മാർഗദർശനം നൽകി. ഇടയ്ക്ക് ഇസ്ലാം എന്ന പദം എന്നിൽ നിഷിദ്ധമായിരുന്ന ഒരു സമയവുമുണ്ടായിരുന്നു. ഇപ്പോൾ എനിക്ക് ഇസ്ലാമിനെ സംബന്ധിച്ച പുതിയ അറിവ് കരസ്ഥമായിരിക്കുന്നു. പത്രപ്രവർത്തക എന്ന നിലയിൽ പുതിയ അനുഭവം കരസ്ഥമാക്കിയതിൽ ഞാൻ നന്ദിയുള്ളവളാണ്. ഈ പ്രതികരണങ്ങൾ ഞാൻ എന്നോടൊപ്പം മെസിഡോണിയായിലേക്ക് കൊണ്ടുപോകുന്നതാണ്. ഞാനുമായി കൂടിക്കാഴ്ചയും നടത്തിയിരുന്നു. പറയുന്നു: ഈ കൂടിക്കാഴ്ചയും എന്നിൽ വലിയ പോസിറ്റീവായിട്ടുള്ള സ്വാധീനമാണ് ചെലുത്തിയത്. വീണ്ടും പറയുന്നു: ഇസ്ലാമിനെ മനസ്സിലാക്കണമെങ്കിൽ വിശുദ്ധഖുർആനിൽനിന്ന് നേരിട്ട് പഠിക്കണമെന്നുള്ള താങ്കൾ പറഞ്ഞ കാര്യം ശരിയാണ്. യഥാർഥ ഇസ്ലാമിനെ ഇത്തരം Radical ഇസ്ലാമിനോടൊപ്പം കൂട്ടിക്കലർത്താൻ പാടില്ല. ഈയ്യിടെയായി ചില ആളുകളിൽനിന്ന് അത്തരം പ്രകടനമുണ്ടാകുന്നു. പറയുന്നു: അവസാനം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ് ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ എല്ലാ മറുപടികളും കേട്ട് സംതൃപ്തയാണ്. താങ്കൾ എന്നെ പുതിയ വശങ്ങളിലേക്ക് മാർഗദർശനം നടത്തി. പുതിയ ചക്രവാളത്തിലേക്ക് മാർഗദർശനം നടത്തി. ഞാൻ ഇപ്പോൾ ഇസ്ലാമിന്റെ യഥാർഥചിത്രം കണ്ടിരിക്കുന്നു.

മെസിഡോണിയായിൽനിന്ന് ടിവിയുടെ ഒരു പത്രപ്രവർത്തകൻ Cale Ristekski സാഹിബ് പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ ഇത്തരത്തിലുള്ള മീറ്റിംഗിൽ ആദ്യമായിട്ടാണ് പങ്കെടുക്കുന്നത്. ഇതെല്ലാം എനിക്ക് പുതിയതായിരുന്നു. ഞാൻ മുസ്ലിംകളെ കുറിച്ച് ഒരുപാട് പഠിച്ചു. ജൽസയിൽ പ്രവർത്തിക്കുന്നവർ ക്ഷീണമുള്ളവരായി എനിക്ക് തോന്നിയില്ല.' പ്രവർത്തകരുടെ അവസ്ഥ അദ്ദേഹത്തിന് വലിയ അത്ഭുതമായിരുന്നു. അതായത് അവരിൽ ക്ഷീണാവസ്ഥ കണ്ടില്ല. പറയുന്നു: ഇക്കാര്യം എനിക്ക് വളരെയധികം അത്ഭുതമുണ്ടാക്കി. ഇത്രയധികം ആളുകൾ ഒരിടത്ത് സംഘടിച്ചിരിക്കുക. ഓരോരുത്തരും അവരവരുടെ ജോലി ചെയ്തുകൊണ്ടിരിക്കുക. ആർക്കും ഒരു പ്രശ്നവും ഉണ്ടാകാതിരിക്കുക. ഇക്കൂട്ടരിൽ ഞാൻ ഉണ്ടായിരുന്ന കാര്യം എനിക്ക് സന്തോഷം പകരുന്നതാണ്. അവരിൽ ചിലർ എന്റെ സുഹൃത്തുക്കളായി. സുഹൃത്ത് എന്ന് പറയുന്നത് സമ്പത്താണ്. ഈ ജൽസയ്ക്കുശേഷം ഞാൻ എന്നെ സമ്പന്നനായി മനസ്സിലാക്കുന്നു.'

പിന്നീട് മെസിഡോണിയായിൽനിന്ന് വന്ന ഒരു അതിഥിയാണ് Rodne Deolska. അവർ ഒരു ടിവി പത്രപ്രവർത്തകയാണ്. പറയുന്നു: ജൽസ എനിക്ക് പത്രപ്രവർത്തക എന്ന നിലയിൽ ഒരു പുതിയ അനുഭവമായിരുന്നു. പത്രപ്രവർത്തകർക്ക് ആഗോളതലത്തിൽ പുതിയ സംഭവം അല്ലെങ്കിൽ പുതിയ കാര്യം പ്രധാനപ്പെട്ടതാണ്. ഞാൻ എന്നെ ഭാഗ്യവതിയായി മനസ്സിലാക്കുന്നു. ഞാൻ ഈ ജൽസ നേരിട്ടുകണ്ടു. അതിൽനിന്ന് തിരിച്ചറിവ് കരസ്ഥമാക്കി. ജൽസയിലെ എല്ലാ ഏർപ്പാടുകളും എന്നിൽ പ്രത്യേക സ്വാധീനമുണ്ടാക്കി. ഈ ജൽസയിൽനിന്ന് ഞാൻ ഇസ്ലാമിനെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ പഠിച്ചു. ഇസ്ലാം സ്വീകരിച്ചവരുമായി ഞാൻ അഭിമുഖവും നടത്തി. ഞാൻ മെസിഡോണിയായിൽ തിരിച്ചെത്തിയാൽ ഈ എല്ലാ റെക്കോർഡിംഗുകളിൽനിന്നും ഒരു ഡോക്യുമെന്ററി തയ്യാക്കുന്നതാണ്. ഈ സന്ദേശം മെസിഡോണിയൻ ജനതവരെ എത്തിക്കുന്നതാണ്."

ലിഥ്വാനിയ(Lithuania)യിൽനിന്ന് ഒരു അതിഥി അഗസ്റ്റീനാസ് സുലൈജ (Augustinas Sulija)സാഹിബ് പറയുന്നു: ഞാൻ എന്റെ വീട്ടിൽ നിൽക്കുന്നതുപോലെയാണ് എനിക്ക് തോന്നിയത്. നിങ്ങളുടെ ജമാഅത്ത് ലോകത്തിലെ വിവിധ പ്രദേശങ്ങളിൽനിന്ന് ചുരുങ്ങിയ സമയത്തിനുവേണ്ടി ഇവിടെ സംഘടിച്ചിരിക്കുകയാണ്. നാലുഭാഗത്തും ജീവാർപ്പണത്തിന്റെ ഒരു ആത്മാവ് പ്രദർശിപ്പിക്കുന്നു. എന്നെപോലുള്ള അജ്ഞാതർക്ക് ഇത് വളരെ അത്ഭുതമാണ്. ഇത് തികച്ചും ഒരു പുതിയൊരു ലോകമാണ്. നാഗരികതയും സംസ്കാരവും മതവും തനിമയും ഭക്ഷണപാനീയങ്ങളും വൃത്താന്തങ്ങളും പോലുള്ള ധാരാളം കാര്യങ്ങൾ കാണാൻ അവസരമുണ്ടായതിൽ ഞാൻ സന്തോഷിക്കുന്നു. നിങ്ങൾ അഹ്മദിയായ കാരണത്താൽ നിത്യവും ഒരു മഹത്തായ ഉദ്ദേശ്യത്തിനുവേണ്ടി പ്രയാസങ്ങളെ നേരിടുകയും പരിശ്രമിക്കുകയും ചെയ്യുന്നത് പ്രശംസാർഹമാണ്. നിങ്ങളുടെ ചിന്താഗതികൾ തികച്ചും ശരിയാണ്. മൂല്യങ്ങൾ ശരിയാണ്. ഇതിൽ ആഗോളത പ്രകടമാകുന്നു.

ലിഥ്വാനിയ(Lithuania)യിൽനിന്ന് വന്ന ഒരു അതിഥി പറയുന്നു: ജമാഅത്തിനെ ഇത്ര അടുത്തുനിന്ന് കാണുക എന്നത് എനിക്ക് സന്തോഷത്തിന് കാരണമാണ്. കാരണം ഇതിനു മുമ്പേ എനിക്ക് മുസ്ലിംകളെക്കുറിച്ച് ഒന്നും അറിയില്ലാ

യിരുന്നു. ഈ ജൽസയിൽനിന്ന് എനിക്ക് ഒരുപാട് പഠിക്കാൻ കഴിഞ്ഞു. ഇനി എനിക്ക് ഒരു നല്ല മനുഷ്യൻ എന്ന നിലയിൽ ജീവിക്കാൻ സാധിക്കുന്നതാണ്. ഈ മതത്തിന്റെ അധ്യാപനങ്ങൾ ഒരു നല്ല മനുഷ്യൻ ആക്കുന്നതിൽ എന്റെ സഹായിയായി സ്ഥാപിതമാകുന്നതാണ്. എന്നോട് വളരെ നല്ലരീതിയിലാണ് പെരുമാറിയത്. പറയുന്നു: എനിക്ക് തോന്നിയത് ഞാൻ മാത്രമേ ഒരു അതിഥിയായിട്ടുള്ളൂ എന്നാണ്. കാരണം എല്ലാവർക്കും എന്റെ സൗഖ്യത്തെക്കുറിച്ചുള്ള ചിന്തയായിരുന്നു. ഞാൻ ഇതിനെ വളരെ പ്രശംസിക്കുന്നു.'

അതുകൊണ്ട് അന്യരും (ജൽസയിൽ) പങ്കെടുത്ത് തങ്ങളുടെ ഉള്ളിൽ ഒരു മാറ്റം അനുഭവിക്കുന്നുണ്ട്. നമുക്കുവേണ്ടിയാണല്ലോ ഈ ജൽസ സംഘടിപ്പിക്കുന്നത്. അപ്പോൾ നമ്മൾ ഏതുവരെ പരിശ്രമിച്ച് നമ്മളിൽ മാറ്റങ്ങളുണ്ടാക്കേണ്ടതാണ്.

ലിഥ്വാനിയ(Lithuania)യിൽനിന്ന് വന്ന ഒരു അതിഥി Ingrida പറയുന്നു: ഈ പരിപാടിയിൽ ആദ്യമായിട്ടാണ് ഞാൻ പങ്കെടുക്കുന്നത്. പക്ഷേ, ഇത്ര വൻതോതിലുള്ള ജനങ്ങളുടെ പങ്കുചേരൽ എനിക്ക് അത്ഭുതത്തിന് കാരണമായി. ഇവിടെ വളരെയധികം മതങ്ങളിലേയും സംസ്കാരങ്ങളിലേയും ആളുകൾ സംഘടിച്ചിരിക്കുന്നു. എല്ലാവരും പരസ്പരം സഹായിക്കുന്നവരാണ്. രണ്ടാമത്തേത് ഈ പരിപാടിയുടെ മനോഹരമായ ഏർപ്പാടുകളും അത്ഭുതമുളവാക്കുന്നതാണ്. ആകർഷണീയമാണ്. പ്രസംഗങ്ങൾ കേട്ടും ഖലീഫയുമായി കൂടിക്കാഴ്ച നടത്തിയും എനിക്ക് ജമാഅത്തിനെക്കുറിച്ച് അറിയാനുള്ള താൽപര്യം കൂടിയിരിക്കുന്നു. ഞാൻ നിങ്ങളുടെ ഗ്രന്ഥങ്ങൾ തീർച്ചയായും വായിക്കുന്നതാണ്. കാരണം അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണങ്ങളിൽ ഏതൊരു കാര്യമാണോ പറയപ്പെട്ടത് അത് ബുദ്ധിക്ക് അടുത്താണെന്നുള്ള കാര്യം മനസ്സിലായി. എന്റെ ഈ അനുഭവം നല്ലതായിരുന്നു. ഇനി ഞാൻ അടുത്തവർഷം നടക്കുന്ന ജൽസയും പ്രതീക്ഷിച്ചിരിക്കുന്നതാണ്.'

പക്ഷേ, ഒരു പ്ലാനും അവർ ജർമനിക്കാർക്ക് നൽകുകയുണ്ടായി. അവർ പറയുന്നു: ഞാൻ കരുതുന്നത് ഇടവേളകളിലും വിവിധ എക്സിബിഷനുകളും പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നുണ്ടെന്നാണ്. അതിൽ ജനങ്ങൾ അധികമായി പങ്കെടുക്കുന്നതിന് കൂടുതൽ കൂടുതൽ അറിവുകൾ ലഭ്യമാക്കിക്കൊണ്ട് അത് മെച്ചപ്പെടുത്താൻ കഴിയുന്നതാണ്.

ഇപ്രകാരം കൊസോവോ(Kosovo)യിൽ നിന്നും18 അംഗങ്ങൾ അടങ്ങുന്ന ഒരു സംഘമെത്തിയിരുന്നു. അതിൽ ഒരു അനഹ്മദിയും ബാക്കി 17 അഹ്മദികളുമായിരുന്നു.

എസ്റ്റോണിയാ(Estonia)യിൽനിന്ന് ഒരു അതിഥി ലോറാ (Laura) സാഹിബ പറയുന്നു: ജൽസ സാലാനയുടെ ഏർപ്പാടുകളിൽ ഞാൻ അങ്ങേയറ്റം ആകർഷിതയാണ്. സംഘാടകർ എല്ലാതരത്തിലുള്ള അവസ്ഥയ്ക്കുംവേണ്ടി ആദ്യം മുതൽ എല്ലാം ചിന്തിച്ചുവെച്ചിരുന്നതായി എനിക്ക് തോന്നി. എല്ലാതരത്തിലുള്ള ആവശ്യങ്ങൾക്കും പ്രശ്നങ്ങൾക്കും പരിഹാരമുണ്ടായിരുന്നു. ഒരു അതിഥി എന്ന നിലയിൽ എന്നെ ആദരിക്കുകയും ചെയ്തു. എല്ലാവിധത്തിലും എന്നെ ശ്രദ്ധിച്ചു. ഞാൻ ജൽസാ സാലാനയുടെ പൊതുവെയുള്ള അന്തരീക്ഷം വളരെ നല്ലതായി കണ്ടു. ജൽസയിൽ പങ്കെടുത്തവർ സമാധാനകാംക്ഷികളും സുഹൃത്തുക്കളും സഹായിക്കുന്നവരുമായിരുന്നു. ഒരുപാട് നല്ല ആളുകളുമായി കൂടിക്കാഴ്ച നടത്താൻ കഴിഞ്ഞുവെന്നത് എനിക്ക് സന്തോഷമുള്ള കാര്യമാണ്. അവർ ജമാഅത്തിനെക്കുറിച്ച് തങ്ങളുടെ അനുഭവങ്ങളുടെ വെളിച്ചത്തിൽ ആവേശഭരിതമായ നിലയിൽ പറഞ്ഞുകൊണ്ടിരുന്നു. ഞാൻ ജൽസയിലെ പ്രസംഗങ്ങൾ കേട്ടു. പ്രത്യേകിച്ചും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണങ്ങൾ നല്ലവണ്ണം ആസ്വദിച്ചു.അത് വർത്തമാനകാല അവസ്ഥകളെക്കുറിച്ചായിരുന്നു. ഈ പ്രഭാഷണങ്ങളുടെ സന്ദേശം അങ്ങേയറ്റം വ്യക്തമായിരുന്നു. അവയിൽ പുതിയ ചിന്താഗതികളുണ്ടായിരുന്നു. പുതിയ അറിവുകളുണ്ടായിരുന്നു. അത് ഞാൻ എന്നോടൊപ്പം കൊണ്ടുപോകുന്നതാണ്. ഇമാമിന്റെ സമാപന പ്രഭാഷണം ഒരുപാട് നേരം ചിന്തിക്കുന്നതിന് നിർബന്ധിച്ചു. എന്നിൽ അതിന്റെ ഒരു പ്രത്യേക സ്വാധീനമുണ്ട്. ഇത് യഥാർഥത്തിൽ മനസ്സിനെ സ്പർശിക്കുന്ന അനുഭവമായിരുന്നു.'

അൽബേനിയ(Albania)യിൽനിന്ന് 48 പേരടങ്ങുന്ന ഒരു സംഘം വന്നിരുന്നു. 19 അഹ്മദികളും 29 അൽബാനിയൻ അനഹ്മദികളുമായിരുന്നു. 43 മണിക്കൂർ യാത്ര ചെയ്താണ് അവർ ഇവിടെ എത്തിയത്. അവരിൽ സർക്കാരന്റെ 2 പ്രതിനിധികളുമുണ്ടായിരുന്നു. അവരിൽ ഒരാൾ Chairman of State Committee on Cults ആയിരുന്നു.

ഇതുപോലെതന്നെ ഹംഗറി(Hungary)യിൽനിന്ന് 20 പേരടങ്ങുന്ന സംഘം ജൽസയിൽ പങ്കെടുത്തു. 11 അഹ്മദികളായിരുന്നു; 9 മറ്റുള്ള അതിഥികളും. ഒരു അതിഥി Agekjan Ajasztan സാഹിബ പറയുന്നു: അവരുടെ യഥാർഥ രാജ്യം അർമേനിയ(Armenia) ആണ്. ഹംഗറിയിൽ തന്റെ നഗരമായ ഗയോറി(Gyor)ൽ വളരെ സ്വീകാര്യയായ സാമാജിക വ്യക്തിത്വമാണ്. ഹംഗറിയിലെ നിലവിലുള്ള Arminian Minority യുടെ ക്യാബിനറ്റി(Cabnet)ന്റെ പ്രതിനിധിയാണ്. ഹംഗറിയിലെ മുബല്ലിഗ് പറയുന്നു: ഒരു വൈകുന്നേരം ജൽസയുടെ അവസാനത്തിൽ സ്വയം അവർ പറയാൻ തുടങ്ങി, 'ഇത്രമാത്രം ആയിരക്കണക്കിന് മുസ്‌ലിം പുരുഷന്മാരുടെ ഇടയിൽ ഒരു ഭയവും കൂടാതെ ചുറ്റിക്കറങ്ങുകയാണ് ഞാൻ. ഇവിടെ എല്ലാവരും സംസ്കാരസമ്പന്നരും മാന്യതയുളളവരും അച്ചടക്കം പാലിക്കുന്നവരും സ്ത്രീകളെ ആദരിക്കുന്നവരുമാണ്. മാധ്യമങ്ങൾ പറയുന്നത് അഭയാർഥികൾ പ്രത്യേകിച്ചും മുസ്‌ലിംകൾ സംസ്കാരമില്ലാത്തവരും സ്ത്രീകളോട് അപമര്യാദയോടെ പെരുമാറുന്നവരുമാണെന്നാണ്. ഈ മുസ്‌ലിംജനത എത്രമാത്രം സംസ്കാരസമ്പന്നരാണെന്ന് അവർ ഇവിടെ വന്ന് കാണണം. അവർ പറയുന്നു: ഒരു ചെറിയ കുട്ടി എന്റെയടുക്കൽ വന്നു. നിങ്ങൾ ആരാണ്? എവിടെനിന്ന് വന്നു? എന്ന് അവൻ എന്നോട് ചോദിച്ചില്ല. മറിച്ച് വളരെ സ്നേഹത്തോടെ എന്റെ കൈയിൽ വെള്ളം കുടിക്കാൻ ഗ്ലാസ് തന്നു. ഞാൻ വെള്ളം കുടിച്ചുകഴിഞ്ഞപ്പോൾ മറ്റൊരു കുട്ടി എന്റെ പിന്നിൽനിന്ന് വന്നു. ആ കാലിയായ ഗ്ലാസ് എന്നിൽനിന്ന് വാങ്ങി. ഇവിടെ വലിയവരും കുട്ടികളുമെല്ലാം സ്നേഹത്തിന്റെ അമ്പാസിഡർമാരാണ്.

ജൽസയിൽ പങ്കെടുത്തവരുടെ എണ്ണം പറഞ്ഞപ്പോൾ ക്രിസ്ത്യാനികൾക്ക് ഇതിനേക്കാൾ പത്തിരട്ടി കൂടുതൽ പങ്കെടുക്കേണ്ടതാണെന്ന് തോന്നി. സംസ്കാര സമ്പന്നമായ സമൂഹത്തിൽ പരസ്പരം ആദരിക്കേണ്ടത് എങ്ങനെയാണെന്ന് അവർ പഠിക്കേണ്ടതാണ്.

ഹംഗറി(Hungary)യിലെ ഒരു അതിഥി Gabor Tamas സാഹിബ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഏതൊരു മതപരമായ അന്തരീക്ഷവും സമാധാനവും മനുഷ്യത്വവും സാഹോദര്യവുമാണോ ഇവിടെ കാണുന്നതിന് അവസരം ലഭിച്ചത്, അതിൽനിന്ന് ഫലമെടുക്കാനുള്ള അവസരവും കിട്ടി. അത് ലോകത്ത് മറ്റെവിടെയും കാണുകയില്ല. ഞാൻ അമേരിക്കയിലും പാതിരി എന്ന നിലയിൽ ദീർഘനാൾ പ്രവർത്തിച്ചിട്ടുണ്ട്. ഒരുപാട് രാജ്യങ്ങൾ കണ്ടിട്ടുണ്ട്. പക്ഷേ, ഇന്ന് ഇവിടെ കണ്ട അന്തരീക്ഷം ഒരിടത്തും കണ്ടിട്ടില്ല. അഹ്മദികൾ വലിയ ഭാഗ്യവാന്മാരാണ്. അവരുടെ പക്കൽ ഒരു ലീഡർ ഉണ്ട്. അദ്ദേഹം അഹ്മദികളെ സ്നേഹിക്കുന്നു. അവരെ എപ്പോഴും നേരായ മാർഗത്തിൽ നടത്തുന്നു. ഈ ജൽസയിൽ പങ്കെടുത്ത് ഞാൻ എന്റെ വിശ്വാസത്തെ ശക്തിപ്പെടുത്തുകയാണ്. പറയുന്നു: നിങ്ങളുടെ ജമാഅത്ത് നിത്യവും വർധിച്ചുകൊണ്ടിരിക്കുന്നു. ഞങ്ങൾ ക്രിസ്ത്യാനികൾ നിത്യവും കുറഞ്ഞുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ ചർച്ചുകൾ ശൂന്യമായിക്കൊണ്ടിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനോട് ഞാൻ ചോദിച്ചപ്പോൾ 'ഭൗതികത വർധിച്ചുകൊണ്ടിരിക്കുന്നു. ആത്മീയത കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇക്കാരണത്താലാണ് ഇതെല്ലാം ഉണ്ടാകുന്നതെന്നാണ്. പറയുന്നു: നമ്മുടെ ഒരു ഉടമസ്ഥനുണ്ടെന്നും അവനെ വിശ്വസിച്ചാൽ മാത്രമേ ലോകത്ത് സമാധാനസ്ഥാപിതമാകുകയുള്ളൂവെന്നും നമുക്ക് ജനങ്ങളോട് പറയേണ്ടിവരും.'ഞാൻ പറഞ്ഞ കാര്യമാണ് അദ്ദേഹം quote ചെയ്തത്.

ഒരു സിറിയൻ സുഹൃത്ത് അക്രമുദ്ദുമാനി സാഹിബ് പറയുന്നു: ഞാൻ ജമാഅത്തിനെക്കുറിച്ച് അറിഞ്ഞത് ഒരു മാസം മുമ്പേയാണ്. ഞാൻ അഹ്മദികളുടെ ഒരു മീറ്റിംഗിൽ പങ്കെടുത്തിരുന്നു. അവിടെവെച്ചാണ് ആദ്യമായി അഹ്മദിയ്യാ ജമാഅത്തനെക്കുറിച്ച് കേൾക്കുന്നത്. പിന്നീട് ഞാൻ എന്റെ കുടുംബത്തോടൊപ്പം ജൽസയിൽ വന്നു. ആളുകൾ വളരെ നല്ലവരും അതിഥി സൽക്കാരപ്രിയരുമാണ്. അവർ ജമാഅത്തിന്റെ വിശ്വാസാദർശങ്ങളെ സംബന്ധിച്ച് വളരെ സ്നേഹത്തോടും വാത്സല്യത്തോടുംകൂടി സംസാരിക്കുന്നു. ഒരു കാര്യം, അത് ഞാൻ ജൽസയിൽ മുഅ്ജിസത്തായി കാണുകയാണ്. അതെന്താണെന്നാൽ ഇത്രവലിയ ജനങ്ങൾ സംഘടിച്ചിട്ടും മൂന്ന് ദിവസവും ഒരു പ്രാവശ്യം പോലും പരസ്പരം വഴക്കോ കലഹമോ ഉണ്ടായില്ല. ഹജ്ജിനും ചിലപ്പോൾ വലിയ ആളുകൾ പരസ്പരം വഴിക്കിടാറുണ്ട്. പക്ഷേ, ഇവിടെ ഞാൻ ആരേയും പരസ്പരം ഉയർന്ന ശബ്ദത്തിൽ സംസാരിക്കുന്നതുപോലും കണ്ടില്ല. മറ്റൊരു കാര്യം കൂടിയുണ്ട്. അത് ഞാൻ ദിവ്യാത്ഭുതമായി മനസ്സിലാക്കുകയാണ്. അഹ്മദി അതിഥികൾ സ്ത്രീകളുടെ നേരെ സാഹോദര്യത്തോടും ബഹുമാനദൃഷ്ടിയോടുംകൂടിയാണ് നോക്കുന്നത്. എത്രത്തോളമെന്നാൽ താൻ ആരേയും വൃത്തികെട്ട ദൃഷ്ടിയോടെ നോക്കുന്നത് കണ്ടില്ലെന്ന് എന്റെ ഭാര്യയും എന്നോട് പറഞ്ഞു.

ഉസാമ അബൂ മുഹമ്മദ് ഹൽബി പറയുന്നു: ജൽസയിൽ ഇത്രയധികം ആളുകൾ പങ്കെടുത്തിട്ടും ഒരുക്കങ്ങളെല്ലാം വളരെ നല്ലതായിരുന്നു. സമാധാനത്തിനുവേണ്ടി സൂക്ഷ്മമായ എല്ലാ പ്രവർത്തനങ്ങളും പാലിച്ചിരുന്നു. ഇത്രയധികം ആളുകൾ പങ്കെടുത്തിട്ടും പ്രവർത്തകരുടെ സേവനം മാതൃകാപരമായിരുന്നു. നമ്മുടെ അഹ്മദി സഹോദരങ്ങൾ ആതിഥ്യവും താമസത്തിനുമുള്ള സൗകര്യവും നല്കി വളരെ ഭംഗിയായ നിലയിൽ നമ്മളെ സേവിച്ചു. അവരുടെ എല്ലാ വാക്കും പ്രവൃത്തികളും സത്യം പ്രകടിപ്പിക്കുന്നതായിരുന്നുവെന്നത് തികച്ചും വ്യക്തമാണ്. അത് ഒട്ടുമിക്ക ഇസ്‌ലാമിക കക്ഷികളിലും ഇല്ലാത്തതായിട്ടാണ് നമ്മൾ കാണുന്നത്. ഞാൻ അഹ്മദിയല്ല. പക്ഷേ, നിങ്ങളുടെ എല്ലാ പ്രവൃത്തികളേയും സ്തുതിക്കാതെയിരിക്കാൻ എനിക്ക് വയ്യ.

ഒരു സിറിയൻ സുഹൃത്ത് മഹ്മൂദ് സാഹിബ് അദ്ദേഹം പോളണ്ടുകാരനാണ്. പറയുന്നു: അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം കേട്ട് എന്റെ ഹൃദയം സന്തോഷത്തിന്റെ വികാരത്താൽ നിറഞ്ഞു. വെറും ഒരൊറ്റ പ്രഭാഷണത്തിൽ അവിടന്ന് ലോകത്തിലെ എല്ലാ പ്രശ്നങ്ങളുടെയും പരിഹാരം പറഞ്ഞു. പറയുന്നു: വിവിധ രാജ്യങ്ങളുടെ ഇടയിൽ എങ്ങനെ സമാധാനം സ്ഥാപിക്കാൻ കഴിയുമെന്ന് അദ്ദേഹം പറയുകയുണ്ടായി. ഇസ്‌ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ അതിനുള്ള പരിഹാരവും പറഞ്ഞുതന്നു. ഇക്കാരണത്താൽ എനിക്ക് ഞാൻ മുസൽമാൻ ആണെന്നതിൽ അഭിമാനമുണ്ടാകാൻ തുടങ്ങി.

പിന്നീട് ഒരു അതിഥി Grunniger സാഹിബ് പറയുന്നു: അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം പ

രസ്പരം മനസ്സിലാക്കുന്നതിന്റേയും പരസ്പരം ആശയവിനിമയം നടത്തുന്നതിന്റേയും കാര്യങ്ങ ൾ ഉദ്ധരിച്ചുകൊണ്ട് സംസാരിച്ചു. ഇക്കാര്യം ഇന്ന് ലോകത്തിന് ആവശ്യമാണ്. അദ്ദേഹത്തിന്റെ വാക്കുകൾ എന്നെ ഇന്ന് ലോകത്തിന്റെ നിലവി ലുള്ള അവസ്ഥയെക്കുറിച്ച് ചിന്തിക്കാൻ നിർബ ന്ധിതനാക്കി. വിശുദ്ധഖുർആന്റെ ആയത്തുകൾ ഉദ്ധരിച്ചുകൊണ്ട് ഇസ്ലാം ഒരിക്കലും ഭീകരവാ ദത്തിന്റെ മതമല്ലെന്ന് തികച്ചും വ്യക്തമാക്കി. പ റഞ്ഞു: നബി(സ) തിരുമേനി ശത്രുക്കൾക്കും മാപ്പ് കൊടുക്കാറുണ്ടായിരുന്ന മനുഷ്യനായിരുന്നു. അ ദ്ദേഹം പറയുന്നു: ഖലീഫയുടെ ഈ പ്രസംഗം കേട്ട് എനിക്ക് ആദ്യമായിട്ടാണ് യഥാർത്ഥത്തിൽ ഇസ്ലാം എന്തു വസ്തുവാണെന്ന് മനസ്സിലായ ത്. ഇസ്ലാം പ്രീതിയുടേയും സ്നേഹത്തിന്റേയും മതമാണ്. മാധ്യമങ്ങൾ കാണിക്കുന്നതുപോലുള്ള ഇസ്ലാമല്ല അത്.

ജർമനിയിൽ കഴിഞ്ഞ രണ്ടുമൂന്ന് വർഷമാ യി ബയ്അത്തിന്റെ പരിപാടിയും നടന്നുവരുന്നു ണ്ട്. ഈ വർഷം ജൽസയുടെ അവസരത്തിൽ 11 രാജ്യങ്ങളുമായി ബന്ധംവയ്ക്കുന്ന 33 അംഗ ങ്ങൾക്ക് ബയ്അത്ത് ചെയ്യാൻ തൗഫീഖ് കിട്ടി. ഇവരിൽ അൽബേനിയ(Albania), ഗാംബിയാ (Gambia), ഘാന(Ghana), ജർമനി(Germany), ഇറാഖ്(Iraq),യെമൻ(Yemen),മൊറോക്കോ(Morocco), പലസ്തീൻ(Palestine), സിറിയ(Syria), തുർക്കി(Turkey), ലിഥ്വാനിയ(Lithuania) തുട ങ്ങിയ രാജ്യങ്ങളിൽനിന്ന് വന്ന ആളുകളായിരു ന്നു ഉണ്ടായിരുന്നത്.

Lamees അബ്ദുൽ ജലീൽ സാഹിബ എസ്റ്റോ ണിയായിൽനിന്ന് പങ്കെടുത്തതാണ്. അവർക്ക് ബയ്അത്ത് ചെയ്യാനും ഭാഗ്യം കിട്ടി. അവർ പ റയുന്നു: ഞാൻ പലസ്തീൻകാരിയാണ്. എസ്റ്റോ ണിയൻ ചെറുപ്പക്കാരനാണ് എന്നെ വിവാഹംക ഴിച്ചിട്ടുള്ളത്. ഞാൻ രണ്ടാം തവണയാണ് ജൽ സയിൽ പങ്കെടുക്കുന്നത്. ആദ്യതവണ ജൽസ യിൽ പങ്കെടുത്തശേഷം ജമാഅത്തിനെക്കു റിച്ച് ധാരാളം സംശയങ്ങളും സന്ദേഹങ്ങളുമാ യിട്ടാണ് തിരിച്ചുപോയത്. പക്ഷേ, ഇപ്രാവശ്യം ജൽസയ്ക്കിടയിൽ ഞാൻ ധാരാളം ദുആ ചെയ് തു. അല്ലാഹുവേ, എനിക്ക് നേരായ മാർഗം ന ൽകിയാലും. അഹ്മദിയ്യാ ജമാഅത്ത് എനിക്ക് ശരിയായ വഴിയാണെങ്കിൽ, ജീവിക്കാനുള്ള ശരി യായ മാർഗമാണെങ്കിൽ അല്ലാഹുവേ എനിക്ക് നീ തന്നെ ഹിദായത്ത് നൽകിയാലും. അവർ പ റയുന്നു: അല്ലാഹുതആല എനിക്ക് സമാധാനം ന ൽകി. അടുത്ത ദിവസം ഞാൻ ബയ്അത്ത് ചെ യ്തു. ഞാൻ എന്നെ ഭാഗ്യവതിയായി മനസ്സിലാ ക്കുന്നു. ഇത്രമാത്രം ആളുകൾ ഞാൻ ജൽസ യിൽ പങ്കെടുത്തതിലും അഹ്മദിയായതിലും ദുആ ചെയ്തു. കഴിഞ്ഞവർഷം എനിക്ക് ജൽസ യിലെ എല്ലാ പ്രസംഗങ്ങളും കേൾക്കാൻ അവ സരം കിട്ടിയില്ല. പക്ഷേ, ഈ വർഷം എല്ലാ പ്ര സംഗങ്ങളും അങ്ങേയറ്റം ശ്രദ്ധയോടുകൂടി കേട്ടു. ഇതിന്റെ ഫലമായി അല്ലാഹു എന്റെ മനസ്സിലെ വിശ്വാസം ശക്തമാക്കി. ഈ ജമാഅത്ത് സത്യ മാണ്. അങ്ങനെ ഞാൻ ബയ്അത്ത് ചെയ്തു. പ റയുന്നു:ഞാൻ സ്ത്രീകളുടെ ഇത്തരത്തിലുള്ള സാഹോദര്യബന്ധത്തിന്റെ വികാരം ഇവിടെ കണ്ട തുപോലെ എങ്ങും കണ്ടിട്ടില്ല. വിവിധ രാജ്യങ്ങ ളിൽനിന്നുവന്ന സ്ത്രീകളുമായി ഞാൻ ബന്ധമു ണ്ടാക്കി. ഒരുപക്ഷേ, വീണ്ടും അവരെ കാണാൻ ഇടയില്ല. പക്ഷേ, എന്നെന്നും അവർക്കുവേണ്ടി എന്റെ ദുആയിൽ ഞാൻ അവരെ ഓർക്കുന്നതാ ണ്. എനിക്ക് ദൃഢവിശ്വാസമുണ്ട് ഞാൻ അഹ്മ ദിയായതും ഈ ജമാഅത്തിൽ ചേർന്നതുമെല്ലാം അല്ലാഹുവിന്റെ ഇംഗിതമാണെന്ന്.

ഞാൻ അവതരിപ്പിച്ചത് ജൽസയെക്കുറിച്ചുള്ള ചില പ്രതികരണങ്ങളാണ്. അല്ലാഹുവിന്റെ കൃപ യാൽ ജൽസ നൂറുക്കണക്കിന് ആളുകളുടെ നെഞ്ചകം തുറക്കുന്നു. നൂറു കണക്കിന് ആളു കളുടെ സംശയങ്ങളും സന്ദേഹങ്ങളും ദൂരീകരി ക്കുന്നു. ഇസ്ലാമിന്റെ യഥാർഥമായ ചിത്രവും അവരുടെ മുമ്പിൽ വരുന്നു. അല്ലാഹു ഈ അനു ഗ്രഹങ്ങൾ എപ്പോഴും വ്യാപിപ്പിച്ചുകൊണ്ടുപോ കുമാറാകട്ടെ.

മാധ്യമങ്ങളുടെ കവറേജുകളുടെ അടിസ്ഥാ നത്തിൽ ജൽസയുടെ ആദ്യദിവസം ജുമുആ യ്ക്കുശേഷം ഞാനുമായി ഒരു പ്രസ് കോൺ ഫ്രൻസുമുണ്ടായിരുന്നു. അതിൽ നാഷണലും ഇന്റർനാഷണലുമായ മാധ്യമങ്ങൾ പങ്കെടുത്തി രുന്നു. ഇന്റർനാഷണൽ മീഡിയായിൽ ഇറ്റലി (Italy), മസിഡോണിയ(Macedonia),, ഓസ്ട്രിയ (Austria), ബ്രസീൽ(Brazil), ബെൽജിയം(Belgium) തുടങ്ങി ടി.വി ചാനലുകളുടെയും പത്രങ്ങ ളുടെയും പ്രതിനിധികൾ പങ്കെടുത്തിരുന്നു. ദേ ശീയതലത്തിൽ ജർമനിയിലെ 4 ടിവി ചാനലുക ളിലേയും 3 പ്രിന്റ് മീഡിയാകളുടേയും പ്രതിനിധി കളുമുണ്ടായിരുന്നു. തദ്ദേശ തലത്തിൽ എൻ.ടി. വി, ഒരു റേഡിയോ, നാല് പ്രിന്റ് മീഡിയായുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു.

മൊത്തത്തിൽ ജർമനിയിൽ ജൽസ സാലാന യുടെ മൂന്ന് ദിവസവും കവറേജുണ്ടായി. റിപ്പോർട്ട നുസരിച്ച് അഞ്ച് ടിവി ചാനലുകൾ, മൂന്ന് റേഡി യോ നിലയങ്ങൾ, 61 പത്രങ്ങൾ, മറ്റ് പ്രിന്റ് മീഡിയ മുഖേന 5 കോടി 92 ലക്ഷത്തിലധികം ആളുകൾവ രെ സന്ദേശമെത്തി. ഇതിനു പുറമെ ഇന്റർനാ ഷണൽ മീഡിയായിൽ അടുത്തയാഴ്ചവരെ കവ റേജിന്റെ അവസരങ്ങളുണ്ട്. അതിന്റെ പ്രതിനി ധികൾ പറഞ്ഞതാണിത്. അവരുടെ Viewership അവർ പറഞ്ഞതനുസരിച്ച് 4 കോടി 13 ലക്ഷത്തി ലധികംപേർക്ക് സന്ദേശം എത്തുന്നതായിരിക്കും. ഇപ്രകാരംതന്നെ മഹശഹെമാ വെബ്സൈറ്റിൽ ജൽസയുടെ പരിപാടി എം.ടി.എ ജർമൻ സ്റ്റുഡി യോയുടെ സഹായത്താൽ അപ്ലോഡ് ചെയ്തു കൊണ്ടിരുന്നു. സെന്റർ പ്രസ്സും മീഡിയ ഓഫീ സിൽനിന്നും പുറപ്പെടുവിച്ച പ്രസ് റിലീസും അപ് ലോഡ് ചെയ്യപ്പെട്ടു. സോഷ്യൽ മീഡിയായിലും ജൽസയുടെ കവറേജ് സംബന്ധിച്ച് പരിപാടികൾ നടന്നു. ഇതിൽ ഫെയ്സ് ബുക്കിൽ 32 പോസ്റ്റു കൾ പ്രസിദ്ധീകരിക്കപ്പെട്ടു. അത് 4 ലക്ഷത്തി ഇരുപതിനായിരം പേർ കണ്ടു. മുപ്പത്താറായിരം പേർ ആ പോസ്റ്റ് ഇഷ്ടപ്പെട്ടു. അതിൽ ചർച്ചകൾ തുടങ്ങിയവയും നടന്നു. ഇതുപോലെ ടിറ്ററിലും ജൽസയെ സംബന്ധിച്ച് അഞ്ച് ലക്ഷത്തി മുപ്പ ത്തിയാറായിരം പേർ ജൽസയുടെ ടീറ്റ് (Tweets) കണ്ടു. അയ്യായിരത്തി എണ്ണൂറ് ആളുകൾ റീടിറ്റ് (Retweet)ചെയ്തു.

ജൽസയെക്കുറിച്ചുള്ള ആളുകളുടെ പ്രതികര ണങ്ങളായിരുന്നു ഇത്. ചില പോരായ്മകളും ഉ ണ്ടാകും. അതും ചുരുക്കിപ്പറയാം. ഒന്ന് ഞാൻ ആദ്യം പറഞ്ഞുകഴിഞ്ഞതുപോലെ ആളുകൾ വെളിയിൽ ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു. അതു കൊണ്ട് തർബിയ്യത്ത് വകുപ്പിന് ഭാവിയിൽ പ്ര വർത്തനനിരതരാകേണ്ടതുണ്ട്. മറ്റു പരിപാടികൾ നടക്കുമ്പോൾ ജനങ്ങൾ പുറത്ത് ചുറ്റിക്കറങ്ങാ തിരിക്കാൻ ശ്രദ്ധിക്കുക. ശബ്ദത്തിന്റെ ഏർപ്പാടും ആദ്യദിവസം പ്രത്യേകിച്ചും ജുമുആയുടെ നേ രത്ത് ശരിയായിരുന്നില്ല. ചില സാങ്കേതിക പ്രശ്ന ങ്ങൾ ഉണ്ടായിരുന്നു. പക്ഷേ എന്തായാലും അതി നുശേഷം കുറച്ച് മെച്ചപ്പെട്ടു. ഈ ഭാഗത്തേക്കും ജർമനി ജമാഅത്ത് ശ്രദ്ധിക്കേണ്ടതാണ്. തർജമ യുടെ നേരത്തും പരാതികൾ ഉണ്ടായി. ആ നേ രത്ത് ബഹളങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. തർജ മക്കുവേണ്ടി ചെവിയിൽ വെക്കുന്ന ഉപകരണ ങ്ങളും ശരിയാക്കേണ്ടതാണ്.

താമസത്തിനും അസൗകര്യമുണ്ടായി. ഇപ്രാ വശ്യം അസാധാരണമായ നിലയിൽ ആളുകൾ പങ്കെടുത്തിരുന്നു. അത് സംഘാടകരുടെ പ്രതീ ക്ഷയേക്കാൾ കൂടുതലായിരുന്നു. അതുകൊണ്ട് ഏകദേശം 400 പേർക്ക് കിടക്ക ലഭ്യമായില്ല. ഇത് അത്ര കാര്യമുള്ളതുമൊന്നുമല്ല. പക്ഷേ, ജർമനി ജമാഅത്ത് ഭാവിയിൽ ഇതിനുള്ള ഏർപ്പാട് ചെ യ്യേണ്ടതാണ്. ജൽസഗാഹിലെ അച്ചടക്കത്തെ സംബന്ധിച്ചും ചില പരാതികൾ ഉണ്ടായിട്ടു ണ്ട്. വലിയ കുറവാണുണ്ടായിരുന്നതെന്നാണ്പ റയുന്നത്. ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാണ്. അതിന് കാരണം ഹാളിന്റെ Cooling systemamയിരുന്നു. അതിൽ ഒരു മിഷ്യനും കേടായിരുന്നു. ഇക്കാരണത്താൽ ഹാളിനുള്ളിൽ ചൂട് കൂടുതലാ യിരുന്നു. പക്ഷേ, ഇവിടെ യു.കെ. ജൽസയിലും ആളുകൾ പന്തലിൽ ഇരിക്കാറുണ്ട്. നല്ല ചൂടു ണ്ടായിട്ടും അവർ ഇരിക്കുന്നു. അതുകൊണ്ട് ഇത് ഒഴികഴിവുകളൊന്നുമല്ല. സംഘാടകർ തർബിയ്യ ത്തിന്റെ ഈ വകുപ്പിലേക്കും ശ്രദ്ധ കൊടുക്കേ ണ്ടതാണ്. വർഷം മുഴുവനും അഹ്മദികളെ ഈ കാര്യത്തിലേക്ക് ബോധവാന്മാരാക്കണം.

എന്തായാലും എന്തെന്തെല്ലാം കുറവുകളാ ണോ ഉള്ളത് അത് ഞാൻ അവർക്ക് അയച്ചുകൊ ടുത്തിട്ടുണ്ട്. ഇനി അവരതിൽ ചിന്തിക്കുകയും അത് പരിഹരിക്കുന്നതിനുവേണ്ടി ശ്രമിക്കുകയും ചെയ്യുക. ഭക്ഷണത്തെ സംബന്ധിച്ചും പരാതി കൾ ഉണ്ട്. ആദ്യദിവസം ഹാജർനില അനുസരിച്ച് ഭക്ഷണം ഉണ്ടാക്കിയില്ല. എങ്കിൽ അടുത്തദിവസം നല്ലനിലയിൽ ഏർപ്പാട് ചെയ്യേണ്ടതായിരുന്നു. പ ക്ഷേ, ഉണ്ടായതെന്തെന്നാൽ കറി തീർന്നുപോയി. അവസാനം എമർജൻസിയായി ഉണ്ടാക്കുന്ന പ രിപ്പുകറിതന്നെയാണുണ്ടായിരുന്നത്. ഒരുപാടാളു കൾക്ക് അതാണ് കിട്ടിയത്. ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. നല്ലവണ്ണം പൂർണമായ പ്ലാനി ംഗ് ഉണ്ടായിരിക്കേണ്ടതാണ്. അല്ലാഹു എല്ലാ പ്ര വർത്തകർക്കും വരുംകാലങ്ങളിൽ നല്ലരീതിയിൽ പ്രവർത്തിക്കാൻ ഭാഗ്യം നല്കുമാറാകട്ടെ.

ഈ പര്യടനത്തിനിടയിൽ അല്ലാഹുവിന്റെ കൃപയാൽ ഒരു മസ്ജിദിന്റെ ഉദ്ഘാടനത്തിനും തൗഫീഖ് കിട്ടി. അതിന്റേയും വലിയ സ്വാധീനം അതിഥികളിലുണ്ടായി. ഈ ഇസ്ലാം ജർമനി യിൽ വ്യാപിക്കേണ്ടതാണെന്ന് അവർ പരസ്യ മായി പറഞ്ഞു. ഈ പരിപാടിയുടെയും നല്ല കവ റേജാണ് ഉണ്ടായത്. രണ്ട് ടിവി ചാനലും രണ്ട് പ ത്രപ്രതിനിധികളും വന്നിരുന്നു. അവർ മുഖേന പതിനാററ ലക്ഷം ആളുകൾവരെ ഇസ്ലാമിന്റെ സന്ദേശമെത്തി. അല്ലാഹു ജർമനി ജമാഅത്തിനെ അനുഗ്രഹിക്കുമാറാകട്ടെ. അവർ ഭാവിയിൽ ഇതി നേക്കാളുപരി ഇസ്ലാമിന്റെ സന്ദേശം എത്തി ക്കുന്നവരായിത്തീരട്ടെ. ഏതൊരു പരിചയപ്പെ ടുത്തലാണോ ഇപ്പോഴുണ്ടായിട്ടുള്ളത് അതിൽ കൂടുതൽ വിശാലത ഉണ്ടാക്കുമാറാകട്ടെ.

◆




## ന്യൂക്ലിയർ റേഡിയേഷനും പ്രതിരോധ ഹോമിയോ മരുന്നും

| | |
|---|---|
| *ആദ്യത്തെ ആഴ്ച* | **Carcinosin CM** |
| *രണ്ടാമത്തെ ആഴ്ച* | **Radium Bromide CM** |
| *മൂന്നാമത്തെ ആഴ്ച* | **Carcinosin CM** |
| *നാലാമത്തെ ആഴ്ച* | **Radium Bromide CM** |

12 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മുക ളിൽ പറഞ്ഞ പ്രകാരംതന്നെ 1M -ൽ കൊ ടുക്കുക. അല്ലാഹു എല്ലാ അഹ്മദികളേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ആമീൻ

പേജ് 2ൽ നിന്ന്

നെയുള്ളതാണെന്നാൽ, ആത്മവിസ്മൃതിയുടെ അവസ്ഥ സംജാതമാകുന്നു. ശംസുദ്ദീൻ സാഹിബ് ദർവേശ്(റ) ഭിന്നശേഷിക്കാരനായിരുന്നു. എപ്പോഴും ഒരു കുടിലിൽത്തന്നെയാണ് കഴിഞ്ഞിരുന്നത്. 1905-ൽ വസിയ്യത്ത് വ്യവസ്ഥിതി ആരംഭിച്ചു. 1919-ൽ അദ്ദേഹവും അതിൽ ചേർന്നു. പക്ഷേ, ആ വികലാംഗന്റെ എന്നാൽ, മനസ്സുകൊണ്ടു സമ്പന്നനും ആസക്തനുമായ അദ്ദേഹത്തിന്റെ മാതൃകയൊന്നു നോക്കുക.

1901-മുതൽ അദ്ദേഹം വസിയ്യത്ത് ചന്ദ നൽകാൻ തുടങ്ങി. ജീവിതം മുഴുവൻ നല്കിയെന്നുമാത്രമല്ല മറിച്ച് ഭാവിയിലെ വർഷങ്ങൾക്കു വേണ്ടിയും ചന്ദ നൽകികൊണ്ടേയിരുന്നു. 1950 -ൽ അദ്ദേഹം വഫാത്തായെങ്കിൽത്തന്നെയും 1990 വരെയുള്ള ചന്ദ അടച്ചു കഴിഞ്ഞിട്ടുണ്ടായിരുന്നു. ചുരുക്കി പറഞ്ഞാൽ അദ്ദേഹം സാങ്കല്പിക ഭാഷയിൽ പറയുകയായിരുന്നു, അഹോ കഷ്ടം! ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ നിയോഗകാലത്തെ അവ്വലീൻ അഹ്മദികളിൽപ്പെട്ടിരുന്നെങ്കിൽ! അഹോ കഷ്ടം! 1990 വരെ ജീവിച്ച് ഇസ്‌ലാമിക സേവനം ചെയ്തുകൊണ്ടേപോയിരുന്നെങ്കിൽ! സമാനതകളില്ലാത്ത ഈ ത്യാഗ വികാരം ഒരു ഭിന്നശേഷിക്കാരന്റേതാണ്! നടക്കാൻ കഴിയില്ലെന്ന് മാത്രമല്ല സ്വയം ഒന്ന് ചരിഞ്ഞ് കിടക്കാൻ പോലും സാധിക്കില്ലായിരുന്നു. അദ്ദേഹത്തിന്. നാവിലും വിക്കുണ്ടായിരുന്നു. പക്ഷേ, ഈ ആസക്തന്റെ ഹൃദയം എത്രമാത്രം ചലനാത്മകവും ത്യാഗവികാരനിർഭരവുമായിരുന്നു." (വൊ ഫൂൽ ജോ മുർത്സാ ഗയേ, ചൗദ്‌രി ഫയ്ള് അഹ്മദ് ഗുജ്റാത്തി, ഭാഗം 1,പേജ് 60-62)

അങ്ങേയറ്റം ഞെരുക്കവും ബുദ്ധിമുട്ടുമുള്ള സാഹചര്യത്തിൽ ഹൃദയവികാരങ്ങളെ ത്യാ ഗം ചെയ്തുകൊണ്ട് ദൈവ മാർഗത്തിൽ ത്യാ ഗം സമർപിക്കുകയെന്നത് നിസ്സാര കാര്യമല്ല. ഇത്തരത്തിലുള്ള എണ്ണമറ്റ മാതൃകകൾ അഹ്മദിയ്യാ ചരിത്രത്തിൽ ഇടതടവില്ലാതെ മിന്നിത്തിളങ്ങുന്നത് കാണാൻ കഴിയുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലെ ഒരു സംഭവം ഹദ്റത്ത് ഖാളി മുഹമ്മദ് യൂസുഫ് സാഹിബ് പെശാവരി(റ) ഇങ്ങനെ വിവരിക്കുന്നു: "വസീറാ ബാദിലെ ശേയ്ഖ് കുടുംബത്തിലെ ഒരു യുവാവ് വഫാത്തായി. കഫനും ഖബറടക്കിനുമായി 200 രൂപ വെച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ലങ്കർഖാനയിലെ ചെലവുകൾക്കായി ആഹ്വാനം ചെയ്തു. ഇദ്ദേഹത്തിനും കത്ത് പോയി. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തുക അയച്ചതിനു ശേഷം എഴുതി: എന്റെ യുവാവായ മകൻ പ്ലേഗ് ബാധിച്ച് മരിച്ചിരിക്കുന്നു. ജനാസ കഫൻ ചെയ്യാനും ഖബറടക്കത്തിനുമായി 200 രൂപ വെച്ചിരുന്നതാണ്. അതാണ് ഇപ്പോൾ അയക്കുന്നത്. കുട്ടിയെ അവന്റെ വസ്ത്രത്തിൽത്തന്നെ ഖബറടക്കുന്നു. (രിസാല ള്വുഹൂറെ അഹ്മദ് മൗഊദ്, പേജ്-70-71 പ്രസാധനം 1955 ജനുവരി 30)

ഏതെങ്കിലും വ്യക്തിയോട് അദ്ദേഹത്തിന്റെ ജീവിതത്തിൽ ഇനി നിങ്ങൾ കൂടുതൽ സാമ്പത്തിക ത്യാഗം ചെയ്യേണ്ട ആവശ്യമില്ല എന്ന് പറയപ്പെടേണ്ട നില വരിക സാദ്ധ്യമാണോ? ബാഹ്യമായി നോക്കുമ്പോൾ ഇത് അസാധ്യമാണ്. കാരണം, ജമാഅത്തിന്റെ ആവശ്യങ്ങളും പദ്ധതികളും വർധിച്ചു വരികയാണ്.എന്നാൽ, ജമാഅത്തിന്റെ ചരിത്രത്തിൽ അസാധാരണവും മാതൃകാപരവും നിർലോഭവുമായ ത്യാഗങ്ങൾ കണ്ടുകൊണ്ട് ഒരു വ്യക്തിയോടു ഹദ്റത്ത് മസീഹ് മൗഊദ്(അ) കൂടുതൽ സാമ്പത്തിക ത്യാഗം ചെയ്യേണ്ട ആവശ്യമില്ലെന്ന് പറയുകയുണ്ടായി. ഹദ്റത്ത് ഡാക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബ്(റ) ആയിരുന്നു ആ മഹൽ വ്യക്തിത്വം. അദ്ദേഹത്തെ കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അദ്ദേഹത്തിന്റെ സാമ്പത്തിക ത്യാഗങ്ങൾ ഏതറ്റംവരെ വർധിച്ചിരുന്നുവെന്നാൽ, ഹദ്റത്ത് സാഹിബ്(അ) അദ്ദേഹത്തിന് താങ്കൾക്ക് ഇനി ത്യാഗത്തിന്റെ ആവശ്യമില്ലെന്ന് രേഖാമൂലം സർട്ടിഫിക്കേറ്റു നല്കി. ഹദ്റത്ത് സാഹിബിന്റെ അക്കാലം എനിക്കോർമയുണ്ട്. ഗുരുദാസ്പൂരിൽ അദ്ദേഹത്തിനെതിരിൽ കേസ് നടന്നു കൊണ്ടിരിക്കുകയായിരുന്നു. അതിന് പണം അത്യാവശ്യമായിരുന്നു. ചെലവുകൾ വർധിക്കുന്നുവെന്ന വിവരം ഹദ്റത്ത് സാഹിബ് സ്നേഹിതരെ അറിയിച്ചുകൊണ്ടിരുന്നു. ലങ്കർ ഖാന രണ്ടു സ്ഥലങ്ങളിൽ നടക്കുന്നുവെന്നും അറിയിച്ചു; ഒന്ന് ഖാദിയാനിലും ഒന്ന് ഗുരുദാസ്പൂരിലും. ഇതു കൂടാതെ കേസുകളിലും ചെലവുകൾ വരുന്നു. അതുകൊണ്ട് സ്നേഹിതന്മാർ സഹായിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക എന്ന് അറിയിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ആഹ്വാനം ഡോക്ടർ സാഹിബിനെത്തിയ അതേ ദിവസംതന്നെ അദ്ദേഹത്തിന്റെ ശമ്പളം 450 രൂപ കിട്ടിയതും യാദൃച്ഛികമായിരുന്നു. തന്റെ ശമ്പളമത്രയും അടുത്ത നിമിഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അയച്ചുകൊടുത്തു. താങ്കൾ കുറച്ച് സ്വന്തം വീട്ടിലെ ആവശ്യങ്ങൾക്കു വെച്ചിരുന്നെങ്കിൽ എന്ന് ഏതോ സ്നേഹിതൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ ദീനിന് ആവശ്യമുണ്ടെന്നറിയിക്കുമ്പോൾ മറ്റാർക്കു വേണ്ടിയാണ് എനിക്ക് വെക്കാൻ കഴിയുക.

ചുരുക്കത്തിൽ ഡോക്ടർ സാഹിബ് ദീനിനു വേണ്ടി എത്ര മാത്രം വർധിപ്പിച്ചുവെന്നാൽ അവസാനം ഹദ്റത്ത് സാഹിബിന് അദ്ദേഹത്തെ വിലക്കേണ്ടുന്ന ആവശ്യമുണ്ടെന്ന് തോന്നി. ഇനി താങ്കളുടെ ത്യാഗത്തിന്റെ ആവശ്യമില്ലെന്ന് അദ്ദേഹത്തോടു പറയേണ്ടി വന്നു.(അൽഫള്ൽ ദിന പത്രം.11 ജനുവരി 1927)

പുരുഷന്മാരുടെ സാമ്പത്തിക ത്യാഗത്തെ കുറിച്ചായിരുന്നു പറഞ്ഞുകൊണ്ടിരുന്നത്. സത്യമെന്താണെന്ന് പറഞ്ഞാൽ ജമാഅത്തിലെ സ്ത്രീകളും ഈ സാമ്പത്തിക ജിഹാദിൽ പുരുഷൻമാരോടു തോളോടുതോൾ ചേർന്നു നിൽക്കുന്നുവെന്നു മാത്രമല്ല ചില രീതിയിൽ പുരുഷന്മാരെക്കാൾ മുമ്പിലുമാണ്. മസ്ജിദുകളുടെ നിർമാണ രംഗങ്ങളിൽ തങ്ങളുടെ പോക്കറ്റുകൾ കാലിയാക്കുകയും ശമ്പളം അപ്പാടെ ചന്ദയായി നൽകുകയും ചെയ്യുന്ന പുരുഷൻമാരെപ്പോലെ സ്ത്രീകളും വില പിടിച്ച സ്വർണാഭരണങ്ങൾക്ക് ഒരു വിലയും കൽപ്പിക്കാതെ കൂറു നിറഞ്ഞ വികാരവായ്പോടെ ചന്ദയായി നൽകുന്നു. വിവാഹത്തിന് ലഭിച്ച സ്വർണപ്പെട്ടി അങ്ങനെത്തന്നെ എടുത്ത് കാലത്തിന്റെ ഖലീഫയുടെ തിരുപാദങ്ങളിൽ സമർപിക്കുന്നു !

ലണ്ടനിലെ ബൈത്തുൽ ഫുത്തൂഹ് മസ്ജിദിന്റെ നിർമാണ പദ്ധതി മാഞ്ചസ്റ്റർ ജമാഅത്തിൽ വിളംബരം ചെയ്തപ്പോൾ അവിടെ ഹാജരായവരിൽ നിന്ന് ഒരു യുവാവ് എഴുന്നേറ്റു വരുന്ന കാഴ്ചക്ക് ഞാൻ സ്വയം സാക്ഷിയാണ്. അദ്ദേഹത്തിന്റെ കൈയിൽ ഒരു കവറുണ്ടായിരുന്നു. അത് നൽകിക്കൊണ്ട് അദ്ദേഹം പറഞ്ഞു: 'കുറച്ചു സമയംമുമ്പേയാണ് എനിക്ക് കഴിഞ്ഞ മാസത്തെ ശമ്പളം കിട്ടിയത്. ഞാനീ കവർ തുറന്നു നോക്കിയിട്ടില്ല. മസ്ജിദു നിർമാണ പദ്ധതിയെ കുറിച്ചു കേട്ടതു കൊണ്ടു ഞാനി തു നൽകുകയാണ്! ഇതേ സദസ്സിലുണ്ടായിരുന്ന മറ്റൊരു യുവാവിന്റെ മാതൃക അവഗണിക്കാൻ പറ്റാത്തതാണ്. ഭൗതികതയേക്കാൾ ദീനിന്ന് പ്രാധാന്യം കൊടുക്കുന്ന മഹത്തായ ഉദാഹരണമാണിത്. പദ്ധതി കേട്ട് അദ്ദേഹം വേദിയിലേക്ക് വന്നു. ഒരു കവർ നല്കിക്കൊണ്ട് പറഞ്ഞു: ഏതാനും ദിവസങ്ങൾക്ക് ശേഷം എന്റെ വിവാഹം നടക്കുകയാണ്.വലീമക്ക് വേണ്ടി ഞാൻ 500പൗണ്ട് സൂക്ഷിച്ചു വെച്ചതാണ്.ദൈവഭവനം നിർമിക്കുന്നുവെന്ന് കേട്ടപ്പോൾ വലീമയുടെ ഏർപ്പാടു അല്ലാഹു എങ്ങെനെയെങ്കിലും ചെയ്തു തന്നു കൊള്ളും എന്ന ചിന്ത എന്റെ മനസ്സിലുയർന്നു. ദീനീ സേവനത്തിന്റെ ഈ സംരംഭം നടക്കുമ്പോൾ, ഈ അവസരം കൈമോശം വന്നു പോകാൻ പാടില്ല. എന്റെ ഭാഗത്തു നിന്നുള്ള ഈ തുകയത്രയും സ്വീകരിക്കുക.

മജ്‌ലിസിൽ നടന്ന മറ്റൊരു സംഭവം വിശ്വാസത്തെ വളരെയധികം കരുത്തുള്ളതാക്കുന്നതാണ്. മസ്ജിദ് നിർമാണത്തിന് വാഗ്ദാനം ചെയ്തവരുടെ ലിസ്റ്റ് പരിശോധിച്ചപ്പോൾ ഏറ്റവും അധികം വാഗ്ദാനം ചെയ്തിരുന്നത് ഒരു അഹ്മദീ വനിതയാണെന്നു ഞാൻ കണ്ടു. പ്രസംഗത്തിൽ ഞാനിതു സൂചിപ്പിക്കുകയും പുരുഷൻമാരുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് തിരിക്കുകയും ചെയ്തു. ഒരു അഹ്മദീ സ്നേഹിതൻ ആ സ്ത്രീയുടെ പതിനായിരം പൗണ്ടിന്റെ വാഗ്ദാനത്തെ മറി കടന്നു കൊണ്ടു പതിനയ്യായിരം പൗണ്ട് വാഗ്ദാനം ചെയ്തു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ആ സ്ത്രീയുടെ ഭാഗത്തുനിന്നും കുറിപ്പു വന്നു. തന്റെ വാഗ്ദാനം ഇരുപതിനായിരം പൗണ്ടാക്കാൻ പറഞ്ഞുകൊണ്ടുള്ള കുറിപ്പായിരുന്നു അത്. ഇക്കാര്യം ഞാൻ പരസ്യപ്പെടുത്തിയപ്പോൾ തന്റെ വാഗ്ദാനം ഇരുപത്തി ഓരായിരം പൗണ്ട് ആക്കി വർധിപ്പിക്കാൻ അ സ്നേഹിതൻ വീണ്ടും അറിയിച്ചു. വിശ്വാസപരമായ മാത്സര്യത്തിന്റെ വിശ്വാസവർധന സൃഷ്ടിക്കുന്ന ഒരു കാഴ്ചയായിരുന്നു ഇത്. അടുത്തത് എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് ഉദ്വേഗത്തോടെ എല്ലാവരും പ്രതീക്ഷിച്ചു കൊണ്ടിരുന്നു. ഉടൻ ആ ആത്മാർത്ഥ സ്ത്രീയുടെ ഭാഗത്തു നിന്നും അടുത്ത കുറിപ്പു വന്നു. അതിൽ പറഞ്ഞ കാര്യം സർവ്വ പുരുഷൻമാരേയും മറുപടി പറയാൻ പറ്റാത്തവരാക്കി. ഇനി ഇങ്ങനെ ആവർത്തിച്ച് വാഗ്ദാനം വർധിപ്പിച്ചു കൊണ്ടേ ഇരിക്കേണ്ട അവസരമല്ല. ജമാഅത്തിൽ നിന്നുള്ള ഏതൊരു വ്യക്തിയും നൽകുന്ന വാഗ്ദാനത്തിൽ നിന്നും ആയിരം പൗണ്ട് കൂട്ടി എന്റെ വാഗ്ദാനം എഴുതാൻ അവർ അറിയിച്ചു. ഈ അഹ്മദി സ്ത്രീ കാണിച്ച ഈ മാതൃക നന്മയിലെ മാൽസര്യത്തിന്റെ അഭിമാനാർഹമായ മാതൃകയാണ്.

ആദരണീയനായ മുൻശി ഇമാമുദീൻ സാഹിബിന്റെ ഭാര്യ കരീം ബീബി സാഹിബയുടെ ഉദാഹരണം അസാധാരണമായ അന്തസ്സുൾക്കൊള്ളുന്നതാണ്. സാമ്പത്തികാവസ്ഥ ശരിയല്ലാതിരുന്നിട്ടും അവർ വിവിധ സമയങ്ങളിൽ ധനം ത്യാഗം ചെയ്യാനുള്ള വഴികൾ അന്വേഷിച്ചു കൊണ്ടിരുന്നു. തനിക്ക് ആദ്യം ലബ്ബയ്ക്ക് പറയാൻ സാമ്പത്തിക ത്യാഗത്തിനുള്ള ഒരു പുതിയ അവസരം എപ്പോൾ കിട്ടുമെന്ന് അവർ തക്കം പാർത്തിരുന്നു. ചുവടെ പറയാൻ പോകുന്ന സംഭവത്തിൽ നിന്ന് അവരുടെ അസാധാരണ ത്യാഗ വികാരം വെളിപ്പെടുന്നതാണ്. വസ്വിയ്യത്തിന്റെ തുകകളും ഹിസ്സ ജായിദാദിന്റെ എല്ലാ തുകകളും അടച്ചതിനുശേഷം ഓഫീസിന്റെ എന്തോ പിഴവു കാരണത്താൽ ആ തുകകൾ മറ്റേതോ ഫണ്ടിലേക്ക് ചേർക്കപ്പെട്ടുപോയിരുന്നു. നീണ്ട കാലത്തിനു ശേഷമാണ് ഈ പിഴവു കണ്ടെത്തിയത്. രേഖകളിൽ കണക്കു ശരിയാക്കി എളുപ്പത്തിൽ ഈ പിഴവ് പരിഹരിക്കാവുന്നതേ ഉള്ളായിരുന്നു. എന്നാൽ, ആത്മാർഥയായ ഈ സ്ത്രീ അടച്ച തുക തിരിച്ചെടുത്ത് ശരിയായ കണക്കിൽ ചേർക്കാൻ ഇഷ്ടപ്പെട്ടില്ല.

മുമ്പേയടച്ച സ്വത്തിന്റെ അത്രയും തുക വീണ്ടും അടച്ചുകൊണ്ട് തന്റെ കണക്ക് അവർ ക്ലിയർ ചെയ്യുകയായിരുന്നു ! (അസ്ഹാബെ അഹ്മദ്, വാല്യം 1 പേജ്-182)

അല്ലാഹുവിന്റെ മഹത്തായ ഔദാര്യത്താൽ ജമാഅത്തിലെ സ്ത്രീകൾക്കും പുരുഷൻമാർക്കും സാമ്പത്തിക ത്യാഗരംഗത്ത് അസാധാരണ രൂപത്തിലും അത്ഭുതകരമായ രീതിയിലും മാതൃകകൾ കാഴ്ചവെക്കാൻ ഭാഗ്യം കിട്ടിയിട്ടുണ്ട്. സമ്പന്നർക്ക് മനസ്സ് തുറന്ന് അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ട് തങ്ങളുടെ ദൈവിക ദാനമായ ധനത്തെ ചെലവഴിച്ചു കൊണ്ടിരിക്കാനുള്ള ഭാഗ്യം കിട്ടി. പാവപ്പെട്ടവരും അവരുടെ നിസാർഥവും നന്മ നിറഞ്ഞതുമായ വികാരത്തോടെ സാമ്പത്തികത്യാഗരംഗത്ത് ഒട്ടും പിന്നിലായിരുന്നില്ല. അസംഘ്യം സംഭവങ്ങളിൽ നിന്ന് ഒരു അപൂർവ്വ സംഭവം വിവരിക്കാം. 'ഖാദിയാനിലെ ആരംഭ കാലത്തെ സംഭവമാണ്. രണ്ടാം ഖിലാഫത്ത് കാലത്ത് ഉണ്ടായ ഒരു പാവം സ്ത്രീയുടെ സംഭവം എന്റെ വന്ദ്യ മാതാവ് പലപ്പോഴും കേൾപ്പിക്കാറുണ്ടായിരുന്നു. ഒരു മജ്ലിസിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) സാമ്പത്തിക ത്യാഗത്തിനായി ആഹ്വനം ചെയ്തു. ഈ പാവം സ്ത്രീ സമ്പന്നർ സാമ്പത്തിക ത്യാഗം ചെയ്യുന്നതു കണ്ടുകൊണ്ടും തനിക്കൊന്നും ചെയ്യാൻ കഴിയുന്നില്ലല്ലോ എന്നോർത്തും അസ്വസ്ഥയായി കൊണ്ടിരുന്നു. അസ്വസ്ഥതയോടെ അവർ വീട്ടിൽ വന്നു. രണ്ടോ മൂന്നോ മുട്ടയുമായി തിരിച്ചു വന്നു. ത്യാഗത്തിന്റെ ശക്തിമത്തായ വികാരം സ്വസ്ഥമായി ഇരിക്കാൻ അവരെ അനുവദിച്ചില്ല. ഇവിടെ മുസ്ലിഹ് മൗഊദ്(റ)ന്റെ പ്രസംഗം തുടർന്നു കൊണ്ടിരിക്കുകയായിരുന്നു. അവരെഴുന്നേറ്റു വീണ്ടും വീട്ടിൽവന്ന് ചുറ്റിലും ഒന്ന് കണ്ണോടിച്ചു. ഇനി എന്തെങ്കിലും കിട്ടുകയാണെങ്കിൽ അതു കൂടി കൊടുക്കാമല്ലോ എന്നായിരുന്നു അവരുടെ വികാരം. ഭർത്താവ് ഒരു പൊട്ടിയ കട്ടിലിൽ ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം അവരോടു കൂടുതലെന്താണ് തിരയുന്നതെന്നും എല്ലാം കൊടുത്തു കഴിഞ്ഞല്ലോയെന്നും പറഞ്ഞു. ആ ദൈവദാസി വളരെ ദ്വേഷത്തോടെ പറഞ്ഞു: മിണ്ടാതിരുന്നോ? എനിക്കു സാധിക്കുമെങ്കിൽ നിങ്ങളേയും വിറ്റു ഞാൻ ചന്ദ കൊടുക്കും: (അഹ്മദിയ്യത്ത് ലോകത്തിനെന്തു നൽകി, പേജ്-49)

**ഉപസംഹാരം:**

ഇസ്ലാം-അഹ്മദിയ്യത്തിന്റെ അനുരാഗികളുടെ ഈ ത്യാഗങ്ങളും അവരുടെ ആത്മാർപണത്തിന്റെ ഈ ഈമാൻ ദൃഢീകരിക്കുന്നമാതൃകകളും നമുക്കൊരു വഴിവിളക്കാണ്. ഈ സംഭവങ്ങൾ വായിച്ചതിനുശേഷം ഏതാനും നേരത്തേക്ക് സന്തോഷിക്കുന്നതിൽ മാത്രം മതിയാക്കാതെ ഓരോ സംഭവങ്ങളും നമ്മളെ പ്രവർത്തന മൈതാനത്തേക്ക് ക്ഷണിക്കുന്നു. ആ മാതൃകകളെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിമാറ്റുക. ഈ മാർഗമനുസരിച്ച് നടക്കുന്നവർ അവരുടെ ലക്ഷ്യം നേടിയിരിക്കുന്നു.നാമും സാമ്പത്തിക ത്യാഗത്തിന്റെ പ്രസ്തുത വഴികളിൽ കൂറോടുകൂടി മുന്നോട്ടു ഗമിച്ചു കൊണ്ടേ പോകേണ്ടത് നമ്മുടെ ബാധ്യതയാണ്. ത്യാഗങ്ങളെ കുറിച്ചുള്ള പ്രസ്തുത അറിവിനെ നമ്മുടെ പൂർവ്വികർ നഷ്ടപ്പെടാൻ അനുവദിച്ചില്ല. അതിൽ നമുക്കും നമ്മുടെ ജീവൻ സമർപിക്കാം. നമ്മുടെ ധനങ്ങളും ത്യാഗം ചെയ്യാം.അഹ്മദിയ്യത്തിന്റെ നാമത്തിന് ഒരു കളങ്കംപോലും ഏല്ക്കാൻ നാം അനുവദിച്ചു കൂടാ! നൈമിഷികവും ഏതാനും നാളിന്റേതുമാണ് ഈ ലോകം.നമ്മിൽ നിന്നുള്ള എല്ലാ ഓരോരുത്തരും ഒരുനാൾ ഇഹലോകവാസം വെടിഞ്ഞ് പരലോക യാത്ര ചെയ്യേണ്ടവരാണ്. സ്വന്തം ധനങ്ങളും മാളികകളും ധനങ്ങളും തങ്ങളോടൊപ്പം കൊണ്ടു പോകാമെന്ന് ആരുടെയെങ്കിലും മനസ്സിലുണ്ടെങ്കിൽ അയാളേക്കാൾ വിഡ്ഢിയും അജ്ഞനും മറ്റാരെങ്കിലും ഉണ്ടാകുമോ? ഈ ലോകത്തേക്ക് വരുന്ന ഓരോ വ്യക്തിയും ഒഴിഞ്ഞ കൈയോടു കൂടിയാണ് വരുന്നതും ഒഴിഞ്ഞ കൈയോടെയാണ് പോകുന്നതും. ലോകത്തുള്ള സർവ്വ ധനങ്ങളും സ്വത്തുക്കളും ഏതു വരെയെന്നാൽ ഭാര്യാമക്കളും ബന്ധുമിത്രാതികളും സ്നേഹിതരുംവരെ ഇവിടെത്തന്നെ ശേഷിക്കും. മരിച്ചു പോകുന്ന വ്യക്തിയോടൊപ്പം ഏതെങ്കിലും വസ്തു പോകുകയോ പരലോകത്ത് ഏതെങ്കിലും വസ്തു തനിക്ക് പ്രയോജനപ്പെടുകയോ ചെയ്യുന്നുണ്ടെങ്കിൽ അത് സക്കർമങ്ങളായ ആ നന്മകളിൽ ഇതര നൻമകളെ കൂടാതെ സാമ്പത്തിക ത്യാഗങ്ങൾക്ക് ഒരു ഉയർന്ന സ്ഥാനമുണ്ട്. അല്ലാഹു നൽകിയിട്ടുള്ള ധനത്തെ മനഃസന്തോഷത്തോടുകൂടി ദൈവമാർഗത്തിൽ ചെലവു ചെയ്തു കൊണ്ട് അവന്റെ തൃപ്തിയുടെ ധനം നേടിയാൽ ഈ ത്യാഗം തീർച്ചയായും പരലോകത്തിൽ മനുഷ്യനോടൊപ്പം കൊണ്ടു

പോകാനുള്ള യാത്രാധനമാണ്. ഇതേ സത്യസന്ധവും യഥാർഥവുമായ ധനമാണ് ഒരുമിച്ചു കൂട്ടപ്പെടുന്ന മൈതാനത്ത് അവന് കൈത്താങ്ങായി തീരുന്നത്. ഹദ്റത്ത് സാഹിബ്സാദാ മിർസാ ബശീർ അഹ്മദ് സാഹിബിന്റെ(റ)വാക്കുകൾ എത്ര മനോഹരമാണ്:

*യെ ദർ വ മാൽ തൊ*
*ദുൻയാ മെ ഹി രഹ് ജായേംഗെ*
*ഹശ്ർ കെ റോസ് ജോ*
*കാമ് ആയേ വൊ ദർ പയ്ദാ കർ*

'ഈ ആഭരണങ്ങളും ധനവും ലോകത്തുതന്നെ ഇരിക്കുന്നതാണ്. പുനരുഥാനനാളിൽ പ്രയോജനപ്പെടുന്ന ആഭരണങ്ങൾ ഉണ്ടാക്കിവെക്കുക.'

അതുകൊണ്ട് നമ്മളിൽ നിന്നൊരാളും ഇഹലോകധനം പരലോകത്ത് പ്രയോജനപ്പെടുമെന്ന തെറ്റായ ധാരണയ്ക്ക് ഇരയാകാതിരിക്കുക. നശ്വരമായ ധനത്തെ ദൈവമാർഗത്തിൽ ത്യാഗം ചെയ്തു കൊണ്ടു അല്ലാഹുവിന്റെ തൃപ്തിയുടെ സ്ഥായിയായതും നീങ്ങിപ്പോകാത്തതുമായ ധനം വാങ്ങുന്ന ആളാണ് ബുദ്ധിമാനും വിജയം പ്രാപിച്ചവനും. ചെലവഴിക്കുന്നതു മുഖേന ധനം കുറഞ്ഞു പോകുമെന്ന തെറ്റുധാരണയിൽ അവർ ഒരിക്കലും അകപ്പെട്ടുപോകുകയില്ല. ഇതൊരു സാത്താനിക ജല്പനമാണ്. ദൈവമാർഗത്തിൽ ധനം ചെലവഴിക്കുന്നതു മുഖേന ധനത്തിൽ ഒരു കുറവും വരികയില്ലെന്നു മാത്രമല്ല വിചാരിച്ചതിനെക്കാൾ കൂടുതൽ വർധിച്ചു കൊണ്ടേ പോകുന്നതാണ്. ഇതാണ് സത്യം. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു ഫാർസി കവിതയിൽ പറയുന്നു:

*ദെബ്ദിലെ മാൽ ദർ റാഹിശ്*
*കെ മുഫ്ലിസ് നമി ഗർദദ്*
*ഖുദാ ഖുദ് മേ ശവദ് നാസിർ*
*അഗർ ഹിമ്മത്ത് ശവദ് പയ്ദാ*

ദൈവമാർഗത്തിൽ ധനം ചെലവു ചെയ്യുന്നതു മുഖേന ഒരു മനുഷ്യനും ഒരിക്കലും ദരിദ്രനായിത്തീരുകയില്ല. മനുഷ്യൻ ഈ മാർഗത്തിൽ പുരുഷത്വവും ധൈര്യവും കാണിക്കുകയാണെങ്കിൽ അല്ലാഹു താൻതന്നെ വ്യക്തമായ സഹായിയായിത്തീരുന്നതാണ്. കരുണാമയനും കാരുണ്യവാനുമായ ദൈവത്തിന്റെ അനുഗ്യഹീത സ്വർഗത്തെ തേടുന്ന ഓരോ വ്യക്തിയും വാഗ്ദാനപാലകനായ ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ സമ്പൂർണമായ ദ്യഢത നേടിക്കൊണ്ട് സാമ്പത്തിക ത്യാഗത്തിന്റെ എല്ലാ മൈതാനങ്ങളിലും അന്തസ്സോടുകൂടി മുന്നേറിക്കൊണ്ടേ പോകേണ്ടതാണ്. ഏതു വരെയെന്നാൽ ഈ ജീവിതത്തിൽത്തന്നെ ദൈവത്തിൽ നിന്ന് ഫദ്ഖുലീ ഫീ ഇബാദീ വദ്ഖുലീ ജന്നത്തീ(സൂറത്തുൽ ഫജ്ർ-30,31) എന്ന സുവാർത്ത ലഭിക്കുന്നവരാകുക. വരിക, അല്ലയോ എന്റെ മാർഗത്തിൽ സ്വയം സമർപിതരായ എന്റെ ദാസരേ ! ഓടിവരിക, എന്റെ തൃപ്തിയുടെ ശാശ്വത സ്വർഗത്തിൽ പ്രവേശിക്കുക.

നമ്മളെല്ലാവരേയും അല്ലാഹു നന്മകൾകൊണ്ട് സമ്പന്നവരായവരുടെ കൂട്ടത്തിൽ ചേർക്കുമാറാകട്ടെ.-ആമീൻ (സമാപിച്ചു)

**പേജ് 1ൽ നിന്ന്**

ഹാം എന്റെ സഹോദരന്റെ മരണത്തിലേക്കുള്ള സൂചനയാണെന്ന് എന്നിൽ തുറക്കപ്പെട്ടു. അങ്ങനെ എന്റെ സഹോദരൻ രണ്ടുമൂന്ന് ദിവസത്തിനുശേഷം അപ്രതീക്ഷിതമായ നിലയിൽ വഫാത്തായി. എന്റെ ആ മകന് അവന്റെ മരണത്തിന്റെ ആഘാതമേറ്റു. അതിനിടയിൽ വലിയ യാഥാസ്ഥിതികനായ ആര്യസമാജക്കാരൻ ശരംപത്ത് വന്ന് അതിന് സാക്ഷിയായി. ദൈവിക ഇൽഹാമിന്റെ അർഥം എന്തുകൊണ്ട് ആ സമയത്ത് തുറക്കപ്പെട്ടില്ല എന്നു ചോദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി വിശുദ്ധഖുർആനിലുള്ള മുഖത്തആത്തിന്റെ അർഥം ഇതുവരെ എന്തുകൊണ്ട് തുറക്കപ്പെട്ടില്ല എന്നാണ്. ത്വാഹ എന്നതിന്റെ അർഥം ആർക്കാണറിയുക. നൂൻ എന്നത് എന്താണ്. കാഫ്, ഹാ യാ അയിൻ സ്വാദ് എന്താണ്? സയുഹ്സമുൽജംഅ (54:46) എന്ന ആയത്തി നെ സംബന്ധിച്ച് ഹദീദിലുള്ളത് നബി(സ) തിരുമേനി പറഞ്ഞു, ഇതുവരെ എനിക്ക് അതിന്റെ അർഥം മനസ്സിലായില്ലെന്നാണ്. ഇപ്രകാരംതന്നെ നബി(സ)തിരുമേനി പറഞ്ഞു: 'എനിക്ക് സ്വർഗത്തിലുള്ള ഒരു കുല മുന്തിരി നൽകപ്പെട്ടു; ഇത് അബൂജഹ്‌ലിനുവേണ്ടിയാണെന്ന് പറഞ്ഞു. അതിന്റെ വ്യാഖ്യാനം എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല.' അയാളുടെ മകൻ ഇക്രിമ മുസൽമാനായി. എനിക്ക് ഹിജ്റത്ത് പോകേണ്ട സ്ഥലം പറയപ്പെട്ടു. അത് മദീനയാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞില്ല. ചുരുക്കത്തിൽ ഇത്തരം ആക്ഷേപങ്ങൾക്ക് കാരണം അല്ലാഹുവിന്റെ നടപടിക്രമത്തെ സംബന്ധിച്ചുള്ള അജ്ഞത മനസ്സുകളിൽ ഉണ്ടാകുന്നതാണ്.

**63-ാമത്തെ ദൃഷ്ടാന്തം:** കൊലപാതകം തുടങ്ങിയ പദ്ധതികളിൽനിന്ന് ഞാൻ രക്ഷിക്കപ്പെടുമെന്ന് ബറാഹിനെ അഹ്മദിയ്യായിൽ എന്നെ സംബന്ധിച്ച് അല്ലാഹുവിന്റെ ഈ പ്രവചനമുണ്ട്. അങ്ങനെ ഇന്നുവരെ നിരവധി ആക്രമണങ്ങൾ ഉണ്ടായിട്ടും അല്ലാഹു ശത്രുക്കളുടെ ഉപദ്രവത്തിൽനിന്ന് എന്നെ രക്ഷിച്ചു.

**(റൂഹാനീ ഖസായിൻ, വാല്യം 22, ഹഖീഖത്തുൽ വഹ്യ്, പേജ് 231-234)**

**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജർമൻ പര്യടനം ഏപ്രിൽ 2017

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

**(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച റിപ്പോർട്ട് 2017 ഏപ്രിൽ 23)**

**അഡീഷണൽ സെക്രട്ടറി ജാഇദാദ്**

**(100 മസ്ജിദുകളുടെ നിർമാണ പദ്ധതി)**

അമീറുൽമുഅ്മിനീൻ മസ്ജിദുകളുടെ ബഡ്ജറ്റിനെ സംബന്ധിച്ച് വിശദമായ പരിശോധനയ്ക്കു ശേഷം 100 മസ്ജിദുകൾ നിർമാണപദ്ധതിയെ സംബന്ധിച്ച് അമീർ സാഹിബ് ജർമനിക്ക് നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ട് പറഞ്ഞു: താങ്കൾ ഈ പ്രൊജക്ടിനുവേണ്ടി ഉപസംഘടനകളിൽനിന്ന് കടമെടുത്തിട്ടുണ്ട്. അവർക്ക് ധാരാളം പൈസ തിരിച്ചുകൊടുക്കാനുണ്ട്. ഇതിന്റെ അർഥം ഈ പരിത:സ്ഥിതിയിൽ നിങ്ങൾക്ക് കൂടുതൽ മസ്ജിദുകളുടെ നിർമാണം ഇനി നിറുത്തിവെക്കേണ്ടിവരുമെന്നും നിർമാണത്തിലിരിക്കുന്നതിന്റെ ജോലി ആദ്യം പൂർത്തിയാക്കണമെന്നുമാണ്.

ഇതിനുശേഷം അമീറുൽ മുഅ്മിനീൻ പര്യടനവേളയിൽ ശിലാകർമം നിർവ്വഹിച്ച മസ്ജിദുകളുടെ ബഡ്ജറ്റിനെ സംബന്ധിച്ചും വിശദമായ പരിശോധന നടത്തി. അമീറുൽ മുഅ്മിനീൻ പറഞ്ഞു: പൈസയുടെ അവസ്ഥയെ സംബന്ധിച്ച് നിങ്ങൾക്ക് അറിയാവുന്നതാണ്. നിങ്ങളുടേത്

*ഖര്ള് കി പീത്തേ ഥേ മേ*
*ലേക്കിൻ സമജത്തേ ഥേ കെ ഹാ*
*രങ് ലാവേഗി ഹമാരി*
*ഫാഖയെ മസ്തി ഏക് ദിൻ*

എന്ന അവസ്ഥ ആയിരിക്കുകയാണ്. (കടംവാങ്ങി മദ്യം കുടിച്ചിട്ട് തങ്ങളുടെ പട്ടിണിയുടെ ലഹരി ഒരുനാൾ നല്ല കാലം കൊണ്ടുവരുമെന്ന് മനസ്സിലാക്കിയിരുന്നതുപോലെയാണ്). എല്ലാ കാര്യവും കടത്തിലാണ് നടന്നുകൊണ്ടിരിക്കുന്നത്. നിങ്ങൾ കടവും വീട്ടേണ്ടതാണ്. നിങ്ങൾ ഒരു വൻതുക കേന്ദ്രത്തിലും അടക്കേണ്ടതായിട്ടുണ്ട്. കേന്ദ്രത്തിന്റെ ധാരാളം പ്രൊജക്ടുകൾ ലോകം മുഴുവൻ നടന്നുവരുന്നുണ്ട്. ചെലവഴിക്കാൻ കഴിയില്ലെങ്കിൽ നിങ്ങൾ എന്തിനാണ് ഇത്രമാത്രം കാലുകൾ വിടർത്തിയത്? ചെയ്യാവുന്നത് മാത്രം ചെയ്യുക. മസ്ജിദുകളുടെ നിർമാണത്തിന് ആദ്യമേതന്നെ ഒരു മില്യണോ 5 മില്യണോ 6 മില്യണോ പണം തന്ന് ത്യാഗം ചെയ്തിട്ടുള്ളവർക്ക് preference നല്കേണ്ടിയിരുന്നു. അമീറുൽ മുഅമിനീൻ പറഞ്ഞു: ഏതെതെല്ലാം ജമാഅത്തുകൾ എത്രയെത്ര പൈസയാണ് തന്നതെന്നുള്ള ഒരു preferences order ഉണ്ടാക്കേണ്ടതാണ്. ഏതെങ്കിലും പ്രത്യേക കാരണങ്ങളുടെ അടിസ്ഥാനത്തിൽ എവിടെയെങ്കിലും മസ്ജിദ് നിർമിച്ചുകൊണ്ടിരിക്കുന്നെങ്കിൽ എന്തിനാണ് preference നൽകിയതെന്നുള്ള കാരണങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: എവിടെയൊക്കെയാണ് മസ്ജിദുകൾ നിർമാണത്തിലിരിക്കുന്നതെന്നും എവിടെയൊക്കെയാണ് ശിലാകർമം നടന്നുകഴിഞ്ഞിട്ടുള്ളതെന്നും നിങ്ങളുടെ പക്കലുള്ള ഫണ്ടിന്റെ പൊസിഷൻ എന്താണെന്നും നിങ്ങളുടെ കടത്തിന്റെ പൊസിഷൻ എന്താണെന്നും ഒരു വർഷത്തിൽ നിങ്ങൾക്ക് എത്ര ഫണ്ട് സ്വരൂപിക്കാൻ കഴിയുമെന്നും അതിന്റെ ചിത്രമെന്താണെന്നുമുള്ള പൂർണമായ ലിസ്റ്റ് തയ്യാറാക്കുക. ഈ എല്ലാ കാര്യങ്ങളും മർക്കസിൽ കൊണ്ടുവരിക. തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളും കുറച്ചുകാലത്തേക്ക് ഞാൻ എന്റെ കൈയിലെടുക്കുകയാണ്. മസ്ജിദുകളുടെ approval ലിനും മസ്ജിദുകളുടെ പ്ലാനിനും മസ്ജിദുകളുടെ ഫണ്ടുകൾക്കുമെല്ലാം ലണ്ടനിൽ വന്ന് അനുവാദം വാങ്ങുക. തദ്ദേശജമാഅത്തിന് അതിന്റെ അധികാരമേ ഉണ്ടായിരിക്കുന്നതല്ല.

ജർമനി അമീർ സാഹിബ് പറഞ്ഞു: കിഴക്കൻ ജർമനിയിൽ Leipzig,Erfurt എന്നീ രണ്ട് സ്ഥലങ്ങളിൽ രണ്ട് മസ്ജിദുകളുടെ നിർമാണം നടന്നുവരുന്നുണ്ട്. അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ അമീർ സാഹിബ് ജർമനി പറഞ്ഞു: അവിടെ ജമാഅത്ത് ഇല്ലാത്തതിനു തുല്യമാണ്. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: അവിടെ ജമാഅത്തില്ലെങ്കിൽ പിന്നെ മസ്ജിദുകൾ എന്തിനാണ് ഉണ്ടാക്കുന്നത്. അവിടെ മസ്ജിദുകൾ ഉണ്ടാക്കാൻ ഞാൻ പറഞ്ഞിട്ടില്ല. നിങ്ങൾ എന്നോട് അനുവാദം ചോദിച്ചിട്ടുമില്ല. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ജമാഅത്തുകളില്ലാത്ത സ്ഥലങ്ങളിൽ ഇനി മസ്ജിദുകൾ നിർമിക്കേണ്ടതില്ല. നമ്മുടെ ജമാഅത്തുകൾ ഉള്ള സ്ഥലങ്ങൾക്കാണ് ആദ്യ preference നൽകേണ്ടത്. ജമാഅത്തുതന്നെ ഇല്ലെങ്കിൽ അവിടെ മസ്ജിദ് നിർമിക്കുന്നതിന്റെ ഉദ്ദേശ്യമെന്താണ്; പേഗാമികൾ ബർലിനിൽ മസ്ജിദ് നിർമിച്ചതുപോലെ! ഇതേരീതിയിൽ നിങ്ങളും അടയാളമെന്ന നിലയിൽ മസ്ജിദുകൾ നിർമിക്കാൻ ആഗ്രഹിക്കുകയാണോ? അതുകൊണ്ട് എവിടെയാണോ ജമാഅത്തുകളുള്ളത് ആ പ്രദേശങ്ങളിൽ മസ്ജിദ് നിർമിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. കിഴക്കൻ ജർമനിയിൽ മസ്ജിദ് നിർമിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നിറുത്തിവെക്കുക. മസ്ജിദുകളെ സംബന്ധിച്ച് എന്ത് പരിപാടിയാണെങ്കിലും ഇനി ഫണ്ടിന്റെ അവസ്ഥയനുസരിച്ച് ഏതൊരു പ്ലാനാണോ ഉള്ളത് അത് എന്റെയടുത്തുകൊണ്ടുവരിക. എന്ത് ചെയ്യണമെന്നും ചെയ്യേണ്ട എന്നും ഞാൻ സ്വയം തീരുമാനിക്കുന്നതാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: നാഷണൽ ആമിലയുടേയോ ലോക്കൽ ആമിലയുടേയോ ലോക്കൽ അഡ്മിനിസ്ട്രേഷന്റേയോ പക്കൽ മസ്ജിദുകളുടെ ഒരു അധികാരവും ഇനി ഉണ്ടായിരിക്കുകയില്ല. എല്ലാ ഡിമാന്റുകളും എന്റെയടുത്തുകൊണ്ടുവരിക. എന്നോടു പറയുക.

ഇതിനുശേഷം ജാഇദാദ് അഡീഷണൽ സെക്രട്ടറി പറഞ്ഞു: ഫണ്ട് വർധന നമുക്ക് ഒരു പ്രശ്നമായി മുമ്പിൽ വരുന്നുണ്ട്. മസ്ജിദിന്റെ പ്ലാൻ തയ്യാറായി നിർമാണം തുടങ്ങുമ്പോൾ ഇനി മസ്ജിദ് പൂർത്തിയായിക്കൊള്ളുമെന്നുള്ള വിവരം ആളുകൾക്ക് അറിയാൻ കഴിയുന്നു. അതുകൊണ്ട് പണമടക്കുന്നതിൽ മടികാണിക്കുന്നു. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഈ പ്രശ്നങ്ങൾ എന്തായാലും ഉണ്ടാകുകതന്നെ ചെയ്യും. അതിനാൽ നിർമാണപ്രവൃത്തികൾ ആരംഭിക്കുന്നത് ജനങ്ങൾ തങ്ങളുടെ വാഗ്ദാനത്തിന്റെ 90% തന്നതിനുശേഷമായിരിക്കണം. ഇല്ലെങ്കിൽ നിർമാണപ്രവർത്തനം ആരംഭിക്കരുത്.

ഇതിനുശേഷം ആമിലായിലെ ഒരു അംഗം പറഞ്ഞു: ഉപസംഘടനകൾക്ക് ടാർഗറ്റ് നൽകുമ്പോൾ അവയിൽ ഖുദ്ദാമുൽ അഹ്മദിയ്യായുടേയും ലജ്നാ ഇമായില്ലായുടെയും ടാർഗറ്റ് കഴിഞ്ഞവർഷത്തേക്കാൾ pileup ആയിക്കൊണ്ടിരിക്കുന്നു. ഒരു മില്യണിൽ അധികം തുക വന്നുകൊണ്ടിരിക്കുന്നുണ്ട്. പക്ഷേ, അൻസ്വാറുല്ലായുടേത് കുറവാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇത് ഉപസംഘടനകളുടെ generosityഉം favour ഉം ആണ്. അവ രണ്ടും അവർ നിങ്ങൾക്ക് നൽകുകയാണ്. അവർ ഉത്തരവാദികളല്ല. മസ്ജിദുകൾ നിർമിക്കുന്നതിന് ജമാഅത്താണ് ഉത്തരവാദപ്പെട്ടവർ. ഞാൻ ഉപസംഘടനകൾക്ക് ടാർഗറ്റ് നൽകിയത് നിങ്ങളെ സഹായിക്കുക എന്നു പറഞ്ഞുകൊണ്ടാണ്. ഇല്ലെങ്കിൽ മസ്ജിദുകൾ നിർമിക്കുന്നതിന് ഫണ്ട് ശേഖരിക്കുക എന്നത് അവരുടെ നിർബന്ധ കടമയല്ല. ഫണ്ട് ശേഖരിക്കുക എന്നത് നിങ്ങളുടെ നിർബന്ധകടമയാണ്. ഖുദ്ദാമുൽ അഹ്മദിയ്യായോടും അൻസ്വാറുല്ലായോടും ലജ്ന ഇമായില്ലായോടും നിങ്ങൾ ഒന്നും നൽകരുതെന്ന് ഞാൻ ഇപ്പോൾ പറഞ്ഞാൽ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും? ഈ ഫണ്ടുകൾ ശേഖരിക്കുക എന്നത് നിങ്ങളുടെ ജോലിയാണ്. മറ്റുള്ളവരുടെമേൽ നിങ്ങൾ ഉത്തരവാദിത്വം ഇടാതിരിക്കുക. സഹായിയാകുക എന്നതിന്റെ അർഥം എല്ലാ ഭാരങ്ങളും അവരിലിടുക എന്നതല്ല. മറ്റുള്ളവരുടെമേൽ ഇടുന്ന ശീലം അവസാനിപ്പിക്കുക എന്നതാണ് നിങ്ങളുടെ ജോലി. ഉപസംഘടനകൾ എത്ര നല്കുന്നുണ്ടോ അത് അവരുടെ ദയയും കാരുണ്യവുമാണ്. അത് നന്ദിയോടുകൂടി സ്വീകരിച്ചുകൊള്ളുക. നിർബന്ധമായും നിങ്ങൾക്ക് തരണമെന്നത് അവരുടെ കടമയല്ല. എവിടെയൊക്കെ മസ്ജിദുകൾ നിർമിക്കണമോ അവിടെയൊക്കെ ഫണ്ടുകൾ ശേഖരിക്കേണ്ടതും നിങ്ങളുടെ കടമയാണ്.

**സെക്രട്ടറി ഉമൂറെ ഖാരിജിയ:**

അതിനുശേഷം സെക്രട്ടറി ഉമൂറെ ഖാരിജിയ തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: ഹുദൂർ അൻവറിന്റെ പര്യടനത്തിനിടയിൽ മസ്ജിദുകളുടെ ഉദ്ഘാടനങ്ങളെ സംബന്ധിച്ച് നടന്നിട്ടുള്ള പ്രവർത്തനങ്ങൾക്ക് പുറമെ ഞങ്ങളുടെ പക്കൽ ഇപ്പോൾ രണ്ട് പ്ലാനുകളാണുള്ളത്. ഒന്ന് മീഡിയകളുമായിട്ടുള്ള ബന്ധമാണ്. ഇപ്പോൾ എല്ലാ ജില്ലയിലും തബ്ലീഗ് വകുപ്പു പ്രസ്കോൺഫറൻസ് നടത്തിവരുന്നു. ഇതുവരെ 65 പ്രസ് കോൺഫറൻസുകൾ നടന്നുകഴിഞ്ഞിരിക്കുന്നു. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇത്രയധികം പ്രസ് കോൺഫറൻസുകൾ നടക്കുന്നുവെന്നത് വളരെ നല്ല കാര്യമാണ്. പക്ഷേ, അതിനുശേഷം അതിന്റെ കൃത്യമായ followup ഉണ്ടാകേണ്ടതാണ്. ഉണ്ടാക്കുന്ന ബന്ധങ്ങൾ നിലനിറുത്തുകയും വേണം. ഒന്ന് രണ്ടിടങ്ങളിൽ നല്ല ബന്ധങ്ങളുണ്ട്. ആ ബന്ധങ്ങൾ വിപുലപ്പെടുത്തേണ്ടതാണ്.

**സെക്രട്ടറി തഅ്ലീമുൽ ഖുർആൻ:**

അതിനുശേഷം സെക്രട്ടറി തഅലീമുൽ ഖുർആൻ അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ പറഞ്ഞു: ഞങ്ങൾക്ലാസുകൾആരംഭിച്ചിരിക്കുന്നു.ഏഴെട്ട്മാസമായി പര്യടനങ്ങളും നടത്തുന്നുണ്ട്. അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ സെക്രട്ടറി തഅ്ലീം പറഞ്ഞു: ഇപ്പോൾ 40 ജമാഅത്തുകളിലും 10 ലോക്കൽ ഇമാറത്തുകളിലും മുടങ്ങാതെ ക്ലാസുകൾ നടക്കുന്നുണ്ട്.

അദ്ദേഹം പറഞ്ഞു: വഖ്ഫെ ആർസിയെ സംബന്ധിച്ച് കർമപരമായ നിലയിൽ ഒരു പണിയും നടക്കുന്നില്ല. ഹുദൂർ പറഞ്ഞു: ഇതുസംബന്ധമായുള്ള ജോലികളും ചെയ്യിക്കുക. മജ്ലിസെ ആമിലായിൽ എത്ര അംഗങ്ങളുണ്ടോ അവരോയും ഖുദ്ദാമുൽ അഹ്മദിയ്യായുടെയും അൻസാറുല്ലായുടെയും ജമാഅത്തിന്റേയും ആമിലാ അംഗങ്ങളോടും ഏറ്റവും ആദ്യം ആമിലായിലെ അംഗങ്ങളാണ് സ്വയം വഖ്ഫെ ആർസി ചെയ്യേണ്ടതെന്ന് പറയുക. നിങ്ങൾക്ക് നാഷണൽ ആമിലായുടെ അംഗങ്ങളുമുണ്ട്. അവരോടും പറയുക. ഇത് വെറുതെ ഇവിടെ ഇരിക്കുന്നതിനുവേണ്ടിയുള്ളതല്ല. ആദ്യം വീട്ടിൽനിന്ന് പണിതുടങ്ങുക. പിന്നീട് ജനങ്ങളിലും അതിന്റെ പ്രതികരണം ഉണ്ടാകുന്നതാണ്. കഴിഞ്ഞ രണ്ട് വർഷങ്ങളിൽ എത്ര പ്രസിഡണ്ടുമാരാണ് വഖ്ഫെ ആർസി ചെയ്തത്. എത്ര ആമിലാ മെമ്പർമാരാണ് വഖ്ഫെ ആർസി ചെയ്തത്. നിങ്ങൾ സ്വയം ചെയ്യുന്നില്ലെങ്കിൽ മറ്റുള്ളവർ എങ്ങനെയാണ് ചെയ്യുക!

**സെക്രട്ടറി ഇശാഅത്ത്:**

അതുകഴിഞ്ഞ് സെക്രട്ടറി ഇശാഅത്ത് റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് നടപ്പുവർഷം 15 ഗ്രന്ഥങ്ങൾ അച്ചടിച്ചതായി പറഞ്ഞു. ഇതിൽ വിശുദ്ധഖുർആൻ ജർമൻ തർജമ, നമസ്കാരം തർജമ, വഖ്ഫെനൗവിന്റെ സിലബസ്, കശ്തീയെനൂഹ്, ഇസ്ലാമി ഉസൂൽ കി ഫലാസഫി, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഗ്രന്ഥങ്ങളുടെ തർജമയുമുണ്ട്.

**നാഷണൽ അമീൻ:**

തന്റെ ജോലി വിവിധ വകുപ്പുകൾക്ക് ക്യാഷ് സംഘടിപ്പിച്ചുകൊടുക്കുക എന്നതാണെന്ന് നാഷണൽ അമീൻ പറഞ്ഞു. ജമാഅത്തുകളിൽനിന്നു വരുന്ന ആഭരണങ്ങളുടെ disposal ചെയ്യുന്നു. മാൽ വകുപ്പിൽനിന്ന് വരുന്ന വൗച്ചറുകളനുസരിച്ച് പണം അടയ്ക്കുകയും ചെയ്യുന്നു.

EDITOR
H.Shamsuddin
Sub Editor Mohammad Ismail
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 05 October 2017 Issue-40

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

**നാഷണൽ സെക്രട്ടറി സൻഅത്ത് വ തിജാറാത്ത്:**

നാഷണൽ സെക്രട്ടറി സൻഅത്ത് വ തിജാറാത്ത് തന്റെ വകുപ്പിന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് താൻ ബിസിനസുകാരായിട്ടുള്ളവരുടെ ഡാറ്റാ അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞു. അതിനുശേഷം ഒരു പുതിയ ഡയറക്ടറി ഇറക്കേണ്ടതാണ്. അത് ജൽസാസാലാനയുടെ അവസരത്തിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. ഇതിനു പുറമെ info സെമിനാറുകൾ സംഘടിപ്പിക്കാനും പ്ലാനിംഗുണ്ട്.

പുതിയതായി അസൈലം സീക്കേർസ് വന്നുകൊണ്ടിരിക്കുന്നു. അവർക്ക് ചെറുതും വലുതുമായ ജോലികൾ നൽകുകയോ ട്രെയിനിംഗ് നൽകുകയോ സംബന്ധിച്ച് എന്തെങ്കിലും ജോലി നടക്കുന്നുണ്ടോ എന്ന് അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ സെക്രട്ടറി പറഞ്ഞു: ഞങ്ങൾ പ്ലാനിംഗ് ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. സൻഅത്ത് വ തിജാറാത്തിന്റെ ലോക്കൽ സെക്രട്ടറിമാരോടൊപ്പം ചേർന്നുകൊണ്ട് ലോക്കൽ സൺണ്ടേ മാർക്കറ്റുകളിൽ ആളുകളെ അയക്കാറുണ്ട്. അപ്പോൾ ഹുദൂർ പറഞ്ഞു: അതിൽ എന്തെങ്കിലും പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്; വെറും പ്ലാനിംഗ് കൊണ്ടുമാത്രം ഇരുന്നാൽപോരാ.

**എക്സ്റ്റേണൽ ഓഡിറ്റർ:**

എക്സ്റ്റേണൽ ഓഡിറ്റർ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് താൻ അൻസ്വാറുല്ലാഹ്, ലജ്ന ഇമായില്ലാഹ് എന്നിവരുടേയും ജമാഅത്തിന്റേയും ഓഡിറ്റ് റിപ്പോർട്ട് കേന്ദ്രത്തിലേക്ക് അയച്ചുകഴിഞ്ഞിരിക്കുന്നുവെന്ന് സെക്രട്ടറി പറഞ്ഞു. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: ശരി.

**മുഹാസിബ് വകുപ്പ്:**

തന്റെ വകുപ്പിന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് താൻ വരവും ചെലവും ഉൾപ്പെടേയുള്ള മസാന്തരി പ്പോർട്ടുകൾ തയ്യാറാക്കുന്നുവെന്ന് മുഹാസിബ് പറഞ്ഞു.

അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ പറഞ്ഞു: ഫീൽഡിൽനിന്ന് അല്ലെങ്കിൽ വിവിധ വകുപ്പുകളിൽനിന്ന് വൗച്ചറുകൾ വരുന്നുണ്ട്. അവയിൽ ആദ്യം വകുപ്പുകളുടെ സെക്രട്ടറിമാർ ഒപ്പുവെക്കുന്നു. അതുകഴിഞ്ഞ് ഈ വൗച്ചറുകൾ മാലിന്റെ വകുപ്പിൽ പോകുന്നു. അവയിൽ മാൽ സെക്രട്ടറി ഒപ്പുവെക്കുന്നു. പിന്നീട് ആ വൗച്ചറുകളുടെമേൽ അമീർ സാഹിബ് അല്ലെങ്കിൽ മിഷണറി ഇൻചാർജ് സാഹിബ് ഒപ്പുവെക്കുന്നു. അതിനുശേഷം ഈ വൗച്ചറുകൾ നമ്മുടെ പക്കൽ പേമെന്റിനോ അക്കൗണ്ടിംഗിനുവേണ്ടിയോ വരുന്നു. അപ്പോൾ ഹുദൂർ പറഞ്ഞു: ഇത് അമീർ സാഹിബ് തന്നെ ഒപ്പുവെക്കേണ്ടതാണ്. എല്ലാ വൗച്ചറുകളിലും അമീർ സാഹിബിന്റെ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടാകേണ്ടതാണ്. നാഇബ് അമീറിന്റേതല്ല.

**തർബിയ്യത്ത് വകുപ്പ് നൗ മുബായീൻ:**

അമീറുൽ മുഅ്മിനീൻ ചോദിച്ചു, ഈ വർഷം 126 ബയ്അത്തുകൾ ഉണ്ടായി. ഇപ്രകാരം കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഉണ്ടായ ബയ്അത്തുകൾ. ഈ നൗ മുബായീനെ(പുതിയതായി ബയ്അത്തു ചെയ്തവരെ main stream ആക്കുന്നതിന് നിങ്ങൾ എന്താണ് ചെയ്തത്? അവരിൽ എത്ര പേരുമായി സ്ഥിരമായ ബന്ധമുണ്ട്? തന്റെ പക്കൽ സ്ത്രീകൾ പുതിയതായി ബയ്അത്തു ചെയ്യുന്നവരുമായി ബന്ധം വെക്കുന്നതു സംബന്ധിച്ച് റിപ്പോർട്ടുകളൊന്നുമില്ലെന്ന് ഒരു സെക്രട്ടറി പറഞ്ഞു. പക്ഷേ പുരുഷന്മാരിൽ കഴിഞ്ഞവർഷം പുതിയതായി ബയ്അത്ത് ചെയ്ത 59 അറേബ്യക്കാരുമായി ബന്ധമുണ്ട്. ഞങ്ങൾ ഇവിടെ അറേബ്യൻ ഡസ്ക്ക് ഉണ്ടാക്കിയിട്ടുണ്ട്. അതിന്റെ ഇൻചാർജ് ഹഫീളുല്ലാഹ് ബർവാന സാഹിബാണ്. അദ്ദേഹമാണ് എനിക്ക് റിപ്പോർട്ട് അയച്ചുതരുന്നത്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: നിങ്ങൾക്ക് സ്ത്രീകളെക്കുറിച്ചും അറിവുണ്ടായിരിക്കേണ്ടതാണ്. എത്ര സ്ത്രീകളുമായി ബന്ധമുണ്ടെന്നും എത്രപേരുമായി ബന്ധമില്ലെന്നുമുള്ള റിപ്പോർട്ട് നിങ്ങൾ ലജ്നയിൽനിന്ന് വാങ്ങുക. നിങ്ങളുടെയടുത്ത് റിപ്പോർട്ടില്ലെങ്കിൽ നിങ്ങൾക്ക് എങ്ങനെയാണ് അവരെ ജമാഅത്ത് വ്യവസ്ഥിതിയുമായി ബന്ധപ്പെടുത്താൻ കഴിയുക. നൗമുബായീനായ പുരുഷന്മാരുടേയും സ്ത്രീകളുടേയും ശിക്ഷണപരമായ ഉത്തരവാദിത്വം നിങ്ങളുടേതാണ്. ഈ പുതിയ വിശ്വാസികളുടെ തർബിയ്യത്തിനുവേണ്ടി എന്തെങ്കിലും പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ നിങ്ങൾ ഈ പ്ലാൻ ലജ്നക്കും നൽകേണ്ടതാണ്; അവരേയും ആ പ്ലാൻ അനുസരിച്ച് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി. ഈ പ്ലാൻ നിങ്ങൾ അവർക്ക് നൽകുകയാണെങ്കിൽ അതനുസരിച്ചുള്ള പ്രവർത്തനം ലജ്നയിൽനിന്നുണ്ടാകുന്നതാണ്.

ഏതെല്ലാം ജമാഅത്തിലാണോ പുതുവിശ്വാസികളുള്ളത് അവിടെ താങ്കൾതന്നെയും പര്യടനം നടത്തേണ്ടതാണ്. അവരുമായി വ്യക്തിപരമായ ബന്ധമുണ്ടോ. സെക്രട്ടറി സാഹിബ് പറഞ്ഞു: ചില ജമാഅത്തുകളിൽ പര്യടനം നടത്തിയിട്ടുണ്ട്. അപ്പോൾ ഹുദൂർ പറഞ്ഞു: താങ്കൾ ഭൂരിഭാഗം ജമാഅത്തുകളിലും പര്യടനം നടത്തേണ്ടതാണ്. പുതുവിശ്വാസികളെ വ്യക്തിപരമായ നിലയിൽ കണ്ട് അവരുമായി പരിചയമുണ്ടാക്കേണ്ടതാണ്. താങ്കൾ അവരുടെ തർബിയത്ത് സെക്രട്ടറിയാണെന്നുള്ള അറിവ് പുതുവിശ്വാസികൾക്ക് ഉണ്ടായിരിക്കണം; അവർക്ക് എന്തെങ്കിലും പ്രശ്നങ്ങൾ നേരിട്ടാൽ താങ്കളുമായി ബന്ധപ്പെടുന്നതിനുവേണ്ടി! ഇപ്രകാരംതന്നെ തദ്ദേശതലത്തിലും വിവിധ ജമാഅത്തുകളിൽ പുതുവിശ്വാസികൾക്ക് തങ്ങളുടെ ജമാഅത്തിന്റെ 'സെക്രട്ടറി നൗ മുബാഈനെ' കുറിച്ച് അറിവുണ്ടായിരിക്കേണ്ടതാണ്. പക്ഷേ, ജമാഅത്തുകളുടെ സെക്രട്ടറിമാരെമാത്രം ആശ്രയിച്ച് നിൽക്കരുത്. മറിച്ച് താങ്കൾതന്നെയും അവരുമായി സ്ഥിരബന്ധം വെക്കേണ്ടതാണ്. ഈ രീതിയിൽ താങ്കൾക്ക് നല്ലനിലയിൽ തർബിയ്യത്ത് കൊടുക്കാൻ കഴിയും.

അതിനുശേഷം സെക്രട്ടറി തർബിയ്യത്ത് പറഞ്ഞു: അഹ്മദീപെൺകുട്ടികളുമായി വിവാഹം കഴിക്കുന്നതിന് ചില ജർമൻകാർ ബയ്അത്ത് ചെയ്യാറുണ്ട്. വിവാഹം നടക്കുന്നതുവരെ അവർ ബന്ധപ്പെടാറുണ്ട്. പക്ഷേ വിവാഹത്തിനുശേഷം പിന്നാക്കം പോകുന്നു. അത്തരം ആളുകൾക്ക് വിവാഹത്തിന് അനുവാദം നല്കാമോ? അമീറുൽ മുഅ്മിനീൻ പറഞ്ഞു: ചില പ്രത്യേക സാഹചര്യങ്ങളിൽ വിവാഹത്തിന് അനുവാദം കൊടുക്കാറുണ്ട്. പക്ഷേ, ആ അനുവാദം ഞാൻ നേരിട്ടാണ് കൊടുക്കുന്നത്. നിങ്ങളുടെ ജോലി അത്തരക്കാർക്ക് തർബിയ്യത്ത് കൊടുക്കുക എന്നതാണ്. തർബിയ്യത്ത് ജോലി തുടർന്നുകൊണ്ടിരിക്കുക. അവരെ സൂറ ഫാത്തിഹായും ഇസ്‌ലാമിനെക്കുറിച്ചുള്ള അടിസ്ഥാനപരമായ കാര്യങ്ങളും പഠിപ്പിക്കുക. ഇതുപോലെതന്നെ വിവാഹം കഴിഞ്ഞ പെൺകുട്ടികൾക്ക് ലജ്ന മുഖേന ഇത് ഇനി നിങ്ങളുടെ ഉത്തരവാദിത്തവുംകൂടിയാണെന്നുംഅവരെഇസ്‌ലാമിനെക്കുറിച്ച് പഠിപ്പിക്കുകയെന്നും അവരെ ജമാഅത്തിന്റെ ഭാഗമാക്കുകയെന്നും പറഞ്ഞുകൊടുക്കുക.

**ദൃശ്യശ്രാവ്യ വകുപ്പ്(സംഇ ബസ്രി):**

അമീറുൽ മുഅ്മിനീൻ പറഞ്ഞു, ഓർമിക്കുക. സംഈ ബസ്രി വകുപ്പിന് ഒരു പ്രോഗ്രാമും മർക്കസിന്റെ അനുവാദമില്ലാതെ എയർ ചെയ്യാൻ പാടില്ല. ഞാൻ നിങ്ങൾക്ക് എഴുതിയും അയപ്പിച്ചിട്ടുണ്ട്. ആദ്യം മർക്കസിൽനിന്ന്, ഡയറക്ടർ പ്രോഗ്രാമിൽനിന്ന് അനുവാദം വാങ്ങിയതിനുശേഷമേ വെബ്സൈറ്റിലോ മറ്റെവിടെയെങ്കിലുമോ അതിടാൻ പാടുള്ളൂ. പ്രോഗ്രാം നേരിട്ട് എയർചെയ്യാൻ നിങ്ങൾക്കൊരിക്കലും അധികാരമില്ല.

അതിനുശേഷം സെക്രട്ടറി സാഹിബ് തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: അമീറുൽ മുഅ്മിനീന്റെ ജുമുആ ഖുത്ബകളുടെ ജർമൻ തർജമകളുടെ sub-titlingന്റെ ജോലികളും ചെയ്യാൻ ഭാഗ്യം കിട്ടുന്നുണ്ട്. അതിനുവേണ്ടി ഞങ്ങൾ ഒരു സോഫ്റ്റ്‌വെയർ തയ്യാറായിക്കൊണ്ടിരിക്കുന്നു. അത് ഇപ്പോൾ Testing phase ലാണുള്ളത്.

**അഡീഷണൽ സെക്രട്ടറി വഖ്ഫെ നൗ:**

വാഖ്ഫെ നൗവിന്റെ കാര്യയർ പ്ലാനിംഗിന്റേയും കോച്ചിംഗിന്റേയും ഉത്തരവാദിത്വം തന്നിലാണുള്ളതെന്ന് അഡീഷണൽ സെക്രട്ടറി വഖ്ഫെ നൗ പറഞ്ഞു. അതിനെ മൂന്ന് ഭാഗമായി തിരിച്ചിരിക്കുന്നു. ഏഴാം ക്ലാസ് മുതലാണ് ഞങ്ങളത് ആരംഭിക്കുന്നത്. അതിനുശേഷം Real Schule കാരാണ്. അപ്പോൾ ഹുദൂർ പറഞ്ഞു Real Schule കാർ പൊതുവെ വിദ്യാഭ്യാസം ഉപേക്ഷിക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്. നിങ്ങൾ അവരെ നല്ലനിലയിൽ ഗൈഡ് ചെയ്യുകയാണെങ്കിൽ അവർ ജമഅത്തിന് നല്ല മലെ ആയിത്തീരുന്നതാണ്. അപ്പോൾ സെക്രട്ടറി സാഹിബ് പറഞ്ഞു: അതിനുവേണ്ടി ഞങ്ങൾ ഒരു menter system ഉണ്ടാക്കിയിട്ടുണ്ട്. ഒരു യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന 11 മുതൽ 13-ാം ക്ലാസ് വരെയുള്ള അഞ്ച് വിദ്യാർഥികളെ ഗൈഡ് ചെയ്യുന്നതാണ്. അവർക്ക് പേഴ്സണലായി കോച്ചിംഗ് നല്കുന്നതാണ്. അപ്പോൾ ഹുദൂർ പറഞ്ഞു: വളരെ നല്ല കാര്യമാണ്. താങ്കൾ അവരുടെ ടീമുണ്ടാക്കുക. യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നവരിൽ അത്തരം വാഖ്ഫീന്റെ percentage വർധിക്കാൻ തുടങ്ങുന്നതായി ഞാൻ കണ്ടിട്ടുണ്ട്. യൂണിവേഴ്സിറ്റിയിൽ പോകുന്നവരും ഒരു വിഷയത്തിൽ ബാച്ച്ലർ ചെയ്യുന്നതിനുവേണ്ടി പ്രവേശനം നേടുന്നു. രണ്ട് വർഷം പഠിക്കുന്നു. ഫെയിലായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നിട്ട് അവർ പറയുന്നത് തങ്ങൾ വേറെ എന്തെങ്കിലും കാര്യത്തിൽ ഹൈരേവ ചെയ്യാൻ ആഗ്രഹിക്കുന്നു എന്നാണ്. അത്തരം വിദ്യാർഥികളെ menter ആക്കുമ്പോൾ ആരാണോ menter ആക്കുന്നത് അവരും അങ്ങനെതന്നെയായിരിക്കും. അതുകൊണ്ട് ആദ്യം പരിശോധിക്കുക. നിങ്ങൾ യൂണിവേഴ്സിറ്റിയിലെ ആൺകുട്ടികളിൽനിന്ന് കൗൺസിലിംഗിനും കോച്ചിംഗിനുമുള്ള ടീമുണ്ടാക്കുമ്പോൾ നല്ലവണ്ണം അവർ പ്രവർത്തക്കുന്നവരായിരിക്കേണ്ടതാണ്. തന്റെ ഫീൽഡിൽ പൂർണമായ information നൽകാൻ കഴിവുള്ളവരായിരിക്കണം. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇതിനു പുറമെ ഞാൻ പറഞ്ഞിരുന്നു വെളിയിൽനിന്ന് expertായിട്ടുള്ളവരേയും വർഷത്തിൽ ഒന്നുരണ്ട് പ്രാവശ്യം 11ലും 12ലും പഠിക്കുന്ന കുട്ടികൾക്ക് സെമിനാറുകൾ എടുപ്പിക്കേണ്ടതാണ്. അതിൽ ഒരുപക്ഷേ നിങ്ങൾക്ക് പൈസ ചെലവഴിക്കേണ്ടി വരും. ചിലയാളുകൾ ഉണ്ട്. അവർ പ്രതിഫലമൊന്നും കൂടാതേയും കൗൺസിലിംഗ് ചെയ്യാൻ തയ്യാറാകാറുണ്ട്.

അതിനുശേഷം സെക്രട്ടറി സാഹിബ് പറഞ്ഞു നമുക്ക് യൂണിവേഴ്സിറ്റിയിലെ 232 വാഖ്ഫെ നൗ വിദ്യാർഥികളുണ്ട്. അതുകൊണ്ട് വിവിധ series ഉണ്ടാക്കുകയാണ്. വിദ്യാർഥികൾ പരസ്പരം നെറ്റ്‌വർക്കായിത്തീരുന്നതിനും അവർ വിഷയങ്ങളെ സംബന്ധിച്ച് പരസ്പരം ഫലമെടുക്കുന്നതിനും ഇപ്പോൾ 18 series ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ട്.

(തുടരും)

AL ISLAM

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin